282
SEPTEMBER 2020

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# Silence is Violence

Revisiting Philomelas in the Margins

282

**EDITORIAL BOARD**

**Editor**
Dr. A.S. Sumesh

**Special Editor**
Subin Varghese

**Managing Editor**
Dr. K.R. Kavitha

**Assistant Editors**
Dr. Sony John
Dr. N. Renuka

**Members**
Prof. Jogy Alex
Dr. C. Padmanabhan
Dr. M. Sreekumar
Dr. Sheela M. Joseph
Prof. A.G.Oleena
Prof. Pramod Vellachal
Dr. Vidhu Narayan
Dr. Vysakhan Thambi
Shyla Hameed
Dr. Arya Gopi
Dr. Myna Umaiban
Sona P.
Dr. M.R.Rajesh
Abhilash T.
Harinarayanan S.
Subin Varghese
Bineesh E.K.
Dr. Santhosh Kumar Vallikkat
Reeja Jose P
Dr. Seetha Vijayakumar
V H Nishad

*Design* : **Jwala Creatives**
*Cover Courtesy: ANI*

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by **Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

# SEPTEMBER 2020

- *എഡിറ്റോറിയൽ* 3
- *ദുരന്തം വിതയ്ക്കപ്പെട്ട കാർഷികമേഖല*
**ഡോ. സി. പത്മനാഭൻ** 4
- *Silence is Violence*
**Indu Peter** 7
- *മഹാമാരികളും സാഹിത്യവും*
**ഡോ. പ്രദീപ്കുമാർ കെ.** 10
- *മൂന്ന് ചിത്രങ്ങൾ*
**ജെയ്സൺ ജോസ്** 15
- *ചുവന്ന വേനൽ*
**ഉണ്ണികൃഷ്ണൻ കളമുള്ളതിൽ** 19
- *ബാലി (അത്ഭുത) ദ്വീപിലൂടെ*
**ജോയ്സ്കുട്ടി ജോസഫ്** 22
- *LEARN, UNLEARN AND RELEARN*
**Joji Panicker** 33
- *ഓട്ടോക്രാറ്റ്*
**രമേശൻ സി.കെ.വി.** 36
- *Hurdles to Justice*
**Dr. Surabhi Muth S** 37
- *അലൻ ട്യൂറിങ്*
**ഡോ. ഇന്ദുലാൽ ജി.** 38
- *മുറിവ്*
**കല സജീവൻ** 40
- *'മലയാളി മനസ്സിന്റെ അപകേരളീകരണം*
**ഇ.പി. രാജഗോപാലൻ** 41
- *Re/presentation of women in the folklores of Gujarat*
**Dr. Muralikrishnan T.R.** 44
- *വേലയിൽ വിളയുന്ന വിദ്യാഭ്യാസം*
**ഡോ. റീന എ.എം.** 51

# എഡിറ്റോറിയൽ

പല വിധത്തിലും നിശ്ചലമാക്കപ്പെട്ട ലോകം വീണ്ടും ചലിച്ചു തുടങ്ങിയിരിക്കുന്നു. പഴയതിൽ നിന്നും വിഭിന്നമായ ശൈലിയിലും രൂപത്തിലും ജീവിത സമവാക്യങ്ങളെ തിരുത്തി എഴുതാൻ ഒരു രോഗാണുവിന് കഴിഞ്ഞിരിക്കുന്നു. യുദ്ധവും വിപണിയുടെ മത്സരങ്ങളും അതിന്റെ ഇടങ്ങളിൽ സുരക്ഷിതമായിരുന്നു എങ്കിലും ചെറുത്തുനിൽക്കുകയും ജീവിച്ചിരിക്കുകയും ചെയ്യുക എന്നതായി ലോകത്തിന്റെ ആവശ്യവും ആകാംക്ഷയും. സാഹചര്യങ്ങളുടെ പൂർണ്ണതയിൽ അഭിരമിച്ചിരുന്ന ലോകം പക്ഷേ സമരസപ്പെട്ടുകയും അതിജീവനത്തിന്റെ നേരിയ സാധ്യതകളെ പോലും തിരഞ്ഞു പിടിച്ചുകൊണ്ട് പുതിയ ഇടങ്ങളെ അന്വേഷിച്ചു തുടങ്ങുകയും ചെയ്തിരിക്കുന്നു. കോവിഡ് 19 തുറന്നു വച്ച സാധ്യതകളെ/ പരിമിതികളെ ഓരോന്നോയി നാം തിരിച്ചറിയുകയാണ്. പലതും പുതുതായി നിർവ്വചിക്കപ്പെട്ടുകയോ പുനരാഖ്യാനം ചെയ്യപ്പെട്ടുകയോ ആണ്. ഇവിടെയാണ് അനന്തമായ കമ്പോള സാധ്യത തിരിച്ചറിഞ്ഞുകൊണ്ട് സാങ്കേതിക വിദ്യ നാനാതരം പ്രലോഭനങ്ങളിലൂടെ നമ്മളിൽ പ്രവർത്തിച്ച് തുടങ്ങിയിരിക്കുന്നത്. ജൈവികമായ ക്ലാസ് മുറികളുടെ ക്രയശേഷിയെ പ്രതീതി യാഥാർഥ്യത്തിലൂടെ പുനഃ സൃഷ്ടിക്കാനും ഇനി അതാണ് പുതിയ ലോകം എന്ന് വിശ്വസിപ്പിക്കാനും ഇവർക്ക് അനായാസം കഴിഞ്ഞിരിക്കുന്നു. എല്ലാ അർത്ഥത്തിലും സൗകര്യപ്രദമായ ഒരു സ്വകാര്യ ഇടം നമുക്ക് വാഗ്ദാനം ചെയ്തുകൊണ്ട് സംവാദങ്ങളുടെ രീതിശാസ്ത്രത്തെ തന്നെ തകിടം മറിക്കുന്ന കാഴ്ചയാണ് നാം കണ്ട് തുടങ്ങിയിരിക്കുന്നത് . വികേന്ദ്രീകരിക്കുകയും ജനാധിപത്യവൽക്കരിക്കുകയും ചെയ്ത നമ്മുടെ സംവാദങ്ങളുടെ പരിസരങ്ങൾ നമുക്ക് നഷ്ടമായിക്കൂടാ. സംഘടനാ പ്രവർത്തനത്തിലും സാമൂഹിക ഇടപെടലുകളിലും കാലങ്ങളുടെ പ്രവർത്തന മികവ് കൊണ്ട് നാം നേടിയെടുത്തവയൊന്നും നമുക്ക് നഷ്ടപെടുത്താൻ കഴിയില്ല. ഡിജിറ്റൽ നീതിശാസ്ത്രത്തിന്റെ എല്ലാ പരിമിതികളെയും തിരിച്ചറിഞ്ഞു കൊണ്ടാവണം നമ്മുടെ ഡിജിറ്റൽ ക്ലാസ് മുറികൾ രൂപപ്പെടേണ്ടത്. ഉന്നത വിദ്യാഭ്യാസത്തിന്റെ ദിശ മാറുന്ന സമകാലത്ത് അങ്ങേയറ്റം ജാഗരൂകരായിരിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. സമൂഹം നമ്മളിൽ നിന്ന് പ്രതീക്ഷിക്കുന്നതും അത് തന്നെയാണ്.

**എഡിറ്റർ**
collegeteacheredt@gmail.com
9744168522



ഡോ. സി. പത്മനാഭൻ

# ദുരന്തം വിതയ്ക്കപ്പെട്ട കാർഷികമേഖല

പുത്തൻ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ വെമ്പുന്ന ഭരണാധികാരികൾക്ക് ഗാന്ധിജി നൽകിയ ഒരു ഉപദേശമുണ്ട്. കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ദുർബലനും ദരിദ്രനുമായ ഒരു വ്യക്തിയെ മനസ്സിൽ കാണാനും തങ്ങൾ നടപ്പിലാക്കാൻ പോകുന്ന പരിഷ്കാരങ്ങൾ പ്രസ്തുത വ്യക്തിയെ എങ്ങനെ ബാധിക്കും എന്ന് ഭാവനയിൽ കാണാനുമാണ് ഗാന്ധിജി ഭരണാധികാരികളോട് ആവശ്യപ്പെടുന്നത്. ആ വ്യക്തിക്ക് ഇതുകൊണ്ട് എന്തെങ്കിലും നേട്ടം ഉണ്ടാവുമോ? സ്വന്തം ജീവിതത്തെയും ഭാവിയെയും കൂടുതൽ കൈപ്പിടിയിലാക്കി സന്തോഷകരമായ ജീവിതം നയിക്കാൻ പ്രസ്തുത പരിഷ്കാരം അയാളെ സഹായിക്കുമോ? ഇതൊക്കെയാണ് ഭരണാധികാരികൾക്ക് ആത്മപരിശോധനയ്ക്കായി ഗാന്ധിജി നിർദേശിച്ച ചോദ്യങ്ങൾ.

കാൽനൂറ്റാണ്ട് പിന്നിട്ട നവലിബറൽ നയങ്ങൾ ഇന്ത്യയിൽ ആരെയൊക്കെയാണ് ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്ക് തള്ളിവിട്ടത് എന്ന ചോദ്യം ഉയർത്തിയാൽ ഇന്നത്തെ അവസ്ഥയിൽ വ്യക്തമായ ഉത്തരം പറയുക സാധ്യമല്ല. വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ മുതൽ ഇടത്തരം വ്യവസായികൾ വരെ ആ പട്ടികയിൽ പെടും. എന്നാൽ പുത്തൻ സാമ്പത്തിക നയം മനുഷ്യത്വരഹിതമായ അതിന്റെ മുഴുവൻ ക്രൗര്യവും പുറത്തെടുത്ത് തച്ചുതകർത്ത മേഖല ഏതാണ് എന്ന് ചോദിച്ചാൽ അത് ഇന്ത്യയുടെ കാർഷികമേഖല ആണെന്ന് നിസ്സംശയം പറയാൻ സാധിക്കും. അവിടെയാണ് ഗാന്ധിജി ചൂണ്ടിക്കാണിച്ച പരമദരിദ്രർ ഇന്ന് അവരുടെ നിരാലംബമായ ജീവിതം തള്ളിനീക്കുന്നത്. എന്നാൽ തികച്ചും ദൗർഭാഗ്യകരമെന്ന് പറയട്ടെ ഇന്ത്യയുടെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട മൂന്ന് ബില്ലുകൾ പാർലമെന്റിൽ അവതരിപ്പിച്ച് പാസാക്കിയെടുക്കുമ്പോൾ കേന്ദ്ര

സർക്കാരും അതിനെ നയിക്കുന്ന ബിജെപി യും മനസ്സിൽ കണ്ടത് കാർഷികമേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന പരമദരിദ്രരെ അല്ല മറിച്ച് കോർപ്പറേറ്റ് ഭീമന്മാരെയാണ് എന്നതാണ് നമ്മെ ഞെട്ടിക്കുന്ന യാഥാർത്ഥ്യം. അന്താരാഷ്ട്ര ഭീമന്മാർക്ക്  ഉണ്ടാവാൻ പോകുന്ന നേട്ടങ്ങളും അവർക്ക്  ഇന്ത്യയിലെ പരമദരിദ്രരെ ചൂഷണം ചെയ്യാൻ കിട്ടുന്ന പുത്തൻ അവസരങ്ങളും ആണ് കേന്ദ്രസർക്കാർ താല്പര്യപൂർവം  അന്വേഷിക്കുന്നത്. കർഷകരുടേയും അതോടൊപ്പം കാർഷികമേഖലയെ ആശ്രയിച്ച് ജീവിക്കുന്ന കോടിക്കണക്കിന് ഇന്ത്യക്കാരുടെയും ജീവൽപ്രശ്നങ്ങൾ നരേന്ദ്ര മോഡി സർക്കാരിന്റെ പരിഗണനയിൽ വരുന്ന വിഷയമേ അല്ല.

കൃഷി, കാർഷികോല്പന്ന വിപണനം എന്നിവയുമായി ബന്ധപ്പെട്ട മൂന്ന ഓർഡിനൻസുകൾ 2020 ജ്ജൂൺ മാസം പുറപ്പെടുവിച്ചത് മുതൽ രാജ്യത്താകമാനം നിരവധി കർഷക പ്രക്ഷോഭങ്ങൾ അരങ്ങേറി. എന്നാൽ ഈ പ്രക്ഷോഭങ്ങളെ പാടേ അവഗണിച്ചുകൊണ്ട് ഓർഡിനൻസുകൾക്ക് പകരം അവയിലെ വ്യവസ്ഥകൾ സ്ഥിരപ്പെടുത്താൻ ഉതകുന്ന ബില്ലുകൾ തന്നെ കൊണ്ടുവരികയാണ് കേന്ദ്രസർക്കാർ ചെയ്തത്. ഭക്ഷ്യധാന്യങ്ങളെയും ഇതര കാർഷിക ഉത്പന്നങ്ങളെയും അവശ്യവസ്തുക്കളുടെ പട്ടികയിൽ നിന്നും മാറ്റി അവ സംഭരിച്ചുവെയ്ക്കുന്നതിനുള്ള പരിധി എടുത്തുകളയുന്ന വ്യവസ്ഥയാണ് ഈ ബില്ലുകളിലെ ഏറ്റവും പ്രതിലോമകരമായ വ്യവസ്ഥ. അതോടൊപ്പം കരാർ കൃഷിക്ക് നിയമപരമായ പരിരക്ഷ ഉറപ്പാക്കുകയും കൃഷിയുമായി ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സവിശേഷ അധികാരങ്ങൾ എടുത്തുകളയുകയും ചെയ്തു പ്രസ്തുത ബില്ലുകൾ. പൂഴ്ത്തിവെയ്പ്പ്, കരിഞ്ചന്ത, എന്നിവയ്ക്ക് നിയമപരിരക്ഷ ഉറപ്പാക്കുകയും അതുവഴി വൻകിട കച്ചവടക്കാർക്കും കോർപ്പറേറ്റ് ഭീമന്മാർക്കും കർഷകരെ നിർബാധം ചൂഷണം ചെയ്യാനുള്ള അവസരം ഒരുക്കുകയും ചെയ്യുക എന്നതാണ് ഈ ബില്ലുകളിൽ അടങ്ങിയ വ്യവസ്ഥകളുടെ യഥാർത്ഥ ലക്ഷ്യം. കർഷകർക്ക്  സ്വാതന്ത്ര്യം നൽകുന്ന എന്ന അവകാശവാദം മുന്നിൽ വെച്ചുകൊണ്ട് അവരെ കുത്തകകളുടെ ചൊൽപ്പടിയിലേക്ക് കൊണ്ടുവരാനുതകുന്ന വ്യവസ്ഥകൾക്ക് അംഗീകാരം തേടുക എന്നതായിരുന്നു പദ്ധതി. ഏറെ വിവാദവ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പ്രസ്തുത ബില്ലുകൾ വിശദപരിശോധനയ്ക്കായി സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് വിടാൻ പോലും സർക്കാർ തയ്യാറായില്ല.

കർഷകവിരുദ്ധ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന മേല്പറഞ്ഞ ബില്ലുകൾ പാസാക്കി എടുക്കാൻ കാണിച്ച തിടുക്കവും  അവലംബിച്ച അത്യന്തം ജനാധിപത്യവിരുദ്ധമായ മാർഗവും തികച്ചും അപലപനീയമാണ്. വോട്ടെടുപ്പ് ആവശ്യപ്പെട്ടിട്ടും അത് നിഷേധിച്ചുകൊണ്ട് നിയമനിർമാണ സഭയുടെ ചരിത്രത്തിൽ ഒരു കറുത്ത അധ്യായം തന്നെ രചിച്ചിരിക്കുകയാണ് കേന്ദ്രസർക്കാർ. കൃഷി ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലും അതുവഴി സംസ്ഥാനങ്ങളുടെ അധികാര പരിധിയിലുംപെട്ട വിഷയമായിട്ട് പോലും അതിൽ തികച്ചും ഏകപക്ഷീയമായി മാറ്റങ്ങൾ വരുത്താൻ തയ്യാറായ കേന്ദ്രനയം ഫെഡറൽ തത്വങ്ങളുടെ നഗ്നമായ ലംഘനമാണ്. സർക്കാറിന്റെ യാതൊരു സഹായവും ഇല്ലാതെ സമ്പൂർണ അരക്ഷിതാവസ്ഥ അനുഭവിച്ചിരുന്ന ബ്രിട്ടീഷ് രാജിന്റെ കാലത്തെ ഇന്ത്യൻ കർഷകരുടെ അതിദയനീയമായ അവസ്ഥയിലേക്ക് ആണ് മോഡി സർക്കാർ വർത്തമാനകാല ഇന്ത്യൻ കർഷകരെ തള്ളിവിടുന്നത്. കോർപ്പറേറ്റ് മുതലാളിത്തത്തിന്റെ മറയില്ലാത്ത ചൂഷണത്തിന് ഇനി അവർ ഇരകളാകും. ഉല്പന്നങ്ങൾക്ക്  താങ്ങുവില പ്രഖ്യാപിച്ച് കമ്പോളത്തിൽ കാലാകാലങ്ങളായി ഉണ്ടാകുന്ന വിലവ്യതിയാനങ്ങളിൽ നിന്നും കർഷകരെ രക്ഷിച്ചെടുക്കുന്നതിനും അവർക്ക്  ന്യായമായ ലാഭം ഉറപ്പാക്കി രാജ്യത്തിന്റെ ആകെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി നടപടികൾ സ്വീകരിക്കേണ്ടതിനു പകരം കർഷകരെ കമ്പോളത്തിന്റെ നിർദ്ദയമായ ദംഷ്ട്രകളിലേക്ക് എറിഞ്ഞുകൊടുക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തിരിക്കുന്നത്. ഭക്ഷ്യധാന്യങ്ങൾ കൃഷി ചെയ്തിരുന്ന കർഷകർ കമ്പോളത്തിന്റെ കടുത്ത സമ്മർദ്ദങ്ങൾക്ക് വഴങ്ങി കൂട്ടത്തോടെ നാണ്യവിളകളിലേക്ക് തിരിയാൻ സാദ്ധ്യത ഉണ്ട് എന്ന കാര്യം സാമ്പത്തികവിദഗ്ധർ ഇതിനകം

**കൃഷി, കാർഷികകോല്പന്ന വിപണനം എന്നിവയുമായി ബന്ധപ്പെട്ട മൂന്നു ഓർഡിനൻസുകൾ 2020 ജൂൺ മാസം പുറപ്പെടുവിച്ചത് മുതൽ രാജ്യത്താകമാനം നിരവധി കർഷക പ്രക്ഷോഭങ്ങൾ അരങ്ങേറി. എന്നാൽ ഈ പ്രക്ഷോഭങ്ങളെ പാടേ അവഗണിച്ചുകൊണ്ട് ഓർഡിനൻസുകൾക്ക് പകരം അവയിലെ വ്യവസ്ഥകൾ സ്ഥിരപ്പെടുത്താൻ ഉതകുന്ന ബില്ലുകൾ തന്നെ കൊണ്ടുവരികയാണ് കേന്ദ്രസർക്കാർ ചെയ്തത്.  കരാർ കൃഷിക്ക് നിയമപരമായ പരിരക്ഷ ഉറപ്പാക്കുകയും കൃഷിയുമായി ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സവിശേഷ അധികാരങ്ങൾ എടുത്തുകളയുകയും ചെയ്തു.**



ചൂണ്ടിക്കാണിച്ച് കഴിഞ്ഞു. അതുകൊണ്ടുതന്നെ ഈ ചെയ്തിയുടെ ദൂരവ്യാപകമായ ഭവിഷ്യത്തുകൾ രാജ്യമാകെ അനുഭവിക്കേണ്ടിവരികയും ചെയ്യും.

ആപല്ക്കരമായ നിയമനിർമാണങ്ങൾ വഴി രാജ്യത്തിന്റെ ഭാവിയേയും കർഷകരുടെ ജീവിതത്തേയും കേന്ദ്രസർക്കാർ പന്താടുമ്പോൾ രാജ്യത്തിനാകെ മാതൃകയാവുകയാണ് കേരളം. നെൽവയലുകൾ സംരക്ഷിക്കാൻ ഉതകുന്ന നിയമം കേരളത്തിൽ നേരത്തെ തന്നെ ഉണ്ട്. നെല്ലിന് പുറമേ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത പതിനാറോളം പച്ചക്കറി ഇനങ്ങൾക്കാണ് കേരളം ഇപ്പോൾ തറവില പ്രഖ്യാപിച്ചത്. വിപണിയുടെ അസ്ഥിരതകളിൽ നിന്നും കർഷകരെ മോചിപ്പിച്ച് അവർക്ക് ആത്മവിശ്വാസവും സുരക്ഷിതമായ ഉപജീവനമാർഗവും നല്കാൻ ഇതുവഴി സാധിക്കും. കേന്ദ്രസർക്കാരിന്റെ മനുഷ്യത്വരഹിതമായ തീരുമാനങ്ങളാൽ ഗാന്ധിജി വീണ്ടും വീണ്ടും വധിക്കപ്പെടുമ്പോൾ രാഷ്ട്രപിതാവിന്റെ കാഴ്ചപ്പാടുകൾ പ്രവർത്തിപഥത്തിലേക്ക് കൊണ്ടുവരുന്ന സംസ്ഥാനമായി കേരളം മാറുന്നു എന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം.

വീഡിയോ കാണുവാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.




# Silence is Violence

## Revisiting Philomelas in the Margins

*"her speechless lips could tell no tale of what was done"*
(Ovid 139)

**Indu Peter**
KE College, Mannanam



Patriarchy has been using sexual violence as a means to oppress the lower class people and therein reinforce the caste, gender and class hierarchies in India from time immemorial. Ironically, inspite of the hollow uproars of *Beti Bachao, Beti Padhao* – Save the Daughter, Educate the Daughter, the state and state machineries have failed to curb the increasing crimes against the women in the country. The recent reports state that a woman is raped in every 15 minutes in India and that four Dalit women are raped every day in India. These numbers are abysmal and alarming. The gruesome plight of the nineteen year old Dalit teen-age girl who was raped and muti-lated by four savarna thakurs drunk on caste privileges in Hathras, Uttar Pradesh is the latest in the spate of brutal rapes and assaults against women.




The Hathras rape victim was cutting grass in the fields with her family when she was dragged by her dupatta and gang raped by the four upper class men. Later the mother of the victim had discovered her vandalized body- eyes bulging, tongue cut, spine damaged and vagina bleeding. Parallels are drawn with the 2012 Nirbhaya gang rape. But the horrors didn't stop there, once the victim succumbed to death after fighting for her life in vain for about two weeks, the police forcibly cremated the body of the victim without allowing even the parents and family to be a part of the cremation, as casually as throwing the carcass of an animal on a pyre without allowing the family to perform any proper funeral rites. Even in death, her body was thus violated and desecrated by the district administration and police who are alleged to be hand in glove with the savarna culprits.

The body of the Dalit girl was dually violated- firstly the brutal rape in itself and in addition, she was doubly raped when her tongue was cut off in an attempt to cover up the callous crime. Besides the grisly transgression on her body, the tyrannical patriarchy also attempted to deprive her of the language or voice with which to verbalize the horrid reality she went through. Rape normally ensues a silencing, to be raped is often equivalent to being bared of voice as can be seen in the myriad rape cases across the world. But, in the Hathras case, the literal severing of her tongue makes it even more horrendous. The violence against her Voice is as hideous as the violence against her body or even more horrific as with the latter, they had denied her the right to relay her story thus throwing her down an abyss of eternal silence.

The oppressive patriarchal discourses have been trying to disempower and take away the agency of a woman using sexual violence and repression of her speech ever since the antique times. Similar archetypes of male domination can be seen in Ovid's *Metamorphoses, Book VI*, where Tereus rapes and stifles the voice of Philomela by cutting off her tongue. In Latin the word *lingua* refers both to the physical body part as well as to the totality of language. Thus when the patriarchy attempts to cut off their tongues, they are not only depriving the Philomelas of their innocence but also of the one weapon that men fear in women: the tongue and the sharp speech that it brings forth. By severing off the tongues of the innocent victims, their responses are delimited to the intra-psychic realm where it transforms into shame and self-doubt thereby accentuating their trauma.

Philomela is an icon of the suppression of women because her myth links a woman's violation with silence and subjugation. According to Greek mythology, King Tereus, conceives a passion for his wife's sister, Philomela, whom he has agreed to escort from her kingdom to his. Tereus rapes the maiden on the journey and cuts out her tongue so that she cannot report his crimes, hid her and told Procne that her sister was dead. Philomela weaves her anguish into a tapestry that her sister, Procne, decodes. Procne takes revenge by killing the son whom she has with Tereus and serving him to his father for dinner. Learning the truth, Tereus chases the women and tries to kill them. But before he can catch them, the gods transform them into birds. Tereus becomes a hoopoe, while Philomela becomes a night-



*Tereus Severing Philomela's Tongue*

ingale and Procne a swallow. Philomela thus emerges a victim and a victor in the tale with her efforts to resist oppression and through her ultimate metamorphosis despite undergoing violence and strangulation of voice.

But unfortunately, unlike Philomela, the rape victim in Hathras is denied the justice and social agency to fight against her perpetrators, owing to her double marginalization as Dalit woman. In a society where sexual violence against women is normalized, the violence against Dalit women are often met with silence and impunity. The subaltern is denied of the voice and thus cannot speak and even if they dare to speak, the hue and cry fall on deaf ears and are thus never heard.

As a consequence of an endemic imbalance in social and political grounds Dalit women experience extensive gender and caste inequity and violence and are othered all their lives. Being at the nadir of India's caste, class and gender hierarchies, Dalit women have always been at the receiving end of different kinds of discriminations, physical and sexual assault, verbal abuse, rape, sexual exploitation, forced prostitution, abduction and forced incarceration all through Indian history. In most cases they endure the sexual violence on account of the stigma and shame associated with it. Even when we see Hathras rape case shocking the conscience of humanity, it is alarming to note that state and its machinery is apathetic towards the grotesque incident and is in an attempt to deny the grim reality.

In an India where the ones in power hobnob with the culprits owing to their caste and class supremacy and thwart the whistleblowers and the main stream media, where the lower caste women are denied access to justice akin to how Tereus severed the tongue of Philomela, where anyone who choose to stand in their way are burnt down mercilessly, silence is not golden on the contrary, it is the greatest tool of violence. Justice can prevail only if we, the society which have been rendered silent find our voices and break our silence and empower the poor rape victims who are prey to decadent caste and gender politics. Instead of burning candles to honour the wronged victims let's be Procnes who with our words and deeds eliminate the discriminatory caste and gender system and feed the corpse of which to the dehumanizing class structures. Only then can we have our final victory against the systemic violence of the gender and caste based and biased patriarchy thereby ensuring that there won't be any more Philomelas in the margins.

In a country where tongues are cut off literally and metaphorically, we can't afford to remain inert forever. It is high time we reclaim the voice which was hitherto denied to us. It is the unkept promises of our Constitution that got burnt down to ashes on the funeral pyre of the Hathras rape victim. These ashes should ignite our minds and enable us to open up our voices against the atrocities and injustices of the society. We have to be the voice of the umpteen voiceless victims who were persecuted and denied the metamorphosis into beautiful nightingales who are free and fearless. With us by their side, as their voices, if not nightingales who sing gay songs of liberty and justice let them rise from their ashes as phoenixes to a Tagorian world of freedom for evermore.

*"Where the mind is without fear and the head is held high;*

*Where knowledge is free;*

*Where the world has not been broken up into fragments by narrow domestic walls;*

*Where words come out from the depth of truth;*

*Where tireless striving stretches its arms towards perfection;*

*Where the clear stream of reason has not lost its way into the dreary desert sand of dead habit;*

*Where the mind is led forward by thee into ever-widening thought and action*

*Into that heaven of freedom, my Father, let my country awake."*

# മഹാമാരികളും സാഹിത്യവും

**ഡോ. പ്രദീപ്കുമാർ കെ.**
ശ്രീവ്യാസാ എൻഎസ്എസ്
കോളേജ്, വടക്കാഞ്ചേരി



മഹാമാരികളും കെടുതികളും ജീവിതത്തെയാകെ പിടിച്ചുകുലുക്കുമ്പോൾ ചരിത്രത്തിൽ അതിനുസമാനതകൾ തെരഞ്ഞുപോവുക സാധാരണമാണല്ലോ. ചരിത്രപരമായി സ്മൃതിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ജനസമൂഹത്തിനാകട്ടെ അത്തരമൊരു പ്രക്രിയ അത്ര പരിചിതമോ സുഖകരമോ ആവുകയില്ലതാനും. ഭൂതകാലാനുഭവങ്ങളിൽ നിന്നും കിട്ടുന്ന പാഠങ്ങൾ അതിജീവനത്തിനും പുതിയ പാതകൾ കണ്ടെത്തുന്നതിനും ചെയ്യുന്ന സംഭാവനകൾ അമൂല്യമായിരിക്കും. ചരിത്രം നമുക്ക് മുന്നിൽ അനാവൃതമാകുന്നത് ചരിത്രഗ്രന്ഥങ്ങളിലൂടെ മാത്രമല്ല എന്നും നമുക്കറിയാം. രാഷ്ട്രീയ ചരിത്രത്തിന്റെ രേഖീയമായ ഗതിയേക്കാൾ വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകാൻ കഴിയുക, ചരിത്ര സന്ദർഭങ്ങളെ ആഖ്യാനപ്രക്രിയയിൽ സമർത്ഥമായി നെയ്തുചേർത്ത സാഹിത്യകൃതികൾക്കാണ്. ചരിത്ര മുഹൂർത്തങ്ങളുടെ ഏറ്റവും കൃത്യമായ ചിത്രീകരണം കാണാനാവുക സാഹിത്യകൃതികളിലാണ് എന്ന് അമേരിക്കൻ എഴുത്തുകാരി ആമി ഹാർമൺ പറയുന്നുണ്ട്. മഹാമാരി സാഹിത്യം (Pandimic Literature) എന്ന സംജ്ഞ താരതമ്യേന പുതിയ ഒന്നാണെങ്കിലും മഹാമാരികളെ കേന്ദ്രബിന്ദുവാക്കി രചിക്കപ്പെട്ട കൃതികൾ ലോകസാഹിത്യത്തിൽ സുലഭമായി കാണാം. താൻ ജീവിക്കുന്ന, അങ്ങേയറ്റം വ്യവസ്ഥാരഹിതമായ ലോകത്തെ മനസ്സിലാക്കാനും അതുവഴി ഭയത്തെ കീഴടക്കാനുമുള്ള മനുഷ്യന്റെ ആദിമവും മൗലികവുമായ ചോദന നിലനിൽക്കുന്നിടത്തോളം കാലം ഇത്തരം കൃതികൾ ഉണ്ടാവുകയും വായിക്കപ്പെടുകയും ചെയ്യും.

'ദ പ്ലേഗ്' എന്ന നോവലിൽ ആൽബേർ കാമു പറയുന്നുണ്ട്. മഹാമാരികൾ ലോകത്ത് പ്രത്യ

ക്ഷപ്പെട്ടുകൊണ്ടേയിരിക്കും എന്ന് എല്ലാവർക്കുമറിയാം. എന്നിരുന്നാലും നമ്മുടെ തലക്കുമുകളിൽ അശനിപാതം പോലെ വന്നുവീഴുന്ന ഓരോ മഹാമാരിയെയും അവിശ്വസനീയതയോടെയാണ് നാം സമീപിക്കുന്നത്.

മഹാമാരികൾ എക്കാലവും മനുഷ്യനൊപ്പമുണ്ടായിരുന്നു. അതിനെ സംബന്ധിച്ച ഭീതിയും അവിശ്വസനീയതയും അങ്ങനെത്തന്നെ. ബി.സി. പന്ത്രണ്ടാം ശതകത്തിൽ (തീർച്ചയില്ല) ജീവിച്ചിരുന്ന ഹോമറിന്റെ 'ഇലിയഡ്' മഹാകാവ്യത്തിൽ പ്ലേഗ് എന്ന മാഹാമാരി മനുഷ്യന്റെ പാപത്തിന്റെ ഫലമാണെന്നാണ് പറയുന്നത്. അതു മുതലിങ്ങോട്ട് സാഹിത്യത്തിൽ മഹാമാരി ഒരു പ്രധാന പ്രമേയവും കഥാപാത്രവുമായി കടന്നുവരുന്നുണ്ട്. മഹാമാരികളുടെ കാലത്ത് മനുഷ്യബന്ധങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ, ഭീതി, ആർത്തി തുടങ്ങിയവയെ ശ്രദ്ധാപൂർവ്വം ചിത്രീകരിക്കുക മാത്രമല്ല സാഹിത്യം ചെയ്യുന്നത്. മനുഷ്യജീവിതത്തിലും സംസ്കാരത്തിലും അവ സൃഷ്ടിക്കാൻ പോകുന്ന ആഘാതങ്ങളെ സംബന്ധിച്ച് കൃത്യമായ ഉൾക്കാഴ്ചകളും നമുക്ക് അവ പ്രദാനം ചെയ്യുന്നു. ഗ്രീക്ക് ചരിത്രകാരനായ തൂസിഡൈഡിസ് (460-395 ബിസി) എഴുതിയ 'പെലപ്പൊണേഷ്യൻ യുദ്ധ ചരിത്രത്തിലും', റോമൻ കവി ലുക്രീഷ്യസിന്റെ 'ദെ റേരം നാച്യുറ' എന്ന പദ്യകൃതിയിലും പ്ലേഗിന് പാപികളെയും പാപം ചെയ്യാത്തവരെയും തിരിച്ചറിയാനാവില്ലെന്നും രോഗം ബാധിച്ചവരെല്ലാം മരിച്ചു പോകുമെന്നും പറയുന്നു. മഹാമാരി പുതിയ സാമൂഹ്യക്രമങ്ങൾക്ക് വഴിവെക്കുമെന്ന് അവർ ദീർഘദർശനം ചെയ്യുന്നുണ്ട്.

മദ്ധ്യകാലത്ത് യൂറോപ്പിനൊപ്പം കറുത്ത നാവുകൊണ്ട് നക്കിത്തുടച്ച പ്ലേഗ് എന്ന മഹാമാരിയെക്കുറിച്ച് ഏറ്റവും കൃത്യമായ വിവരണം നൽകുന്നത് ജിയോവന്നി ബൊക്കാച്ചിയോയുടെ ക്ലാസിക് കൃതിയായ ദെകാമറൺ കഥകൾ ആണ്. 1348ൽ ഇറ്റലിയിലെ ഫ്ളോറൻസ് നഗരത്തെയാകെ ബാധിച്ച പ്ലേഗിന്റെ ദുഃഖദുരിതങ്ങളുടെ ആഘാതത്തിൽ




നിന്നും സുഹൃത്തുക്കൾക്കും നാട്ടുകാർക്കും ആശ്വാസം പകരാനാണ് നൂറ് കഥകളുടേതായ സമാഹാരം ബൊക്കാച്ചിയോ രചിക്കുന്നത്. പ്ലേഗിനെ തുടർന്ന് ഫ്ളോറൻസിന്റെ പ്രാന്തപ്രദേശത്തൊരിടത്ത് ക്വാറന്റൈയ്നിൽ ജീവിക്കുന്ന മൂന്ന് യുവാക്കളും ഏഴ് യുവതികളുമടങ്ങുന്ന പത്തുപേർ വൈരസ്യമകറ്റാനായി പത്തു ദിവസങ്ങളിലായി പത്തു കഥകൾ പറയുന്ന രീതിയിലാണ് പുസ്തകത്തിന്റെ ഘടന. കഥകൾക്കു മുന്നോടിയായി എഴുതിയ 'സ്ത്രീകൾക്കായുള്ള ആമുഖത്തിൽ' നാം അതുവരെ ആർജ്ജിച്ച വിജ്ഞാനവും ദീർഘവീക്ഷണവുമെല്ലാം പ്ലേഗിനു മുന്നിൽ നിഷ്ഫലമായെന്നും നിസ്സഹായരായ മനുഷ്യർ പല വിധത്തി


അൽബേർ കാമു

ലാണ് പ്ലേഗിനോട് പ്രതികരിച്ചതെന്നും ബൊക്കാച്ചിയോ പറയുന്നു. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം സ്വാർത്ഥതയിൽ മാത്രം അധിഷ്ഠിതമായി മാറി. മാനവികത അന്യമായി. ഭീതിതമായ ഒരു മഹാമാരി എങ്ങനെയാണ് മനുഷ്യന്റെ എല്ലാ പരിഷ്കൃത പ്രകൃതങ്ങളെയും ഇല്ലാതാക്കി അടിസ്ഥാനപരമായ മൃഗചോദനകളെ പുറത്തുകൊണ്ടു വരുന്നതെന്നത് കൃത്യതയോടെ ബൊക്കാച്ചിയോ നമുക്ക് മുന്നിൽ വരച്ചിടുന്നു.

ഏതാണ്ട് നാനൂറ് വർഷങ്ങൾക്കിപ്പുറം 1722ൽ പ്ലേഗിനെക്കുറിച്ച് നോവലെഴുതിയ ഡാനിയൽ ഡീഫോ ഇതെല്ലാം പ്രമേയമാക്കുന്നുണ്ട്. 1655ൽ ഇംഗ്ലണ്ടിനെ ഗ്രസിച്ച ഭീകരമായ മഹാമാരിയെക്കുറിച്ചാണ് 'എ ജേണൽ ഓഫ് ദ പ്ലേഗ് ഇയർ' എന്ന, ഡീഫോയുടെ നോവൽ.

ആഴത്തിൽ കുഴികളെടുത്ത് മൃതദേഹങ്ങൾ ഒരുമിച്ച് സംസ്കരിക്കുന്നതും രോഗത്തിന്റെ ഉത്ഭവത്തെച്ചൊല്ലിയുള്ള കുറ്റാരോപണങ്ങളും ബലിയാടുകളെ തെരയുന്നതുമെല്ലാം ഡീഫോയുടെ നോവലിൽ കാണാം.


ബൊക്കാച്ചിയോ

(ഇന്ന് നാം സാക്ഷ്യം വഹിക്കുന്ന ദൃശ്യങ്ങളും സാമൂഹ്യാവസ്ഥകളും തന്നെ.) പ്ലേഗ് പടർന്നുപിടിച്ച കാലത്തു ജീവിച്ചിരുന്ന വല്യമ്മാവന്റെ ദിനസരിക്കുറിപ്പുകളിൽ നിന്നാണ് ഏഴുപതിറ്റാണ്ടു മുമ്പു നടന്ന സംഭവങ്ങൾ യഥാർത്ഥമായും കൃത്യതയോടെയും അവതരിപ്പിക്കാനാവശ്യമായ വസ്തുതകളും വിവരണങ്ങളും ഡീഫോക്ക് കിട്ടുന്നത്. ആധുനിക ശാസ്ത്രാഭിമുഖ്യവും യുക്തിബോധവും മഹാമാരികളെക്കുറിച്ചുള്ള കാഴ്ചപ്പാടിലും പ്രതിഫലിക്കുന്നുണ്ട്. ജാക്ക് ലണ്ടൻ എന്ന പ്രഖ്യാതനായ അമേരിക്കൻ എഴുത്തുകാരൻ, 1912ലാണ് സ്കാർലറ്റ് പ്ലേഗ് എന്ന നോവലെഴുതുന്നത്. 'കാടിന്റെ വിളി' എന്ന നോവലിലൂടെ പ്രസിദ്ധനായ ജാക്ക് ലണ്ടൻ പറയുന്നത്, നൂറ് വർഷങ്ങൾക്കിപ്പുറം 2013ൽ ലോകത്തെയാകെ നശിപ്പിക്കുന്ന രോഗത്തെക്കുറിച്ചാണ്. വീണ്ടും 60 വർഷം കഴിഞ്ഞ് 2073ൽ മഹാമാരിയെ അതിജീവിച്ച ജയിംസ് ഹോവാൾഡ് സ്മിത്ത് തിരിഞ്ഞു നോക്കുമ്പോൾ, പകർച്ചവ്യാധി മനുഷ്യന്റെ മാനസിക വ്യാപാരങ്ങളെയും ചോദനകളെയും എങ്ങനെയെല്ലാം മാറ്റിതീർത്തു എന്നതിനെ സംബന്ധിച്ച വിലപ്പെട്ട ഉൾക്കാഴ്ചകൾ അനാവൃതമാകുന്നു. മഹാമാരിക്ക് പ്രതിവിധി കണ്ടുപിടിക്കാൻ ശാസ്ത്രത്തിനു കഴിയും എന്ന വിശ്വാസം പ്രതിഫലിക്കുമ്പോൾ തന്നെ, മുതലാളിത്തത്തിനെതിരായ ശക്ത



മായ വിമർശനവും നോവലിൽ വായിച്ചെടുക്കാം. 1849ൽ പ്ലേഗിന്റെ സംഹാരതാണ്ഡവത്തിനിരയായ ഒറാൻ എന്ന അൾജീരിയൻ നഗരത്തിലെ മനുഷ്യരെക്കുറിച്ച് അസ്തിത്വവാദപരമായ വീക്ഷണത്തോടെ അൽബേർ കാമു എഴുതിയ നോവലാണ് 'ദ പ്ലേഗ്'. മനുഷ്യരുടെ നിസഹായതയും അധികാരികളുടെ നിസംഗ തയും ഭരണസംവിധാനത്തിന്റെ യാന്ത്രികവും രഹസ്യാത്മകവുമായ പ്രവർത്തനരീതിയും നോവലിലെ പ്രധാന പ്രമേയങ്ങളാണ്. കാഫ്കേയുടേതിനു സമാനമായ ദുരന്തബോധവും ജീവിതത്തെ സംബന്ധിച്ച അസംബന്ധമായ ചിന്താഗതിയും തന്നെയാണ് ദ പ്ലേഗിലും മുന്നിട്ടുനിൽക്കുന്നത്. പ്ലേഗ് ഒരു രോഗം മാത്രമായല്ല മനുഷ്യനെ ബാധിക്കുന്നതെന്ന് കാമു നോവലിൽ ചിത്രീകരിക്കുന്നതിന്റെ പൊരുളും മറ്റൊന്നല്ല. എന്നാൽ ദുരന്തങ്ങൾക്കുമുമ്പിൽ ധീരവും ഉദാത്തവുമായ നിലപാടുകൾ സ്വീകരിക്കാൻ മനുഷ്യന് സാധിക്കുമെന്നതിന്റെ ചില നിദർശങ്ങളും നോവലിൽ നാം കാണുന്നുണ്ട്.

പകർച്ചവ്യാധിയുടേയും അത് അനിവാര്യമാക്കുന്ന ഭൗതിക അകലം പാലിക്കലിന്റെയും സൂചനകൾ നൽകുന്ന ആദ്യ നോവലാണ് മേരി ഷെല്ലിയുടെ 'ദ് ലാസ്റ്റ് മാൻ'. 1826ൽ എഴുതപ്പെട്ട ഈ നോവലിന്റെ കഥ ഭാവിയിലാണ് നടക്കുന്നത്. നാടിനെ പിടിച്ചുകുലുക്കിയ മഹാമാരിയിൽ നിന്നും കുറച്ചുപേർ മാത്രം രക്ഷപ്പെടുന്നത് പുതിയ അന്വേഷണങ്ങളിലേക്ക് നയിക്കുന്നു. എഡ്ഗാർ അലൻപോയുടെ 'ദ മാസ്ക് ഓഫ് റെഡ് ഡെത്ത്' പ്ലേഗിനെ വ്യക്തിവൽക്കരിക്കുന്നു. പ്ലേഗല്ല യഥാർത്ഥ വില്ലൻ, മറിച്ച് മനുഷ്യരുടെ മരണഭയമാണ് എന്നും പോ പറയുന്നു. 1630ൽ ഇറ്റലിയിലെ പ്രമുഖ നഗരമായ മിലാനിൽ പരന്ന പ്ലേഗിനെ മുഖ്യപ്രമേയമാക്കി അലസ്സാന്ദ്രോ മനസോണി എഴുതിയ നോവലുകളാണ്, 'ദ ബിട്രോക്ക്ഡ്', 'ഹിസ്റ്ററി ഓഫ് ദ കോളം ഓഫ് ഇൻഫമി' എന്നിവ. ഇരുപത്തൊന്നാം നൂറ്റാണ്ടിലും മഹാമാരി സാഹിത്യത്തിൽ ഈടുറ്റ ചില സംഭാവനകൾ ഉണ്ടായിട്ടുണ്ട്.




എമിലി സെന്റ് ജോൺ മാൻഡൽ എഴുതിയ 'സ്റ്റേഷൻ ഇലവൻ' പന്നിപ്പനി ലോകജനസംഖ്യയുടെ ബഹുഭൂരിപക്ഷത്തെയും കൊന്നൊടുക്കിയതിനുശേഷം അവശേഷിക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളിൽ പര്യടനം നടത്തുന്ന കലാകാരന്മാരുടെയും പാട്ടുകാരുടെയും കഥ പറയുന്നു. ഇന്നു മനുഷ്യർ സ്വയം സൃഷ്ടിച്ച എല്ലാ വേലിക്കെട്ടുകളും അപ്രത്യക്ഷമായിക്കഴിഞ്ഞ ഒരു സമൂഹമാണ് മാൻഡൽ വിഭാവനം ചെയ്യുന്നത്. വിചിത്രമായ ഒരു മഹാമാരി ലോകമാകമാനം പടരുകയും അതു ബാധിച്ചവരെല്ലാം ജീവഛവങ്ങളായി മാറുകയും ചെയ്യുന്ന അസാധാരണ കഥയാണ് ലിംമായുടെ 'സെവറൻസ്' പറയുന്നത്. മുതലാളിത്തത്തിന്റെ സഹജമായ ചൂഷണസ്വഭാവവും ആധുനിക സമൂഹത്തിന്റെ ഉപഭോഗത്വരയുമെല്ലാം രൂക്ഷമായ പരിഹാസത്തിന്റെ കടും ചായക്കൂട്ടുകളിൽ വരച്ചിട്ടിരിക്കുന്നു ഈ നോവലിൽ.

ഷൂസെ സാരമാഗുവിന്റെ 'ബ്ലൈൻഡ്നെസ്' മനുഷ്യനെ അന്ധരാക്കി മാറ്റുന്ന ഒരു പകർച്ച വ്യാധിയെക്കുറിച്ചാണ് പറയുന്നത്. നമുക്ക് ഇതിനകം പരിചിതമായിക്കഴിഞ്ഞ


*ഷൂസെ സാരാമാഗു*

'ക്വാറൻറീൻ' സംവിധാനം, പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ നടക്കുന്ന അഴിമതി, ലൈംഗികാതിക്രമങ്ങൾ തുടങ്ങിയ മനുഷ്യജീവിതത്തിന്റെ കറുത്ത വശങ്ങൾ അനുഭവവേദ്യമാക്കിത്തരുന്ന പകർച്ചവ്യാധി വന്നതുപോലെ അപ്രത്യക്ഷമാകുന്നു. എല്ലാവർക്കും കാഴ്ച തിരിച്ചുകിട്ടുകയും ചെയ്യുന്നു.

യൂറോപ്യൻ മഹാമാരി സാഹിത്യം പ്രധാനമായും പ്ലേഗിനെ കേന്ദ്രീകരിച്ചിരിക്കുന്നുവെങ്കിൽ ഇന്ത്യൻ സാഹിത്യഭാവനയിൽ മായ്ക്കാനാവാത്ത മുദ്ര പതിച്ചിരിക്കുന്നത് വസൂരിയും സ്പാനിഷ് ഫ്ളൂവും ആണ്. 1918ൽ ഇന്ത്യയിലാകെ പടർന്നുപിടിച്ച് ഒന്നേമുക്കാൽ കോടി മനുഷ്യരുടെ ജീവനപഹരിച്ച സ്പാനിഷ് ഫ്ളൂ ബാധിച്ച് സൂര്യകാന്ത് ത്രിപാഠി 'നിരാല'യുടെ പത്നി അന്തരിച്ചു. ഏതാണ്ട് അതേകാലത്താണ് വി.സി. ബാലകൃഷ്ണപണിക്കർ വസൂരി ബാധിച്ച് മരിച്ച ഭാര്യയുടെ വേർപാടിൽ വിലപിക്കുന്ന 'ഒരു വിലാപം' രചിക്കുന്നത്. മഹാമാരിയിലെ വൈയക്തിക നഷ്ടങ്ങളാണ് ആദ്യകാല കൃതികളിൽ അധി




കവും. മഹാകവി ടാഗോറിന്റെ 'പുത്തൻ ഭൃത്യ' വസൂരിയുടെ പശ്ചാത്തലത്തിൽ മനുഷ്യമനസ്സിലേക്ക് എത്തിനോക്കുന്നു. പാകിസ്താനി ഇന്ത്യൻ നോവലിസ്റ്റായ അഹമ്മദ് അലിയുടെ 'ട്വൈലൈറ്റ് ഇൻ ഡൽഹി' സ്പാനിഷ് ഫ്ളൂവിന്റെ



ഭീകരമുഖം അനാവരണം ചെയ്യുന്നു. കീഴാളജീവിതത്തിന്റെ നേരനുഭവങ്ങളും ചൂഷണത്തിനു നേർക്കെഴുതി പ്രതിഷേധത്തിന്റെ കരുത്തുമാണ് കോളറയുടെ പശ്ചാത്തലത്തിൽ എഴുതിയ തകഴിയുടെ 'തോട്ടിയുടെ മകൻ' പറയുന്നത്. പാവങ്ങളെ കൊല്ലുന്നത് രോഗം മാത്രമല്ലെന്ന് നോവൽ നമ്മെ ബോധ്യപ്പെടുത്തുന്നു. കാക്കനാടന്റെ 'വസൂരി'യും രോഗത്തിനപ്പുറം അന്വേഷണതലങ്ങളെ വ്യാപിപ്പിക്കുന്നുണ്ട്. പാപം, മരണം, അസ്തിത്വം, സദാചാരം എന്നീ പ്രമേയങ്ങളും ആധുനികതയ്ക്ക് പ്രിയപ്പെട്ട ബലിബോധവും വസൂരിയിൽ നമുക്ക് വായിക്കാം. എം.ടി.യുടെ 'പള്ളിവാളും കാൽച്ചിലമ്പും' വസൂരിയുടെ കാരണങ്ങളെന്ത് എന്ന ശാസ്ത്രപ്രശ്നം ചർച്ചയാക്കുന്നുണ്ട്. ഒ.വി. വിജയനാകട്ടെ വസൂരിദേവതയെ ഒരേസമയം കാമിക്കുകയും ഭയക്കുകയും ചെയ്യുന്ന പ്രാചീന വഴക്കങ്ങളുടെ മാനസികവ്യാപാരങ്ങളെ ആധുനിക കാലവുമായി ചേർത്തുവക്കുന്നു. രോഗത്തെയും മരണത്തെയും സാമൂഹ്യ യാഥാർത്ഥ്യങ്ങളുടെ പശ്ചാത്തലത്തിൽ പരിശോധിക്കുന്നതിന്റെ കൃതഹസ്തത, യു.ആർ. അനന്തമൂർത്തിയുടെ 'സംസ്കാര'ക്ക് മാത്രം അവകാശപ്പെട്ടതാണെന്ന് പറഞ്ഞാൽ വലിയ അതിശയോക്തിയുണ്ടാകില്ല. ഒരു കാര്യം പറഞ്ഞേ തീരൂ. ഒരു മഹാമാരിയുടെ കരാളരൂപത്തിനു മുന്നിൽ മനുഷ്യരാശിയാകെ സ്തബ്ധരായി നിൽക്കുമ്പോൾ മഹാമാരികളെക്കുറിച്ചും അവയുടെ ആഘാതങ്ങളെക്കുറിച്ചും വലിയ ഉൾക്കാഴ്ച നൽകാൻ കഴിയുക നമ്മുടെ സാഹിത്യത്തിനു തന്നെയാണ്. പിറവി കൊണ്ടവർക്കെല്ലാം ഇരട്ട പൗരത്വമുണ്ടെന്ന് അമേരിക്കൻ എഴുത്തുകാരിയും ചിന്തകയുമായ സൂസൻ സൊൺടാഗ് തന്റെ 'ഇൽനെസ്സ് ആസ് മെറ്റഫർ' എന്ന പുസ്തകത്തിൽ പറയുന്നു. അരോഗികളുടെ നാട്ടിലെ പാസ്പോർട്ടാണ് നമ്മുടെ കയ്യിൽ നാം മുറുകെ പിടിച്ചിരിക്കുന്നതെങ്കിലും മറ്റേ പാസ്പോർട്ടും നമുക്കൊപ്പമുണ്ടെന്ന് മഹാമാരിസാഹിത്യം നമ്മെ ഓർമ്മിപ്പിക്കുന്നു.



# മൂന്ന് ചിത്രങ്ങൾ

കേൾക്കുന്നതിന്
ക്യൂആർ കോഡ്
സ്കാൻ ചെയ്യുക.

**ജെയ്സൺ ജോസ്**
സെന്റ് അലോഷ്യസ് കോളേജ്, തൃശ്ശൂർ



മൂന്നു ചിത്രങ്ങളാണ് അവൾ അയച്ചു തന്നത്.

മൂന്നും അക്രിലിക് ഓൺ പേപ്പർ. മനസ്സിൽ തങ്ങുന്നത്ര ജീവൻ തുളുമ്പുന്ന മനോഹരമായ ചിത്രങ്ങൾ.

ഒന്നാമത്തേതിൽ ഒരു പെൺകുട്ടിയുടെ ചിത്രമാണ് . ഒരു പൊന്തക്കാടിനുള്ളിൽനിന്നു പൊന്ത രണ്ടുകൈകൊണ്ടും വകഞ്ഞുനീക്കി തല നീട്ടി ചിത്രം നോക്കുന്നയാളുടെ കണ്ണുകളിലേക്ക് ഉറ്റു നോക്കുന്ന ഒരു പെൺകുട്ടി. ഇരുണ്ട നിറവും ചുരുണ്ട മുടിയും ഉള്ള ആ കുട്ടി വലിയ നീണ്ട കണ്ണുകൾകൊണ്ടു ശ്രദ്ധ ശ്രൂന്യമായ നോട്ടം നോക്കുന്നത് ആരുടെയായാലും മനസ്സിൽ തങ്ങി നിൽക്കാതിരിക്കില്ല.

രണ്ടാമത്തെ ചിത്രത്തിൽ അരുവിയിൽ മുങ്ങി നിവരുന്ന മറ്റൊരു പെൺകുട്ടിയാണ് . ഇവളും ഇരുണ്ട നിറത്തിലാണ്. നേരിയ



വിഷാദം സ്ഫുരിക്കുന്ന മുഖം പക്ഷെ സുന്ദരമാണ്. ചിത്രത്തിൽ നോക്കുന്നയാളുടെ കണ്ണ് പതിഞ്ഞു നിൽക്കുക ഈറനൊലിക്കുന്ന അവളുടെ തലയിൽ കയറി ഇരിക്കുന്ന വലിയൊരു പച്ചത്തവളയിലാണ് ...

മൂന്നാമത്തെ ചിത്രത്തിലാകട്ടെ അഗ്നിപോലെ അഴകുള്ള വർണ്ണച്ചിറകു നീർത്തി ഇരിക്കുന്ന ഒരു മാലാഖപ്പെൺകുട്ടിയാണ് . പക്ഷെ സാധാരണ ചിത്രങ്ങളിൽ കാണുന്നതുപോലെ ഇളു വെൺമേഘത്തുട്ടുപോലെ വെളുത്ത മാലാഖയല്ല ; മഴമേഘം പോലെ ഇരുണ്ട നിറമുള്ള മാലാഖയാണ്. ഈ മാലാഖയാകട്ടെ മാനം നോക്കി പറക്കുകയല്ല, വിഷാദത്തോടെ താഴേക്കുനോക്കിയിരിക്കുകയാണ്. അവളുടെ പിന്നിൽ താരകങ്ങൾ മുനിഞ്ഞുമിന്നുന്ന ഇരുണ്ട ആകാശം.

ചിത്രങ്ങൾ കണ്ടു ഞെട്ടിയതിലും വലിയ അമ്പരപ്പ് ചിത്രങ്ങളെക്കുറിച്ചുള്ള അവളുടെ വിവരണം വായിച്ചപ്പോഴായിരുന്നു .

inspired by your class എന്നാണ വാട്സാപ്പിൽ അയച്ചു തന്ന ചിത്രങ്ങൾക്ക് അടിക്കുറിപ്പ്.

ഇന്ത്യ വരച്ചാൽ ഓസ്ട്രേലിയയുടെ ഭൂപടം ആകുന്ന അത്രയും ഭീകരമായി ചിത്രകല അറിയുന്ന ഈയുള്ളവൻ ഇത്ര മനോഹരമായ ചിത്രങ്ങൾക്ക് പ്രേരണയായി എന്ന ആരോപണം എനിക്ക് സഹിക്കാനാവുന്നതിലും അധികമായിരുന്നു. അത് കൊണ്ട് തന്നെ ഉടൻ അവളെ ഫോണിൽ വിളിച്ചു.

"ആതിര, വളരെ മനോഹരമായ ചിത്രങ്ങൾ!" ഞാൻ പറഞ്ഞു. ഇവിടെയൊന്നും പഠിക്കേണ്ട കുട്ടിയല്ല, ഫൈൻആർട്സ് കോളജിൽ പഠിക്കേണ്ട ആളാണ്... " എന്ന് അഭിനന്ദിച്ചു ,എന്നിട്ടു നേരെ കാര്യത്തിലേക്കു വന്നു.

"പിന്നെ ഒരു കാര്യം ചോദിക്കട്ടെ , ഞാനെങ്ങനെയാണ് കുട്ടീടെ ചിത്രങ്ങളുടെ പ്രചോദനമായത് ?"

"സാറിന്റെ പോയെട്രി ക്ലാസ് കഴിഞ്ഞപ്പോൾ ഉണ്ടായ ഒരു തോന്നലിൽ ഞാൻ വരച്ച ചിത്രങ്ങൾ ആണ് അത് മൂന്നും "

അതിശയമായിരിക്കുന്നു, എന്റെ ക്ളാസ് കേട്ടിട്ടോ!

രണ്ടാം വർഷ ഡിഗ്രി ക്ലാസ്സിൽ ചൈനീസ് വംശജയായ അമേരിക്കൻ കവയത്രിയുടെ കവിത രണ്ടു ദിവസം മുൻപ് പഠിപ്പിച്ചു കഴിഞ്ഞേയുള്ളു .

ഭൂരിപക്ഷമായ യൂറോപ്യൻ വംശക്കാരെപ്പോലെയുള്ള തൊലിയോ അഴകോ സാമ്പത്തിക നിലയോ ഇല്ലെന്ന് മനസ്സിൽ അപകർഷതാബോധം പേറിനടക്കുന്ന അമേരിക്കയിലേക്ക് കുടിയേറിയ ഒരു ചൈനീസ് കുടുംബത്തിലെ പെൺകുട്ടിയെക്കുറിച്ചാണ് കവിത.

അതിനു ഇങ്ങനെ പ്രചോദിപ്പിക്കാനുള്ള കഴിവുണ്ടോ ? ഞാൻ അതിശയിച്ചു

"സർ ആ കവിത എനിക്ക് വളരെ ഇഷ്ടമായി, കാരണം ഞാനും കറുത്തിട്ടാണല്ലോ." ആതിര ഒട്ടും ശങ്കിക്കാതെ പറഞ്ഞു.

"ആണോ ?" ഞാൻ ചോദിച്ചു.

അവൾ എങ്ങനെ ഇരിക്കും എന്ന് എനിക്ക് അറിയില്ലല്ലോ, കാരണം കഴിഞ്ഞ നാലു മാസമായി പഠിപ്പിക്കുന്ന ആതിരയെയും അവളുടെ ക്ലാസ്സിലെ ഭൂരിപക്ഷം കുട്ടികളെയും ഞാൻ നേരിട്ട് കണ്ടിട്ടേ ഇല്ല. ജൂണിൽ ക്ലാസ് തുടങ്ങുന്നത് തന്നെ ലോക്ഡൗണിൽ ആണല്ലോ.

ഞാൻ ക്ലാസുകൾ അധികവും. വോയിസ് ക്ലിപ്പ് ആയിട്ടാണ് കൊടുക്കുന്നത്.. ഗൂഗിൾ മീറ്റ് പോലെ ലൈവ് ക്ലാസ് വെക്കുമ്പോൾ പലർക്കും അത് നന്നായി കിട്ടുന്നില്ല.. ഡാറ്റ പ്രശ്നം, നെറ്റ്‌വർക്ക് പ്രശ്നം ... ഇനി ഗൂഗിൾ മീറ്റ് വച്ചാൽ തന്നെ കുട്ടികൾ ക്യാമറ ഓഫ് ചെയ്യും. പിന്നെ കാണുന്നതെങ്ങനെ?

ചുരുക്കം പറഞ്ഞാൽ കഴിഞ്ഞ നാലു മാസമായി ഈ കുട്ടികളെയെല്ലാം ശബ്ദം കൊണ്ട് മാത്രമാണ് അറിയുന്നത് എന്ന യാഥാർഥ്യം ആതിര പറയുമ്പോഴാണ് ഞാൻ ശ്രദ്ധിക്കുന്നത് .

"സർ, എനിക്ക് നിറം കുറവാണ എന്നത് മാത്രമല്ല പ്രശ്നം...."

"പിന്നെ?" ഞാൻ ചോദിച്ചു.

"കവിതയിൽ പറയുന്നത് പോലെ എന്റെ വീട്ടിലെ ഏറ്റവും നിറം കുറഞ്ഞതും ഞാൻ തന്നെ...."

അവൾക്കു ഒരു ചേച്ചിയും ഒരു അനുജത്തിയും ഉണ്ടെന്നു കഴിഞ്ഞ തവണ വിളിച്ചപ്പോൾ അവൾ പറഞ്ഞിരുന്നു.

"സർ കവിതയെടുക്കുമ്പോൾ പറഞ്ഞില്ലേ, ചില അമ്മായിമാരെക്കുറിച്ച്. ചടങ്ങുകളിൽ വച്ച് നിറം കുറഞ്ഞ കുട്ടികളെ മാനസികമായി പീഡിപ്പിക്കുന്ന അമ്മായിമാർ...

അതു എന്റെയും അനുഭവമാണ് സർ. ഏതു കല്യാണത്തിന് പോയാലും ഇങ്ങനെ ചില കുഞ്ഞമ്മമാരും അമ്മായിമാരും ഉണ്ടാവും. "ഇതെന്താ ഇവള് മാത്രം ഇങ്ങനെ നെറം ഇല്യാണ്ട് പോയി..!? "എന്ന് ചോദിച്ചു തലയിൽ കൈ വെക്കാൻ! സത്യം പറഞ്ഞാൽ എന്റെ ചിത്രത്തിലെ തലയിൽ തവളയുമായി നിൽക്കുന്ന പെൺകുട്ടിയെപ്പോലെ പല ചടങ്ങുകളിലും അത്രക്ക് വിറങ്ങലിച്ചു നിൽക്കേണ്ടി വന്നിട്ടുണ്ട്, മാഷേ... "

ആതിരയുടെ വാക്കുകളിൽ വെളുപ്പിനോട് ഭ്രമംപൂണ്ട ഒരു സമൂഹത്തിൽ ഇരുണ്ട ചർമവുമായി ജനിക്കേണ്ടിവരുന്ന ഓരോ പെൺകുട്ടിയുടെയും ആത്മരോഷം ഉൾച്ചേർന്നിരുന്നു.

കവിതയിലെ ഒരു ഭാഗം കുറച്ച് നിറം പിടിപ്പിച്ചു വിശദീകരിച്ചത് ഞാനപ്പോൾ ഓർത്തു. ഇതൊക്കെയല്ലേ,അധ്യാപകരുടെ ഓരോ പൊടിക്കൈകൾ ! പക്ഷെ, ഈ കുട്ടി അതിനെ സ്വാനുഭവവുമായി തീവ്രമായി ചേർത്തുവച്ചിരിക്കുകയാണ് .

"അതും പോരാഞ്ഞിട്ട് കഷ്ടകാലത്തിന് ഞാൻ എൻ സി സി യിലും ചേർന്നു . പരേഡിന് പോയി സ്ഥിരമായി വെയിലുകൊണ്ടു ഒള്ള നെറോം പോയി, തനി കാക്കക്കുഞ്ഞായി, സർ!"

എനിക്ക് ചിരി വന്നു. ഫോണിൽ ആയത് ഭാഗ്യം, അല്ലെങ്കിൽ എന്റെ മുഖത്തെ ചിരി ആ കുട്ടി ശ്രദ്ധിച്ചേനെ . (ഓൺലൈൻ ക്ലാസ്സിന്റെ ഗുണങ്ങൾ ഓരോന്നായി ഞാൻ അറിഞ്ഞു വരികയാണല്ലോ!)

ഒന്നോർത്താൽ നേരിൽ കണ്ട് സംസാരിക്കുകയായിരുന്നെങ്കിൽ ഇവളുടെ പ്രായത്തിലുള്ള ഒരു പെൺകുട്ടി അവളുടെ അധ്യാപകന്റെ മുന്നിൽ ഇതുപോലൊരു കാര്യത്തിൽ ഇത്രയും മനസ്സ് തുറക്കുമായിരുന്നോ? സംശയമാണ്.

നാലു മാസം മുൻപ് വേണ്ടാവെറുക്കനെ ഓൺലൈൻ ക്ലാസ് തുടങ്ങിയ കാര്യം ഞാൻ ഓർമിച്ചു- കൊറോണയെയും, ലോക്ക്ഡൗണിനെയും സകലതിനെയും മനസ്സിൽ പ്രാകിക്കൊണ്ട് . ഇത്രയും കാലത്തെ അധ്യാപക ജീവിതത്തിനു ശേഷം പൊടുന്നനെ പരിചയം ഇല്ലാത്ത വേറൊരുരീതിയിൽ പഠിപ്പിക്കേണ്ടിവന്നതിലെ എല്ലാ അമർഷത്തോടും കൂടി .

അതിന്റെ എല്ലാ പരിമിതികൾക്കും അപ്പുറം ഓൺലൈൻ ക്ലാസ് മറ്റു ചില സാധ്യതകൾ മുന്നോട്ടു വക്കുന്നില്ലേ എന്ന് ആതിര എന്നെ ചിന്തിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു.

"സർ , എന്റെ അമ്മയും സാറിന്റെ 'നിറംനോക്കി' അമ്മായിമാരെക്കുറിച്ചുള്ള പരാമർശം വളരെ ഇഷ്ടമായി. ഓരോ ചടങ്ങുകൾക്കും അമ്മയും കുറെ കേക്കണതല്ലേ ഈ നിറമില്ലാത്തകുട്ടി പുരാണം!" ആതിര നിർത്തുന്നില്ല.

"ആതിര ഇതൊക്കെ അമ്മയോട് പറഞ്ഞോ?" ഞാൻ ചോദിച്ചു.

"ഞാൻ പറയേണ്ട കാര്യമൊന്നുമില്ല, അമ്മ നേരിട്ടുകേട്ടതല്ലേ " അവൾ പറഞ്ഞു.

"താൻ ക്ലാസ് അമ്മക്കു കേൾപ്പിക്കുന്നുണ്ടോ?" ഞാൻ നേരിയ ഒരു ആധിയോടെ ചോദിച്ചു. ക്ലാസ്സിൽ തട്ടിവിടുന്ന ബഡായികൾ രക്ഷിതാക്കൾ കേട്ടാൽ എന്ത് തോന്നുമാവോ, ദൈവമേ!

"ഞാൻ കേൾപ്പിക്കുന്നതൊന്നുമല്ല.. 'അമ്മ എന്നും സാറിന്റെ ക്ലാസ് കേള്കുന്നതല്ലേ. ഒരൊറ്റ ദിവസം മുടക്കില്ല. സാറിന്റെ ക്ലാസും പിന്നെ മലയാളം എടുക്കുന്ന സുനിൽ സാറിന്റെ ക്ലാസും 'അമ്മ മുടങ്ങാതെ കേൾക്കും." ആതിര ആവേശത്തോടെ പറഞ്ഞു. പിന്നെ കൂട്ടിച്ചേർത്തു:

'അമ്മ മാത്രമല്ല, സർ. ഇടക്കൊക്കെ അച്ഛനും കേൾക്കാറുണ്ട്. അവർക്കു നല്ല ഇഷ്ടമാണ്. അത് കൊണ്ട് ഞാൻ എന്റെ മൊബൈൽ വീട്ടിലെ സ്പീക്കറിൽ കണക്ട് ചെയ്തിട്ടാണ് ക്ലാസ് കേൾക്കുന്നത്...."

കോളേജിലെ അധ്യയനകാലത്തൊന്നും രക്ഷിതാക്കളുമായി ഇത്രയും അടുപ്പം ഉണ്ടാക്കിയതായി ഓർമയില്ല. അകലങ്ങളും അടുപ്പങ്ങളും തമ്മിലുള്ള അതിർവരമ്പുകൾ പെട്ടെന്ന് അവ്യക്തമാകുന്നതുപോലെ തോന്നി.

കവിതയുടെ അവസാന ഭാഗത്ത് എത്തുമ്പോൾ വംശീയമായ ആത്മബോധം ഉണ്ടാകുന്ന പെൺകുട്ടിയെക്കുറിച്ചു ആതിരയെ ഞാൻ ഓർമിപ്പിച്ചു. സ്വയം സ്വീകരിക്കുമ്പോളാണ് ജീവിതത്തിൽ മുൻപോട്ടു പോകാനുള്ള ഊർജ്ജം കിട്ടുന്നത് എന്ന് പറഞ്ഞു കൊടുത്തു. കറുപ്പിന്റെ ഏഴഴകിനെക്കുറിച്ചു പറഞ്ഞു. 'കറുപ്പുതാൻ എനക്ക് പുടിച്ച കളറ് എന്ന തമിഴ് പാട്ടിന്റെ ഈരടികൾവരെ ഫോണിൽ പാടി കേൾപ്പിച്ചു .



അവളുടെ കലാവാസന തീർച്ച യായും പ്രോത്സാഹിക്കപ്പെടേണ്ട താണെന്ന് എനിക്ക് തോന്നി. അതുകൊണ്ട് ആ പെയിന്റിങ്ങു കൾ അപ്പോൾത്തന്നെ അവളു ടെ ക്ലാസ്സിന്റെ വാട്സ്ആപ് ഗ്രൂ പ്പിൽ ഇട്ടു, മറ്റു കുട്ടികളും കാണട്ടെ. 'ഭാവിയിൽ പേരുകേട്ട ചിത്രകാരി ആകട്ടെ!' എന്ന് ചിത്രങ്ങൾക്ക് താഴെ ആശംസിച്ചു.

ഓൺലൈൻ ക്ലാസിനു ഒരിക്കലും ശരിക്കുള്ള (അതിനു ഫെയ്സ് ടു ഫെയ്സ് ക്ലാസ് എന്നത്രേ പറയാ) ക്ലാസിനു പകരമാവാൻ കഴിയുമായിരിക്കില്ല. എങ്കിലും കോ വിഡാനന്തര കാലത്തു ഇത്തരം ചില ഓൺലൈൻ അനുഭവങ്ങൾ മനസ്സിൽ തങ്ങി നിൽക്കും എന്നുറ പ്പാണ്. ഫോൺ വക്കുമ്പോഴേക്ക് ഓൺലൈൻ ക്ലാസ്സിനെ കുറിച്ച് നാല് മാസം മുൻപ് വിചാരിച്ചിരു ന്ന വലിയ പല കുറവുകളിൽ ചി ലതെങ്കിലും ബ്ലാക്ക് ബോർഡിലെ വാക്കുകളെപ്പോലെ ഞാൻ തുടച്ചുക ളഞ്ഞു കഴിഞ്ഞിരുന്നു.

ഒരു വീഡിയോ കോൾ കൊടു ത്തു ആതിരയെ നേരിൽ കണ്ടാ ലോ എന്ന ഒരു വിചാരം പൊടു ന്നനെ എനിക്കുണ്ടായി. വേണ്ട എന്ന് അപ്പോൾത്തന്നെ തോന്നി. അവൾ അവളുടെ പെയിന്റിങ്ങിലെ മാലാഖക്കുട്ടിയായിത്തന്നെ മനസ്സി ലിരിക്കട്ടെ, മഹാമാരിയൊഴിഞ്ഞു കാലം തെളിഞ്ഞു കലാലയങ്ങൾ തുറക്കുംവരേയ്ക്ക്.




"നാം മരിക്കേണ്ടിവന്നാൽ അത് പന്നികളെപ്പോലെയാകരുത്
നാം മരിക്കേണ്ടതാണെങ്കിൽ  ഓ, നമുക്ക് കുലീനമായി മരിക്കാം,
അങ്ങനെ നമ്മുടെ വിലയേറിയ രക്തം
വ്യർത്ഥമായി ചൊരിയപ്പെടാതിരിക്കട്ടെ"
( ക്ലോഡ് മാക് കേ- ജമൈക്കൻ കവി)

# ചുവന്ന വേനൽ

## ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ

കേൾക്കുന്നതിന് ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

**ഉണ്ണികൃഷ്ണൻ കളമുള്ളതിൽ**
ശ്രീവ്യാസ എൻഎസ്എസ് കോളേജ്,
വടക്കാഞ്ചേരി



വംശീയ വിദ്വേഷത്തെ ഒരു മൂല്യമായി കൊണ്ടു നടക്കുന്ന അമേരിക്കയെന്ന രാഷ്ട്രം വർണ്ണവെറിയുടെ മാത്രം പേരിൽ നിരവധി മനുഷ്യരെ ഇന്നും നിഷ്ഠുരമായി കൊലപ്പെടുത്തുകയും വംശീയ കൊലപാതകത്തിനെതിരായ പ്രക്ഷോഭങ്ങൾ ആ രാജ്യത്ത് പടരുകയും ചെയ്യുന്ന ഈ  സന്ദർഭത്തിൽ അമേരിക്കയുടെ ചരിത്രത്തിലെ സുപ്രധാനമായ മറ്റൊരു വംശീയ വിരുദ്ധ പ്രക്ഷോഭത്തിന്റെ ചരിത്രം അന്വേഷിക്കാനുള്ള ശ്രമമാണ് ഈ ലേഖനം. 1919 മെയ് മാസം മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ രക്തരൂക്ഷിതമായ ഇരുപതോളം വംശീയ കലാപങ്ങളാണ് അമേരിക്കയിൽ അരങ്ങേറിയത്. നൂറുകണക്കിന് ആഫ്രിക്കൻ - അമേരിക്കൻ വംശജരാണ് ഈ കലാപങ്ങളിൽ കൊല ചെയ്യപ്പെട്ടത്. കറുത്ത വർഗ്ഗക്കാരെ ലക്ഷ്യംവെച്ചു കൊണ്ട് നടത്തിയ ഈ കൂട്ടക്കൊലകൾ നടന്ന കാലത്തെ




പൊതുവായി  സൂചിപ്പിക്കുന്നതാണ് 'ചുവന്ന വേനൽ എന്ന പ്രയോഗം. അക്കൂട്ടത്തിൽ ഏറ്റവും രക്തരൂക്ഷിതമായ സംഭവമാണ് എലൈൻ കൂട്ടക്കൊല. അർക്കൻസാസ് ചരിത്രത്തിലെ ഏറ്റവും ഭീകരമായ വംശീയ ഏറ്റുമുട്ടലും അമേരിക്കൻ ഐക്യനാടുകളുടെ ചരിത്രത്തിലെ ഏറ്റവും രക്തരൂക്ഷിതമായ വംശീയ സംഘട്ടനവുമായിരുന്ന എലൈനിൽ നടന്നത്.വെളുത്ത വർഗ്ഗക്കാരുടെ ആധിപത്യത്തിനെ സമ്പൂർണ്ണമായി അംഗീകരിക്കുന്ന ഭരണകൂടത്തിന്റെ സമീപനങ്ങളിലാണ് ഈ കലാപത്തിന്റെ  ആഴമേറിയ വേരുകൾ ഉള്ളതെങ്കിലും, എലൈനിൽ നിലനിന്ന  (ഫിലിപ്സ് കൗണ്ടി) സംഘർഷഭരിതമായ വർഗ്ഗ സംഘർഷങ്ങളും  തൊഴിലാളി യൂണിയനുകളെക്കുറിച്ചുള്ള വർദ്ധിച്ചുവരുന്ന ആശങ്കകളും  കലാപത്തിന് കാരണമായി. പ്രോഗ്രസീവ് ഫാർമേഴ്സ് ആന്റ് ഹൗസ്ഹോൾഡ് യൂണിയന്റെ യോഗത്തെ ഒരു കൂട്ടം വെള്ളക്കാർ ആക്രമിക്കുകയും തുടർന്നു നടന്ന സംഘർഷത്തിൽ

ഒരു വെള്ളക്കാരൻ കൊല്ലപ്പെടുകയും ചെയ്തു.  ഈ സംഭവത്തെക്കുറിച്ചുള്ള വാർത്ത എലൈനിലും പരിസര പ്രദേശങ്ങളിലും പരക്കുകയും വെള്ളക്കാരുടെ നേതൃത്വത്തിൽ ആൾക്കൂട്ട അക്രമത്തിലേക്ക് നീങ്ങുകയും ചെയ്തു.

കൃത്യമായ എണ്ണം അജ്ഞാതമാണെങ്കിലും, വെള്ളക്കാരാൽ കൊല്ലപ്പെട്ട ആഫ്രിക്കൻ അമേരിക്കക്കാരുടെ എണ്ണം നൂറുകണക്കിന് വരും; അഞ്ച് വെള്ളക്കാർക്കും ജീവൻ നഷ്ടപ്പെട്ടു.

1919 സെപ്റ്റംബർ 30 ന് രാത്രിയിൽ,വെള്ളക്കാരായ ഭൂവുടമകളുടെ തോട്ടങ്ങളിൽ കൂട്ടു കൃഷി നടത്തിയിരുന്ന ,ഏകദേശം 200 ആഫ്രിക്കൻ-അമേരിക്കക്കാർ, പുരോഗമന കർഷക യൂണിയന്റെ ആഭിമുഖ്യത്തിൽ

ഹൂപ്പ് സ്പറിലെ (ഫിലിപ്സ് കൗണ്ടി) ഒരു പള്ളിയിൽ യോഗം ചേർന്നു. ഈ പ്രദേശത്തെ തോട്ടങ്ങളിൽ സമ്പൂർണ്ണ ആധിപത്യം പുലർത്തിയിരുന്ന വെള്ളക്കാരായ  തോട്ടം ഉടമകളിൽ നിന്ന് തങ്ങളുടെ പരുത്തി വിളകൾക്ക് മികച്ച വില നേടുക എന്നതായിരുന്നു എലൈൻ പ്രദേശത്തെ കറുത്ത വർഗ്ഗക്കാരായ പാട്ടകൃഷിക്കാർ  നടത്തിയ യോഗത്തിന്റെ ലക്ഷ്യം. വംശീയ വിവേചനംനിയമവിധേയമാക്കിയ ജിം ക്രോ നിയമങ്ങളുടെ പിൻബലത്തോടെ രൂക്ഷമായ രീതിയിലുള്ള വംശീയ വിവേചനത്തിനാണ് കറുത്ത വർഗ്ഗക്കാർ ഇരയായത്.

പരുത്തിക്കൃഷി അടക്കമുള്ള കൃഷികൾക്ക് പണം സ്വരൂപിക്കാനുള്ള ശ്രമത്തിൽ കറുത്ത വർഗ്ഗക്കാരായ പാട്ടകൃഷിക്കാർ പലപ്പോഴും കൊടിയ രീതിയിലുള്ള ചൂഷണത്തിന് വിധേയരായിരുന്നു.

1919 മെയ്  മാസം മുതൽ  വാഷിംഗ്ടൺ ഡിസി ഉൾപ്പെടെ അമേരിക്കയിലെ നിരവധി നഗരങ്ങളിൽ വംശീയ സംഘർഷം ഉണ്ടായി; ചിക്കാഗോ, ഇല്ലിനോയിസ്; നോക്സ്വില്ലെ, ടെന്നസി; ഇൻഡ്യാനപൊ

ളിസ്, ഇന്ത്യാന എന്നീ നഗരങ്ങളിലെല്ലാം അതിക്രൂരമായ വംശീയ പീഡനങ്ങളും കൊലകളുമാണ് നടന്നത്. ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ രാജ്യത്തുടനീളം തൊഴിൽ സംഘർഷങ്ങൾ വർദ്ധിച്ചതോടെ, ഭരണകൂടങ്ങളും മുതലാളിമാരും തൊഴിലാളികളുടെ ആവശ്യങ്ങളെ ക്രൂരമായി അവഗണിച്ചു., ഇടതുപക്ഷ ആശയങ്ങളും തൊഴിലാളി സംഘടനകളുടെ പ്രവർത്തനങ്ങളും അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറയെ തകർക്കുകയാണെന്ന ഭീതി സമ്പന്നരായ വെള്ളക്കാർക്കിടയിൽ വ്യാപകമായിരുന്നു. അങ്ങേയറ്റം സ്ഫോടനാത്മകമായ ഈ സാഹചര്യത്തിലാണ് ഒന്നാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത കറുത്ത വർഗ്ഗക്കാരായ അമേരിക്കൻ സൈനികർ നാട്ടിലേയ്ക്ക് തിരിച്ചെത്തിയത്. ഒന്നാം ലോക മഹായുദ്ധത്തിലെ അമേരിക്കൻ വിജയത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച ഈ മുൻ സൈനികരെ പക്ഷേ വെറുപ്പോടും ഭീതിയോടെയുമാണ് വെള്ളക്കാർ കണ്ടിരുന്നത്. രാഷ്ട്രത്തിന്റെ വിജയത്തിൽ സുപ്രധാനമായ പങ്കുവഹിച്ചു എന്ന അഭിമാനത്തോടെ തലയുയർത്തി നിന്ന ഈ സൈനികർ തങ്ങളുടെ തൊഴിലവസരങ്ങൾ ഇല്ലാതാക്കാനും തങ്ങളെ കീഴടക്കാനും ശ്രമിക്കുമെന്ന ഭയമാണ് വെള്ളക്കാർക്കുണ്ടായിരുന്നത്. അതുകൊണ്ട് തന്നെ രാഷ്ട്രത്തിന്റെ യശസ്സ് ഉയർത്തിയ വീരന്മാരെന്ന പരിഗണ പോലും നല്കാതെ ഈ മുൻ സൈനികർ നിർദ്ദയമായി അപമാനിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്തു.

പുരോഗമന കർഷകരെപ്പോലുള്ള യൂണിയനുകൾ വെളുത്ത വർഗ്ഗക്കാരുടെ ആധിപത്യത്തിനെതിരെ മാത്രമല്ല, മുതലാളിത്തത്തിന്റെ അടിസ്ഥാന ആശയങ്ങൾക്കുമെതിരെ നിശിതമായ വിമർശനങ്ങൾ ഉയർത്തിയിരുന്നു.. ഒന്നാം ലോക മഹായുദ്ധത്തിൽ അമേരിക്ക വിജയികളായെങ്കിലും അമേരിക്കൻ മുതലാളിത്തത്തെ പിന്തുണയ്ക്കുന്നവർ കമ്മ്യൂണിസത്തിൽ അവരുടെ സുരക്ഷയ്ക്ക് ഒരു പുതിയ ഭീഷണി കണ്ടെത്തി. റഷ്യൻ വിപ്ലവത്തിന്റെ വിജയത്തോടെ, അന്താരാഷ്ട്ര കമ്മ്യൂണിസത്തിന്റെ വ്യാപനം തടയുന്നത് വിശ്വസ്തരായ എല്ലാ അമേരിക്കക്കാരുടെയും കടമയായി കാണപ്പെട്ടു. അർക്കൻസാസ് ഗവർണറായിരുന്ന ചാൾസ് ഹിൽമാൻ ബ്രോ, മിസോറിയിലെ സെന്റ് ലൂയിസിൽ നടന്ന ഒരു പൊതുയോഗത്തിൽ , “അമേരിക്കൻ ദേശസ്നേഹത്തിൽ ചുവപ്പ് രാശി പടർന്നിരുന്നില്ല” എന്ന് പ്രഖ്യാപിയ്ക്കുകയുണ്ടായി.യുദ്ധത്തെ എതിർത്ത വിസ്കോൺസിൻ സെനറ്റർ റോബർട്ട് ലഫൊലെറ്റിനെ ബോൾഷെവിക് നേതാവായി വിശേഷിപ്പിക്കപ്പെട്ടു.

ഈ “ ചുവപ്പ് പേടിയുടെ” സമയത്ത്, കാണുന്നതിലെല്ലാം “ബോൾഷെവിസത്തിന്റെ” ഭീഷണി കണ്ടെത്തുകയായിരുന്ന വെള്ളക്കാരായ ഭരണാധികാരികളും രാഷ്ട്രീയ നേതൃത്വവും. ലോകമെമ്പാടുമുള്ള വ്യാവസായിക തൊഴിലാളികളുടെ നേതൃത്വത്തിൽ നടക്കുന്ന തീവ്രമായ തൊഴിലാളി സമരങ്ങളിൽ മാത്രമല്ല, അർക്കൻസാസിലെ പരുത്തി പാടങ്ങളിൽ പോലും.

എലൈനിലെ പള്ളിയിൽ യോഗം ചേർന്ന യൂണിയന്റെ നേതാക്കൾ അവരുടെ എതിരാളികളുടെ ആക്രമണത്തെ പ്രതിരോധിക്കാനും രഹസ്യാന്വേഷണ ശേഖരണം തടസ്സപ്പെടുത്താനുമായി സായുധരായ പോരാളികളെ പള്ളിക്ക് ചുറ്റും നിർത്തിയിരുന്നു. ആരുടെ ഭാഗത്തു നിന്നാണ് ആദ്യം വെടിവെപ്പുണ്ടായതെന്ന കാര്യങ്ങൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമല്ലെങ്കിലും 1919 സെപ്റ്റംബർ 30 ന് രാത്രി പള്ളിക്ക് മുന്നിൽ പള്ളിക്ക് ചുറ്റുമുള്ള സായുധരായ കറുത്ത കാവൽക്കാരും പള്ളിക്ക് മുന്നിൽ വാഹനം പാർക്ക് ചെയ്തിരുന്ന മൂന്ന് വ്യക്തികളും തമ്മിൽ വെടിവയ്പ്പ് നടന്നു എന്നത് വസ്തുതയാണ്. വെടിവെപ്പിൽ, മിസോറി-പസഫിക് റെയിൽറോഡിന്റെ സുരക്ഷാ ഉദ്യോഗസ്ഥനും വെള്ളക്കാരനുമായ ഡബ്ല്യു എ അഡ്കിൻസ് മരണപ്പെടുകയും ഫിലിപ്പ് കൗണ്ടിയിലെ മറ്റൊരു സുരക്ഷാ ഉദ്യോഗസ്ഥനായ ചാൾസ് പ്രാറ്റിന് പരിക്കേൽക്കുകയും ചെയ്തു.

പിറ്റേന്ന് രാവിലെ, വെടിവയ്പിൽ പങ്കുണ്ടെന്ന് സംശയിക്കുന്നവരെ അറസ്റ്റ് ചെയ്യാൻ ഫിലിപ്പ് കൗണ്ടി ഷെരീഫ് ഒരു അന്വേഷണ സംഘത്തെ അയച്ചു. എലൈനിന് ചുറ്റുമുള്ള പ്രദേശത്തെ കറുത്ത വർഗ്ഗക്കാരിൽ നിന്ന് പരിമിതമായ ചെറുത്തുനിൽപ്പ് മാത്രമേ ഈ സംഘത്തിന് നേരിടേണ്ടി വന്നുള്ളൂ. എങ്കിലും ഫിലിപ്പ് കൗണ്ടിയിലെ ഈ പ്രദേശത്തെ, വെള്ളക്കാരെക്കാൾ പതിന്മടങ്ങ് കൂടുതലുള്ള ആഫ്രിക്കൻ അമേരിക്കക്കാരിൽ നിന്നും നേരിടേണ്ടിയാവുന്ന പ്രതിരോധം സംബന്ധിച്ച ആശങ്കകളെത്തുടർന്ന് ആയിരത്തോളം സായുധരായ വെള്ളക്കാർ എലൈനിലേയ്ക്ക് അയക്കപ്പെട്ടു. - അർക്കൻസാസ് കൗണ്ടിയിൽ നിന്നും മാത്രമല്ല മിസിസിപ്പി നദിക്ക് അപ്പുറത്തു നിന്നു പോലും സായുധ പട്ടാളം എലൈനിലേക്ക് എത്തി. എലൈനിലെ കറുത്തവർഗ്ഗക്കാരുടെ നേതൃത്വത്തിൽ വെള്ളക്കാർക്കെതിരെ കലാപം നടക്കുന്നു എന്ന തരത്തിലായിരുന്നു പ്രാദേശിക മാധ്യമങ്ങളിൽ വന്ന പ്രകോപനപരമായ വാർത്തകളും പരക്കെ പ്രചരിക്കപ്പെട്ട ഊഹാപോഹങ്ങളും. ഒക്ടോബർ ഒന്നിന്, കലാപം നേരിടാനായി യുഎസ് സൈനികരെ എലൈനിലേക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിച്ച് ഫിലിപ്പ് കൗണ്ടി അധികൃതർ മൂന്ന് ടെലിഗ്രാമുകൾ ഗവർണറായ ബ്രോയ്ക്ക് അയച്ചു. യുദ്ധമുഖങ്ങളിലടക്കം പ്രവർത്തിച്ചു പരിചയമുള്ള 500 ലധികം സൈനികരെ എലൈനിലേയ്ക്ക് അയച്ചു കൊണ്ടാണ് ഗവർണർ പ്രതികരിച്ചത്.

1919 ഒക്ടോബർ 2 ന് രാവിലെ സൈന്യം എലൈനിൽ എത്തിയ ശേഷം വെള്ളക്കാരായ അക്രമികൾ പ്രദേശം വിട്ട് വീടുകളിലേക്ക് മടങ്ങാൻ തുടങ്ങി. നൂറുകണക്കിന് ആഫ്രിക്കൻ അമേരിക്കക്കാരെ താൽക്കാലിക തടങ്കൽപ്പാളയങ്ങളിലടച്ചു. യൂണിയൻ ശ്രമങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തവർ പോലും പട്ടാളം അറസ്റ്റ് ചെയ്യുകയും കൊലപ്പെടുത്തുകയും ചെയ്തു.

എലൈനിലും പരിസരത്തും നൂറുകണക്കിന് ആഫ്രിക്കൻ അമേരിക്കക്കാരെ വെള്ളക്കാരുടെ



സംഘം കൊലപ്പെടുത്തിയതായി തെളിവുകൾ വ്യക്തമാക്കുന്നു. ഉദാഹരണത്തിന്, കൂട്ടക്കൊലയുടെ സാക്ഷികളിലൊരാളായ എച്ച്.എഫ്. സ്മിഡി 1921-ൽ നല്കിയ മൊഴി ഇങ്ങനെയാണ്: "അവരിൽ നൂറുകണക്കിന് ആളുകൾ നീഗ്രോകളെ വേട്ടയാടാൻ തുടങ്ങി, അവരുടെ അടുത്തെത്തിയപ്പോൾ കറുത്ത വർഗ്ഗക്കാരെ വെടിവച്ചു കൊന്നു.". ക്യാമ്പ് പൈക്കിൽ നിന്നും എലൈനിലെത്തിയ സൈനികരാണ് പിന്നീട് അതിക്രൂരമായ നരനായാട്ടിന് നേതൃത്വം നല്കിയത്.

നൂറു കണക്കിന് ആഫ്രിക്കൻ അമേരിക്കക്കാരെ ക്രൂരമായി കൊലപ്പെടുത്തുകയും ആയിരക്കണക്കിന് വീടുകൾ ചുട്ടു ചാമ്പലാക്കുകയും ചെയ്തു.

കറുത്ത വർഗ്ഗക്കാർ, വെള്ളക്കാർക്കെതിരെ നടത്തിയ കലാപമായാണ് മാധ്യമങ്ങളും ഭരണകൂടവും എലൈൻ കലാപത്തെ ചിത്രീകരിച്ചത്. കൊല ചെയ്യപ്പെട്ട കറുത്ത വർഗ്ഗക്കാരെക്കുറിച്ചും അതിക്രമങ്ങൾക്കിരയായവരെ സംബന്ധിച്ചും പൂർണ്ണമായും തെറ്റായ വിവരങ്ങളാണ് പ്രചരിക്കപ്പെട്ടത്. എലൈൻ സൈനികരുടെ കമാൻഡറായിരുന്ന കേണൽ ഐസക് ജെങ്ക്സ്, യുഎസ് സൈനികരാൽ കൊല ചെയ്യപ്പെട്ട ആഫ്രിക്കൻ അമേരിക്കക്കാരുടെ എണ്ണം രണ്ടെണ്ണം മാത്രമാണെന്ന് രേഖപ്പെടുത്തി. ഇതിനു വിരുദ്ധമായി, 1919 ഒക്ടോബർ 2-ന് മെംഫിസ് പ്രസ്സിന്റെ ലേഖകൻ എഴുതി, "നിരവധി നീഗ്രോകൾ സൈനികരാൽ കൊല്ലപ്പെട്ടതായി റിപ്പോർട്ടുചെയ്യുന്നു...."

അങ്ങേയറ്റം ദയാരഹിതവും പൂർണ്ണമായും പക്ഷപാതപരവുമായ ഇടപെടലുകളാണ് അമേരിക്കൻ നീതിപീഠങ്ങളുടെ ഭാഗത്തു നിന്നും എലൈൻ കലാപത്തിന്റെ കാര്യത്തിൽ ഉണ്ടായത്. ഭരണകൂടത്തിൽ നിർണ്ണായക സ്വാധീനമുള്ള വെള്ളക്കാരുടെ നേതൃത്വത്തിലാണ് കലാപത്തെക്കുറിച്ചുള്ള അന്വേഷണം നടന്നത്. ഭരണത്തിൽ സ്വാധീനമുള്ള തോട്ടക്കാർ, ബിസിനസുകാർ, തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരടങ്ങിയതായിരുന്നു ഈ അന്വേഷണ സംഘം. ഈ അന്വേഷണ സംഘം നല്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 122 കറുത്ത വർഗ്ഗക്കാരുടെ പേരിൽ കുറ്റം ചുമത്തുകയും അക്കൂട്ടത്തിൽ പന്ത്രണ്ടു പേരെ വധശിക്ഷയ്ക്ക് വിധേയമാക്കുകയും ചെയ്തു. കലാപത്തിന്റെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുകയും വിലപ്പെട്ട ജീവനും സ്വത്തും നഷ്ടമാവുകയും ചെയ്ത ആഫ്രിക്കൻ -അമേരിക്കൻ വംശജർ നീതിന്യായ പീഠത്തിനാലും ശിക്ഷിക്കപ്പെട്ടു എന്ന വൈരുധ്യവും എലൈൻ കലാപത്തിന്റെ മറ്റൊരു സവിശേഷതയാണ്.

അമേരിക്കൻ ഐക്യനാടുകളിലെ വർണ്ണവെറിയുടെയും വംശീയ വിദ്വേഷത്തിന്റെയും വർത്തമാനകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ എലൈൻ വംശഹത്യയുടെ സ്മരണകൾ അതീവ പ്രസക്തമാകുന്നു. കറുത്ത വർഗ്ഗക്കാർക്കെതിരായ കൊടിയ അതിക്രമങ്ങളും വംശീയ ഹത്യകളുമെല്ലാം മുഖ്യധാരാ ചരിത്രത്തിൽ തമസ്കരിക്കപ്പെടുകയോ വെള്ളക്കാരുടെ കാഴ്ച്ചപ്പാടിലൂടെ മാത്രം അവതരിപ്പിക്കപ്പെടുകയോ ചെയ്തു. ഇന്നും ആവർത്തിക്കപ്പെടുന്ന വംശീയവെറിയുടെ ആവർത്തനങ്ങൾ ഇതിന്റെ ദൃഷ്ടാന്തങ്ങളായി നിൽക്കുന്നു. ജാതിമർദ്ദനങ്ങളും ആൾക്കൂട്ട കൊലപാതകങ്ങളുമായി ഇന്ത്യൻ സമൂഹത്തിലും പ്രവർത്തിക്കുന്ന അപര വിദ്വേഷത്തിലധിഷ്ഠിതമായ രാഷ്ട്രീയത്തിന്റെ സ്വാഭാവിക പങ്കാളിയായി അമേരിക്കയിലെ തീവ്രവംശീയ രാഷ്ട്രീയത്തിന്റെ ആൾരൂപമായ ഡൊണാൾഡ് ട്രംപ് അടക്കമുള്ളവർ മാറുന്നതും തികച്ചും അവിചാരിതമല്ലെന്ന് സാരം.



# ബാലി (അത്ഭുത) ദ്വീപിലൂടെ

ബാലിദ്വീപിനെക്കുറിച്ച് എന്തെങ്കിലും എഴുതാൻ ശ്രമിക്കുന്ന ഒരു മലയാളി സഞ്ചാരി അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി എസ്.കെ. പൊറ്റെക്കാടാണ്. 1953ൽ പൊറ്റെക്കാട് ബാലിയിലേക്ക് നടത്തിയ യാത്രയിൽ നിന്നും 1958 ൽ ബാലിദ്വീപ് എന്ന പേരിൽ എഴുതിയ യാത്രാവിവരണത്തിൽ നിന്നും ഒരിഞ്ച് മുന്നോട്ട് പോവാൻ മുക്കാൽ നൂറ്റാണ്ടിനുശേഷവും നമുക്ക് പറ്റുന്നില്ല. അദ്ദേഹത്തിന്റെ ബാലിയാത്രയും യാത്രാനുഭവ വിവരണവും അത്ഭുതകരമായി ഇന്നും നിലനിൽക്കുന്നു. പൊറ്റക്കാടിന്റെ ചില സഞ്ചാരപഥങ്ങളിലൂടെ സഞ്ചരിച്ചിട്ടുള്ള എനിക്ക് അദ്ദേഹം വിവരിക്കുന്ന ദേശങ്ങളെ പലപ്പോഴും അവിടങ്ങളിൽ കാണാൻ പറ്റിയിട്ടില്ല. കാലം ആ പ്രദേശങ്ങളെ കണ്ടമാനം മാറ്റിയിരിക്കുന്നു. എന്നാൽ പൊറ്റക്കാടിന്റെ ബാലി മുക്കാൽ നൂറ്റാണ്ടിനിപ്പുറവും അതേപടി നിലനിൽക്കുന്നു. 1597 ൽ ബാലിയിലെത്തിയ ആദ്യ വിദേശസഞ്ചാരിയും പൊറ്റെക്കാടും ഇപ്പോൾ ബാലിയിലെത്തുന്ന ഞാനും ഒരുപോലെ അത്ഭുതലോകത്തിലെ ആലീസുമാരായിപ്പോവും. നാടോടിക്കഥ ചിത്രീകരിക്കുന്ന ഏതെങ്കിലും ഹോളിവുഡ് സിനിമാസെറ്റിലൂടെയാണോ നമ്മൾ നടക്കുന്നതെന്ന് സംശയം തോന്നാം. 1597 ൽ കപ്പൽ ഛേദം സംഭവിച്ച് വഴിതെറ്റി ബാലിദ്വീപിലെത്തിയ ഡച്ച് നാവികൻ കോർണില്യാസ് ഹൂട്ട്മാൻ നാട്ടിൽ തിരിച്ചെത്തി ആ നാടിനെ വിവരിച്ചുകൊടുത്തത് നൂറ്റാണ്ടുകൾ പിന്നിലുള്ള ഒരത്ഭുതലോകം കണ്ടെത്തി എന്നാണ്. അതെ, അതേ വിശേഷണം അഞ്ചു നൂറ്റാ

കേൾക്കുന്നതിന് ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

**ജോയ്സ്കുട്ടി ജോസഫ്**
കെ.ഇ. കോളേജ്, മാന്നാനം



ണ്ടുകൾക്കിപ്പുറം ഞാനം ആവർത്തിക്കുന്നു; നൂറ്റാണ്ടുകൾ പിന്നിലുള്ള ഒരത്ഭുതലോകമാണ് ബാലി. ജീവനുള്ള കാഴ്ചവസ്തുക്കൾ നിറച്ചുവെച്ച ഒരു മ്യൂസിയമാണിത്.

ഭൂമധ്യരേഖയ്ക്ക് 8 ഡിഗ്രി തെക്കുമാറി ഓസ്ട്രേലിയയോട് ചേർന്ന്, ജാവയുടെ കിഴക്കേവശത്ത് തലയില്ലാത്ത കോഴിയുടെ രൂപത്തിൽ (വിശേഷണം പൊറ്റെക്കാടിന്റേത്) ഇൻഡോനേഷ്യയുടെ ഭാഗമായ ഒരു കൊച്ചുദ്വീപാണ് ബാലി. 5780 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഇവിടെ (കേരളത്തിന്റെ 1/6) 44 ലക്ഷത്തിനടുത്ത് മനുഷ്യരാണുള്ളത്. മലകളും കാടും കടൽത്തീരവും പവിഴപ്പുറ്റുകളുമെല്ലാം ബാലിയിലുണ്ട്. ഭൂമിശാസ്ത്രപരമായല്ലെങ്കിലും ജീവശാസ്ത്രപരമായി ഏഷ്യാഭൂഖണ്ഡത്തിന്റെ കിഴക്കേ അറ്റമാണ് ബാലി. 1860 ൽ ബാലിയിലെത്തിയ പ്രകൃതി ശാസ്ത്രജ്ഞൻ ആൽഫ്രഡ് റൽ വാലസ് ആണ് ഇത്തരമൊരു കണ്ടുപിടുത്തം നടത്തിയത്. ബാലിയുടെ തൊട്ടു കിഴക്കേ ദ്വീപായ ലൊംബോക്കിൽ ഇവിടുത്തെ സസ്യജന്തുജാതികളല്ല, മറിച്ച് ആസ്ത്രേലിയൻ ജനസിലെ ജീവജാതികളാണുള്ളത്. വാലസ് ലൈൻ തിയറി എന്നാണിത് അറിയെടുന്നത്. ബാലിക്കും ലൊംബോക്കിനും ഇടയിലൂടെയാണ് വാലസ് ലൈൻ കടന്നുപോവുന്നത്.

ബാലിദ്വീപും കേരളവും തമ്മിൽ ആറായിരത്തിലേറെ കിലോമീറ്ററുകളുടെ അകലമുണ്ടെങ്കിലും രണ്ട് വ്യത്യസ്ത അർദ്ധഗോളങ്ങളിലാണ് കിടപ്പെങ്കിലും ഭൂപ്രകൃതി, കാലാവസ്ഥ, ജൈവജാതികൾ, ജനജീവിതം തുടങ്ങിയവയിലെല്ലാം അത്ഭുതകരമായ സമാനതകളാണുള്ളത്. ബാലിക്കാരനും കേരളീയനും ഒരു പഴയ സംസ്കാര വടവൃക്ഷത്തിന്റെ വിദൂരവർത്തികളായ രണ്ടുവേടുകളാണെന്നാണ് പൊറ്റെക്കാട് നിരീക്ഷിക്കുന്നത്. വായിച്ചും കേട്ടുമറിഞ്ഞ പഴയ കേരളമാണ് ബാലിയിൽ ഞാൻ കണ്ടത്.

സഞ്ചാരത്തെ ഇത്രയും നന്നായി ഉപയോഗിച്ച വേറൊരു നാടുണ്ടോ എന്ന് സംശയമാണ്. കേരളത്തിന്റെ രണ്ട് ജില്ലകൾ കൂടിചേരുന്ന വലിപ്പം മാത്രമുള്ള ഇവിടെ കേരളത്തിലെത്തുന്നതിന്റെ അഞ്ചാറ് മടങ്ങ് വിദേശ സഞ്ചാരികളാണ് വർഷവും എത്തുന്നത്. ബാലിയുടെ വരുമാനത്തിന്റെ എഴുപതുശതമാനവും ടൂറിസത്തിൽ നിന്നാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ ബാലി ഒന്നാകെ ഒരു മ്യൂസിയമാണ്. ബാലിയെ കോളനിയാക്കിയ ഡച്ചുകാർ ബാലിയുടെ ഈ സൗന്ദര്യമാണ് വിറ്റ് കാശാക്കിയത്. ലോകത്തിലെ ഏറ്റവും കാല്പനിക ദ്വീപ്, പറുദീസ എന്നൊക്കെയാണ് അവർ ദ്വീപിനെ വിശേഷിപ്പിച്ചത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ലോകത്താകമാനമുള്ള സഞ്ചാരികൾ ഇവിടേക്കൊഴുകി.



എഴുത്തുകാരും പ്രകൃതി സ്നേഹികളും ചിത്രകാരാരും ശില്പികളും ബാലിയിൽ സ്ഥിരതാമസമാക്കി. ബാലിയെക്കുറിച്ച് നോവലുകളും കഥകളുമിറങ്ങി. ഉല്ലാസപ്രിയരും സമാധാന കാംക്ഷികളുമായ സുന്ദരികളും സുന്ദരന്മാരുമാണിവിടുള്ളതെന്ന് എല്ലാവരും വാഴ്ത്തി. 1949 ൽ ഡച്ചുകാരിൽ നിന്ന് സ്വാതന്ത്ര്യം നേടിയിട്ടും ബാലി ഡച്ചുകാർ തന്ന വിശേഷണം വിട്ടുകളഞ്ഞില്ല. ഇന്നും ഇവിടമൊരു കാല്പനിക ദ്വീപായി തുടരുന്നു എന്നതാണ് ബാലിയുടെ പ്രത്യേകത.

സഞ്ചാരികളെ മുന്നിൽ കണ്ടാണ് ബാലിയിലെ ഓരോ പ്രവർത്തനവും. സ്വന്തം ജീവിതം തന്നെയാണ് ബാലി സഞ്ചാരികൾക്കായി പ്രദർശിപ്പിക്കുന്നത്. ഭൂമധ്യരേഖയോട് ചേർന്നുള്ള കിടപ്പ്കൊണ്ടാവാം വർഷം മുഴുവനും ഏകദേശം ഒരു പോലാണിവിടം. എന്ന് മാത്രമല്ല ഭൂഗോളത്തിന്റെ തെക്കുനിന്നും വടക്കുനിന്നും സഞ്ചാരികൾ ഇവിടെത്തുന്നു. ബാലിയിൽ ടൂറിസത്തിനു ഓഫ് സീസണില്ല. മനുഷ്യജീവിതത്തിന്റെ വൈചിത്ര്യമാണ് ഭൂപ്രകൃതിയുടെ വൈവിധ്യത്തേക്കാൾ ഒരു മലയാളിയായ എന്നെ ആകർഷിച്ചത്. വൈലോപ്പിള്ളിയുടെ സഹ്യന്റെ മകൻ ഉത്സവരംഗത്തുനിന്ന് ഏതോ കാലത്ത് അവൻ ജീവിച്ചിരുന്ന കാനനത്തിലേക്ക് തിരിച്ചുനടന്നതു പോലെ ബാലിയിലൂടെ നടക്കുമ്പോൾ ഓരോ സഞ്ചാരിയും അവന്റെ ഗോത്ര സ്മൃതികളിലേക്ക് തിരിച്ചുനടക്കുന്നു.

മുസ്ലീം രാജ്യമായ ഇൻഡോനേഷ്യയുടെ ഭാഗമാണെങ്കിലും ബാലി ഒരു ഹിന്ദു ഭൂരിപക്ഷപ്രദേശമാണ്. 83 ശതമാനം ഹിന്ദുക്കളും 13 ശതമാനം മുസ്ലീങ്ങളുമാണിവിടുള്ളത്. ബാക്കി മതക്കാരും മതമില്ലാത്തവരും ചേർന്ന് 4 ശതമാനം മാത്രം. ഹിന്ദു എന്നു പറയുമ്പോൾ ഇന്ത്യയിലെ ഹിന്ദുമതത്തെ ഇവിടെ പ്രതീക്ഷിക്കരുത്. ഹിന്ദുമതത്തിന്റെ ഒരാദിരൂപമോ അല്ലെങ്കിൽ ഹിന്ദുമതമായി രൂപപെടുത്തുന്നതിനുമുമ്പുള്ള ഹിന്ദു സംസ്കാരമോ ആണ് ഇവിടെ ഉള്ളത്. ലുങ്കിപോലുള്ള സരോംഗ് ഉടുക്കുകയോ ഒരുതരം ഷാൾ അരയിൽ ചുറ്റിക്കെട്ടുകയോ ചെയ്ത്



ആർക്കും എപ്പോൾ വേണമെങ്കിലും ഏതമ്പലത്തിന്റെ ശ്രീകോവിലിലും കയറിച്ചെല്ലാം. പൂജാരിമാരോ വിഗ്രഹങ്ങളോ അമ്പലത്തിനകത്തില്ല. വർത്തമാനം പറയുകയോ ഫോട്ടോ എടുക്കുകയോ എന്തുവേണമെങ്കിലും ആവാം. അമ്പലങ്ങളിലേക്ക് ദിവസവുമുള്ള പെണ്ണുങ്ങളുടെ ഘോഷയാത്രയിൽ അവർ തലയിൽ ചുമക്കുന്ന വടികളിൽ ചുട്ട താറാവും കോഴിയും പന്നി ഇറച്ചിയും ആമയും ഒക്കെ കാണും. വഴിയോരക്കടകളിലും വീടുകളിലും ബീഫും മദ്യവുമൊക്കെ സുലഭം. ഇന്ത്യയിലെ ഹിന്ദുമതം സസ്യാഹാരം ശീലിക്കുന്നതിന് മുമ്പുള്ള ഒരു ഹിന്ദുമതമാണിവിടുത്തേതെന്ന് തോന്നുന്നു. ആ മതത്തേയും അവരിപ്പോഴും അതേപടി സൂക്ഷിച്ചു വെച്ചിരിക്കുന്നു.

ഇരുപതിനായിരത്തിലേറെ ഹിന്ദു അമ്പലങ്ങളെയാണ് ഈ ചെറിയ പ്രദേശത്തുള്ളത്. ചെറിയ ചെറിയ പുരകളായാണ് ഓരോ ക്ഷേത്രവും ഓരോ പുരയും പല തട്ടുകളായിട്ടാവും. ദൂരെനിന്നും നോക്കിയാൽ ഇവ നിലവിളക്കുകൾ പോലെ തോന്നും എന്നാണ് പൊറ്റക്കാട് പറയുന്നത്. ഇടയ്ക്ക് പറയട്ടെ, പുര എന്നതന്നെയാണ് അമ്പലങ്ങൾക്കിവിടെ പേര്. തെങ്ങോലയോ പനയോലയോ പുല്ലോ മേഞ്ഞതാണ് ഇന്നും ഇവിടുത്തെ മഹാക്ഷേത്രങ്ങൾവരെ. ബാലിയിൽ ധാരാളം കാണെടുന്ന ഒരു പ്രത്യേകയിനം പുല്ലുമേഞ്ഞ അമ്പലങ്ങളാണധികവും. പുല്ല് കനത്തിൽ അടുക്കിവയ്ക്കലാണ് മേയൽ രീതി. തെങ്ങോലയോ പനയോലയോ ആയാലും അവയും കീറി അടുക്കി വയ്ക്കലാണ് പതിവ്. ഈ മേൽക്കൂരകൾക്ക് ഒന്നൊന്നര അടി കനം വരും. ക്ഷേത്രങ്ങൾ ഒറ്റ നിർമ്മിതികളല്ല സമുച്ചയങ്ങളാണ്. നിരവധി ചെറിയ ചെറിയ പുരകളുടെ സമുച്ചയം. അമ്പലത്തിന്റെ ശ്രീകോവിലിൽ ഒരു പീഠം മാത്രമേ കാണൂ. ക്ഷേത്ര ഭിത്തികളിൽ പലയിടത്തും ശില്പങ്ങൾ കാണാം. മിക്കതും രാക്ഷസന്മാരും പിശാചുക്കളും ആണെന്ന് തോന്നുന്നു. വലിയ തല, വലിയ ചെവി, വലിയ വയറ് ഇങ്ങനെ ശരീരത്തിന്റെ അനുപാതം തെറ്റിച്ചിട്ടാണ് ഇത്തരം ശില്പങ്ങളിലധികവും. കമ്പോഡിയയിലെ അംഗോർവാട് ക്ഷേത്ര ശില്പങ്ങൾ പലതും ഇവിടെ ആവർത്തിച്ചിട്ടുള്ളതായി കാണാം. എല്ലാ അമ്പലങ്ങൾക്കും ഉദ്യാനവും പുൽത്തകിടിയും നിർബന്ധം. ലാവാ ശിലകളിൽ ശില്പവേലകൾ

ചെയ്തു തീർത്ത അത്ര പൊക്കമില്ലാത്ത മനോഹരമായ മതിലുകളും അമ്പലങ്ങൾക്കുണ്ട്. ചളശീന്ധർ എന്നറിയെപ്പെടുന്ന ഗേറ്റ് ബാലിയിൽ എല്ലായിടത്തും ഒരുപോലെയാണ് കൂപ്പുകൈകൾ ഓരോന്നും അല്പം അകറ്റിവെച്ചതുപോലെയാണിവ. അമ്പലങ്ങൾക്കുള്ളിലോ പുറത്തോ നേർച്ചപ്പെട്ടികളോ സംഭാവന പിരിവോ കണ്ടില്ല എന്നതും പരാമർശിക്കേണ്ടതു തന്നെ.

ബാലി എന്ന മ്യൂസിയത്തിലെ പ്രധാന കാഴ്ചവസ്തുക്കൾ അവിടുത്തെ ക്ഷേത്രങ്ങൾ തന്നെയാണ്. എല്ലാ അമ്പലങ്ങളും കണ്ടുതീർക്കാൻ ഒരു മനുഷ്യായുസ്സ് മതിയാകാതെ വരും. ചെറുതും വലുതുമൊക്കെയായി ഇരുപതോളം അമ്പലങ്ങൾ ഞാൻ സന്ദർശിച്ചു. അവയിൽ മൂന്നാല് അമ്പലങ്ങളെ മാത്രം അല്പം വിശദമായി പരിചയെടുത്താം.

തനഹ് ലോട്ട് അമ്പലം അമേരിക്കയ്ക്ക് സ്റ്റാച്യു ഓഫ് ലിബർട്ടിപോലെ, ചൈനയ്ക്ക് വൻമതിലുപോലെ, ഫ്രാൻസിന് ഈഫൽ ടവറുപോലെയാണ് ബാലിക്ക് തനഹ് ലോട് എന്ന കടൽഅമ്പലം. ബാലിയുടെ തലസ്ഥാനവും പ്രധാന നഗരവുമായ ഡെൻപെസാറിൽ നിന്ന് ഇരുപതു കിലോമീറ്റർ മാത്രം തെക്കോട്ട് മാറിയാണ് ഈ അമ്പലം. 15ാംനൂറ്റാണ്ടിൽ ബാലിയിലെത്തിയ ഹിന്ദു സന്യാസി ദാങ് ഹയാങ് നിരർത്ഥ കടലിലേക്കിറങ്ങി നിൽക്കുന്ന വലിയൊരു പാറപ്പുറത്തിരുന്ന് ധ്യാനിച്ചുവെന്നും അവിടെ സ്വയംഭൂ ആയി അമ്പലമുണ്ടായെന്നും വിശ്വസിക്കുന്നവരുണ്ട്. അമ്പലമിരിക്കുന്ന പാറ ഇപ്പോൾ ഇരുന്നൂറുമീറ്ററോളം കടലിലേക്കിറങ്ങിയാണിരിക്കുന്നത്. പാറ കടലിലേക്ക് തനിയെ നീങ്ങുന്നുവെന്നാണ് തദ്ദേശവാസികളിൽ ചിലരുടെ വിശ്വാസം. ദൃഢത കുറഞ്ഞ ലാവാശിലയാണ് ബാലിയിൽ പലയിടത്തുമെന്നപോലെ ഇവിടെയും. അമ്പലമിരിക്കുന്ന പാറയെ കടൽ അല്പാല്പമായി എടുത്തുകൊണ്ടുപോകുന്നു എന്നതാണ് വാസ്തവം. ബാലിയുടെ തെക്കൻ തീരത്തിന് പൊതുവെ ഇപ്രകാരം തീരമിടിച്ചിലിന്റെ ഭീഷണിയുണ്ട്.

1980 ൽ പാറയുടെ വലിയൊരുഭാഗം അടർന്ന് കടലിൽ പതിച്ചത് അമ്പലത്തിന്റെ നിലനില്പിനെ തന്നെ അപകടത്തിലാക്കി. ജാപ്പനീസ് ഗവൺമെന്റിന്റെ വലിയൊരു ധനസഹായം കൊണ്ട് പാറയെ നിലനിറുത്താനുള്ള പരിപാടികൾ നടന്നുവരികയാണ്. അമ്പലത്തിന് ചുറ്റും കാണുന്ന പല പാറക്കെട്ടുകളും കോൺക്രീറ്റാണെന്നാണ് പറയുന്നത്. നിർമ്മാണ വൈദഗ്ധ്യം കൊണ്ടും പായൽ പിടിച്ചതിനാലും തിരിച്ചറിയാൻ പറ്റില്ലത്രേ. ബാലിയിലും ദൈവങ്ങൾക്ക് മനുഷ്യന്റെ ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യകളുടെയും സഹായംകൂടിയേ തീരൂ.

അസ്തമയത്തോടടുത്താണ് ഞാൻ തനഹ് ലോടിലെത്തിയത്. വേലിയേറ്റ സമയമായതിനാലാവും കരയ്ക്കും അമ്പലത്തിനുമിടയിൽ കടൽ നന്നായി കയറിയിരിക്കുകയാണ്. വേലിയിറക്കസമയത്ത് കടലിലൂടെ നടന്ന് അമ്പലത്തിലെത്താനാവും. ദേവ ബരുണയേയും (നമ്മുടെ വരുണദേവൻ തന്നെ) ദത്താരസാഗര



എന്ന കടൽ ദേവിയേയുമാണ് ഇവിടെ പൂജിക്കുന്നത്. അതോടൊപ്പം നിരർത്ഥയുടെ പ്രതിഷ്ഠയുമുണ്ടിവിടെ. ക്ഷേത്രത്തിനോടടുത്ത് കടലിലേക്കിറങ്ങിക്കിടക്കുന്ന പാറപ്പുറത്ത് കയറിനിന്ന് അമ്പലത്തിന്റെ ചിത്രങ്ങളെടുത്തും തീരത്തെ പാറമുനമ്പിൽ കയറിയിരുന്ന് മനോഹരമായ സൂര്യാസ്തമയംകണ്ടും മണൽത്തരികൾപോലും പറത്തിക്കളയുന്ന കാറ്റിന്റെ രൂക്ഷതയറിഞ്ഞും ക്രിസ്മസ് ആഘോഷിക്കാനായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നെത്തിയ സഞ്ചാരികളിലൊരുവനായി ഞാൻ. അസ്തമയം കഴിയുന്നതോടെ കരയിലെ ഓലയമ്പലത്തിന്റെ നൃത്തശാലയിൽ കളിവിളക്കുകൾ തെളിയും. ബാലിയുടെ തനതായ നൃത്തവിശേഷങ്ങൾ കളിത്തട്ടിൽ അരങ്ങേറും. നൃത്തത്തേക്കാൾ അവിടെ നൃത്തം കാണാനിരിക്കുന്ന ജനസഞ്ചയമാണ് എന്നെ ആകർഷിച്ചത്. കേരളത്തിലെ അമ്പലപ്പറമ്പുകളിൽ നിന്നും പള്ളിപ്പറമ്പുകളിൽനിന്നും കാതങ്ങൾ അകലെയാണിവിടം. പല നാടുകളിൽ നിന്ന് വന്ന, പല നിറങ്ങളിലുള്ള പല ജാതിമനുഷ്യർ സൗമ്യരായി ശാന്തരായി നിരന്നിരിക്കുന്നു. കടലിന്റെയും നൃത്തത്തിന്റെയും മാത്രം താളം. നൃത്തവും പ്രകൃതിയും മനുഷ്യനും ഒന്നാവുകയാണിവിടെ.

താമൻ അയൂൻ അമ്പലം യുനെസ്കോയുടെ ലോകപൈതൃക പട്ടികയിലുൾപ്പെട്ട മനോഹര ക്ഷേത്രമാണ് താമൻ അയൂൻ. വലിയൊരു കുളത്തിന് നടുവിൽ നിരവധി നടുമുറ്റങ്ങളും പൂന്തോപ്പുകളും നിറഞ്ഞതാണ് പുര താമൻ അയൂൻ. കോഴിയങ്കുരകൾ, ശില്പവേലകൾ നിറഞ്ഞ മതിലുകൾ, മത്സ്യങ്ങൾ വിഹരിക്കുന്ന കനാലുകൾ, പുൽത്തകിടികൾ, നിരനിരയായി ഉയർന്നുനിൽക്കുന്ന പല നിലകളുള്ള മേരുക്കൾ. ഒരിക്കലും ഇതൊരു അമ്പലമാണെന്ന തോന്നൽ ഇന്ത്യയിൽ നിന്ന് ചെന്ന നമുക്ക് ഉണ്ടാകില്ല. മറിച്ച് ഏതോ മനോഹരമായ പാർക്കിലൂടെ നടക്കുന്ന അനുഭവമാണിവിടെ. വെള്ളം, പച്ചപ്പ്, ഭംഗി, നിറങ്ങൾ മന്ത്രോച്ചാരണങ്ങളില്ല, ആചാരാനുഷ്ഠാന കാർക്കശ്യങ്ങളില്ല, വിലക്കുകളില്ല, കാവൽക്കാരില്ല



ഇതൊരു അമ്പലമാണെന്ന് മനസ്സിന് ബോധ്യമാവുന്നില്ല. അമ്പലത്തിലേക്ക് വരുന്ന വഴിയിൽ പുഷ്പങ്ങളും പഴങ്ങളും ആഹാരസാധനങ്ങളും നിറച്ച് അലങ്കരിച്ച വട്ടികളുമായി പരമ്പരാഗത വേഷം ധരിച്ച നൂറുകണക്കിന് സുന്ദരികളായ സ്ത്രീകളുടെ ഒരു ഘോഷയാത്ര കണ്ടിരുന്നു. പിറകിൽ, ഋക്കിയിട്ട ഗ്യാമലിൻ മുഴക്കിക്കൊണ്ട് ഗായകസംഘം. ഒരു ലൈവ് ഡാൻസ് പ്രോഗ്രാമാണെന്നേ നമുക്ക് തോന്നൂ. കുറസോവയുടെ ഡ്രീംസ് സിനിമ കാണുന്ന പ്രതീതിയാണ് ബാലിയിൽ പലപ്പോഴുമുണ്ടാവുക.

ഉലുവാട്ടു അമ്പലം കാൽകിലോമീറ്റർ ഉയരത്തിൽ കിഴക്കാംതൂക്കായി കടലിലേക്ക് തള്ളിനിൽക്കുന്ന ചുണ്ണാമ്പുപാറയിലുള്ള അമ്പലമാണിത്. ബാലിയിലെ നിരവധി കുരങ്ങൻ അമ്പലങ്ങളിൽ പ്രധാനപ്പെട്ടതാണിത്. നമ്മുടെ കൈവശമുള്ള ബാഗ്, പേഴ്സ്, തൊപ്പി, കണ്ണട ഇതൊക്കെ എങ്ങനെയും കുരങ്ങന്മാർ അടിച്ചെടുത്തിരിക്കും. ഇക്കാര്യത്തിൽ കുരങ്ങന്മാർക്ക് വല്ല പരിശീലനവും കിട്ടിയിട്ടുണ്ടോ എന്ന് നമുക്ക് സംശയം തോന്നാം. കാടും കടലും ചുണ്ണാമ്പുപാറയും ഒക്കെ ചേർന്ന വളരെ സവിശേഷമായ ഇവിടുത്തെ ഭൂപ്രകൃതിയാണ് നമ്മളെ ഏറ്റവും ആകർഷിക്കുന്നത്. പാറമുനമ്പിൽ എവിടെനിന്നാലും പവിഴപ്പുറ്റുകളാൽ പച്ചനിറമുള്ള കടൽ താഴെ നമുക്ക് കാണാം. അമ്പലം പേരിനേ ഉള്ളൂ. പ്രതിഷ്ഠകൾക്കും കാര്യമായി

പ്രാധാന്യമില്ല. വാസ്തുശില്പവും അത്ര മികച്ചതല്ല. കാടിനു നടുവിലോ മല യുടെ മുകളിലോ ഒക്കെ കിട്ടുന്ന ഫീ ലുതന്നെ ഈ പ്രകൃത്യമ്പലത്തിലും. എല്ലാ ദിവസവും അമ്പലമുറ്റത്ത് കിയാക് എന്ന രാമായണ നൃത്തം അരങ്ങേറുന്നു.

പുര ഉലൻഡാനു ബാലിയുടെ വടക്കുഭാഗത്ത് നാലായിരം അടി യിലേറെ ഉയരത്തിൽ ബരട്ടാൻ മലനിരകളിൽ ബരട്ടാൻ എന്ന പേരിൽ തന്നെയുള്ള തടാകത്തി ലെ ക്ഷേത്ര സമുച്ചയമാണിത്. തടാകത്തിലേക്കിറങ്ങി നിരവധി മേരുക്കൾ. ശിവന്റെയും പാർവ്വതി യുടെയും ഒക്കെ പ്രതിഷ്ഠകളാണ് ഓരോന്നും. ഒരു മേരുവിൽ ബുദ്ധ നെയും പ്രതിഷ്ഠിച്ചിരിക്കുന്നു. മനോ ഹരമായ ഒരു ഉദ്യാനത്തിലേക്ക് തടാകം കയറിക്കിടക്കുന്നു. പകുതി ഉദ്യാനത്തിലും പകുതി തടാകത്തി ലുമായിട്ടാണ് പല മേരുക്കളുടെയും നില്പ്. ഉലൻഡാനുവിനെക്കുറിച്ച് വിശദീകരിക്കാൻ മനോഹരം എന്ന വാക്ക് മതിയാകാതെ വരും. മനോ ഹാരിതയെയാണോ ബാലിക്കാർ ദൈവമെന്ന് വിളിക്കുന്നതെന്ന് സംശയം തോന്നാം. ഒരു വശത്ത് മഞ്ഞിന്റെ പുതപ്പ് വാരിപ്പുതയ്ക്കു കയും അഴിക്കുകയും ചെയ്യുന്ന ബര ട്ടാൻ മലനിരകൾ, ബരട്ടാൻ മലയു ടെ താഴ്‌വാരം മുഴുവൻ പുഷ്പക്കടൽ, താഴ്‌വാരം ചെന്ന് അവസാനിക്കുന്ന ത് സ്ഫടിക നിർമ്മലമായ ബരട്ടാൻ തടാകത്തിൽ, ആകാശത്തിലേയ്ക്ക് നിലവിളക്കുപോലെ കൂർത്തുനില്ക്കുന്ന മേരുക്കളുടെ തടാകത്തിലെ പ്രതി ബിംബങ്ങൾ മതവിശ്വാസിയെന്നോ നിരീശ്വരവാദിയെന്നോ വ്യത്യാസ മില്ലാതെ സഞ്ചാരിയെ ഉലൻഡാനു വശീകരിച്ചു കളയും.

നെയ്യപ്പം തിന്നാൽ രണ്ടുണ്ട് കാര്യം എന്ന് പറഞ്ഞപോലെ ബാലിക്കാർ ക്ക് കൃഷികൊണ്ട് രണ്ടുണ്ട് കാര്യം. കൃഷിയിൽനിന്നുള്ള വരുമാനവും കൃ ഷികാണാൻ വരുന്ന ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനവും. അതുകൊണ്ട് അവരുടെ കൃഷി വെറും കൃഷി മാത്ര മല്ല അതൊരു ഷോ കൂടിയാണ്. നെ ല്ലാണ് ബാലിയിലെ പ്രധാന കൃഷി. നെൽവയലുകൾ മിക്കവാറും മലമ്പ ള്ളകളിലാണ്. ചെരിവുകൾ ചെറിയ തട്ടുകളായി തിരിച്ച് വെള്ളം കെട്ടിനിറുത്തി ചെയ്യുന്ന ടെറസ് ഫാമിംഗ് ആണ് ഇവരുടേത്. കു ന്നിൻ ചരിവിലെ കുഞ്ഞുകുഞ്ഞു തട്ടു കൾ ഓരോന്നും ഓരോ കാലത്തും ഓരോരോ നിറങ്ങൾ വാരിപ്പൂശി നിൽക്കുന്ന കാഴ്ച അതിമനോഹരം തന്നെ. നെല്ലിന്റെ ഗാലറികൾ എന്നാണ് പൊറ്റക്കാട് ഇവയെ വി ശേഷിപ്പിക്കുന്നത്. ഇന്ത്യയുടെ വട ക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഭൂട്ടാനിലുമൊക്കെ ഇത്തരം ടെറസ് ഫാമുകൾ കണ്ടിട്ടുണ്ടെങ്കിലും ഇതു പോലെ മനോഹരവും വ്യാപകവു മായി ഒരിടത്തുമില്ല. വി.കെ.എൻ. പറഞ്ഞതുപോലെ 'മലർന്നുകിട ക്കുന്ന പാടശേഖരൻ'മാരെ തീരെ കാണാനില്ല ബാലിയിൽ. നൂറ്റാണ്ടു കളായി ചെയ്തുവരുന്ന ഇത്തരം കൃ ഷിരീതികളിൽ മാറ്റം വരുത്താനോ യന്ത്രവത്ക്കരണം കൊണ്ടുവരാനോ ബാലിക്കാർ ഇപ്പോഴും മുതിർന്നി ട്ടില്ല. നെൽപാടങ്ങളിൽ തന്നെ നെൽകൃഷി കഴിഞ്ഞുള്ള സമയത്ത് നിലക്കടലയും സോയബീൻസും കൃഷി ചെയ്യാറുണ്ട്.

ബാലിയെ ലോകത്തിന് പരിചയെ ടുത്തിയ ആൽഫ്രഡ് റൽ വാലസ് പറയുന്നത് ഇത്രയും നന്നായി കൃഷി ചെയ്തിട്ടുള്ള മറ്റൊരു സ്ഥലം തന്റെ ലോകയാത്രകളിലൊരിക്കലും കണ്ടില്ല എന്നാണ്. ബാലിയിലേ ക്ക് എക്കാലത്തും വന്ന ടൂറിസ്റ്റുകളെ ബാലിയിലെ കൃഷി നന്നായി ആകർഷിച്ചു എന്ന് സാരം. ഫാം ടൂറിസത്തിന് ബാലിയിൽ ഇന്നും വലിയ സ്ഥാനമുണ്ട്. ടൂറിസവും കൃഷിയും പരസ്പരം സഹായിച്ച് വളരുന്നു എന്നാണ് പൊതുവെ പറയുന്നത്. ഹോട്ടലുകൾ പലതും കൃഷിയിടങ്ങളെടുത്ത് ഹോട്ടലിന്റെ അനക്സ് തുടങ്ങിയിരിക്കുകയാണ്. കൃഷിയിടങ്ങളിലെ ഓല കെട്ടി കാവൽപുരകളിൽ താമസിക്കാനാ ണ് സഞ്ചാരികൾക്ക് ഏറെയിഷ്ടം. ഹോട്ടലുകാർക്ക് ഈ കൃഷി ഇരട്ടി ലാഭമാണ്. കൃഷിയിൽ നിന്നുള്ള ലാഭവും ടൂറിസത്തിൽ നിന്നുള്ള ലാഭവും. മൾട്ടിനാഷണൽ ഹോട്ടൽ കമ്പനികൾ വരെ ഇപ്പോൾ ഇങ്ങ നെ ചെയ്യുന്നുണ്ടെന്നാണ് കേൾവി. ഒരു സീസൺ മുഴുവൻ ഈ കൃഷിയി ടങ്ങളിൽ താമസിച്ച് കൃഷി ചെയ്യാൻ കൂടുന്ന ചില സഞ്ചാരികളുമുണ്ട്.

നെൽപാടങ്ങളുടെ അതിരുകളിലൂടെ ഒഴുകുന്ന തോടുകളിലെ മീൻപിടുത്ത വും സഞ്ചാരികൾക്ക് ഹരമാണ്. വരമ്പുകളിലെ തെങ്ങുചെത്തും കള്ളു കുടിയുമൊക്കെ ബാലിയിലുണ്ട്.

നെല്ലും തെങ്ങും കഴിഞ്ഞാൽ കാപ്പി യാണ് ബാലിയിലെ പ്രധാന കൃഷി. കാപ്പിത്തോട്ടങ്ങൾ ഏതാണ്ട് കാട്ടു കൾ തന്നെയാണ്. ലോകത്തിലെ ഏറ്റവും വില കൂടിയ കാപ്പിയായ കോപ്പി ലുവാക് ബാലിയിലാണ് ഉണ്ടാകുന്നത്. കാപ്പിത്തോട്ടത്തിൽ വളർത്തുന്ന പന വെരുകുകൾക്ക് പഴുത്ത കാപ്പിക്കുരു തിന്നാൻ കൊട്ടു ത്തിട്ട് അതിന്റെ കാട്ടത്തിൽ നിന്ന് ദഹിക്കാത്ത കാപ്പിക്കുരു പെറുക്കി യെടുത്ത് ഉണക്കി വറുത്ത് പൊ ടിച്ചുണ്ടാക്കുന്ന കാപ്പിയാണിത്. ഏകദേശം ആയിരം ഇന്ത്യൻ രൂപ യ്ക്ക് തുല്യമായ തുകയാണ് ഒരു കപ്പ് കാപ്പിയുടെ വിലയായി കോഫി ഷോപ്പുകളിൽ എഴുതിവെച്ചിരിക്കു ന്നത്. ലോകത്തിലെ വലിയ നഗ രങ്ങളിലെ കോഫീഷോപ്പുകളിലും ബാലിനീസ് കോപ്പിലുവാക്കിന് വൻ പ്രിയമാണത്രേ. കാപ്പിത്തോട്ട ങ്ങളിലും സഞ്ചാരികൾക്കായി നിര വധി ഫാം ഹൗസുകൾ കാണാം.

സമതലങ്ങളിൽ കരിമ്പ് കൃഷിയാ ണുള്ളത്. ശർക്കരയും പഞ്ചാരയു മുണ്ടാക്കുന്ന ചെറിയ കുടിലുകൾ കൃഷിയിടങ്ങളിൽ തന്നെ കാണാം. അവിടെയുണ്ടാക്കുന്ന ശർക്കരയും പഞ്ചസാരയും മറ്റും കൃഷിയിടത്തോ ടനുബന്ധിച്ചു തന്നെ വില്പനയ്ക്ക് വച്ചിരി ക്കുന്നതും സാധാരണ കാഴ്ചയാണ്. അഗ്നിപർവ്വത ലാവാമണ്ണും മിതോ ഷ്ണ കാലാവസ്ഥയും ഉള്ളതിനാൽ കിന്താമണി പ്രദേശം പച്ചക്കറി, പഴ വർഗ്ഗ കൃഷിക്ക് അനുയോജ്യമാണ്. വേണമെങ്കിൽ കൃഷിയിടത്തിൽ നിന്ന് നമുക്കുതന്നെ പറിച്ച് വില കൊടുത്ത് വാങ്ങാം. എവിടെനിന്ന് എങ്ങനെ വാങ്ങിയാലും മായമോ വിലപേശലോ ഇല്ലാതെ അത്ര അമിതമല്ലാത്ത വിലയ്ക്ക് നമുക്ക് സാധനങ്ങൾ കിട്ടും. സഞ്ചാരികളെ പിടിച്ചുപറിക്കുന്ന ഒരു രീതി ബാലി യിലൊരിടത്തും ഞാൻ കണ്ടില്ല.

നാട്ടുചന്തകളാണ് ബാലിയിൽ സഞ്ചാരികൾക്ക് പ്രിയപ്പെട്ട മറ്റൊരി ടം. വില്പനക്കാർ മിക്കവാറും സുന്ദ

രിപ്പെണ്ണുങ്ങളാണ്. (ബാലിയിലെ പെണ്ണമാണുമെല്ലാം സുന്ദരരാണ്). ഉണക്കമീനും പച്ചക്കറികളും പന്നിഇറച്ചിയും പലതരം നാടൻ കോഴിപ്പൂവന്മാരേയും കോഴിമുട്ടയും നേന്ത്രപ്പഴവും നാളികേരവും ഒക്കെ വിൽക്കുന്ന നാട്ടുചന്തകളിൽ നാട്ടുകാരേക്കാൾ ടൂറിസ്റ്റുകളാണ്.

ഇൻഡോനേഷ്യ മുസ്ലീം രാജ്യമാണെങ്കിലും ബാലിയിൽ മദ്യത്തിന് വിലക്കില്ല. നാട്ടുകാർക്ക് വാറ്റുചാരായമാണ് കൂടുതൽ ഇഷ്ടം. കരിമ്പും നെല്ലും പനങ്കള്ളുമൊക്കെ വാറ്റാൻ ഉപയോഗിക്കുന്നു. കൃഷിയിടങ്ങളിലും വീടുകളിലും വാറ്റുപുരകളുണ്ട്. ബാലിക്കാരുടെ ചടങ്ങുകൾക്കെല്ലാം വാറ്റുചാരായം ഒഴിച്ചുകൂടാനാവാത്തതാണ്. വാറ്റുമ്പോൾ ചാരായത്തിനു ശേഷം കിട്ടുന്ന കൊഴുത്ത കഞ്ഞിവെള്ളം പോലുള്ള വീര്യം കുറഞ്ഞ ലഹരി പാനീയമാണ് ത്വാക്ക്. അത് സ്ത്രീകളും കുട്ടികളും വരെ കുടിക്കാറുണ്ട്. (കള്ളും ചാരായവുമൊക്കെ സുലഭമാണെങ്കിലും കേരളത്തിലേതുപോലെ അടിച്ചുകോൺ തെറ്റിയ ബാലിക്കാരെ ഒരിടത്തും കണ്ടില്ല എന്നും പറയേണ്ടിരിക്കുന്നു)

ഉല്ലാസപ്രിയരാണ് ബാലിക്കാർ എന്ന് ആദ്യ യൂറോപ്യൻ സഞ്ചാരി മുതലുള്ളവർ ആവർത്തിച്ചു പറയുന്ന കാര്യമാണ്. ബാലിയിൽ നമ്മൾ കാണുന്ന സകലമുഖങ്ങളും പുഞ്ചിരിക്കുന്നവയാണ്. അഭിനയിക്കുമ്പോൾ മാത്രമേ ദുഃഖവും വിഷമവും ബാലിക്കാർക്കുണ്ടാകൂ എന്ന് ആരോ പറഞ്ഞത് ഒരു അതിപ്രശംസയായി തോന്നില്ല. ചില ട്രാവൽ ഗൈഡുമാരുടെയും ഡ്രൈവർമാരുടെയും ചിരിയും വിനയവും പെരുമാറ്റവും കാണുമ്പോൾ കേരളീയ പരിസരം നന്നായറിയാവുന്ന നമ്മൾക്ക് അവർ നമ്മളെ ആക്കുന്നതാണോ എന്ന സംശയം പോലും ഉണ്ടാവാം. പാട്ടും നൃത്തവും അറിയാത്ത ഒറ്റ മനുഷ്യരും ബാലിയിലുണ്ടെന്ന് തോന്നുന്നില്ല. ഇവരുടെ വെറും നടപ്പ്പോലും നൃത്തംപോലെ താളാത്മകമാണല്ലോ എന്ന് തോന്നിപ്പോവും. വൈകുന്നേരമായാൽ നാട്ടിൻ പുറങ്ങളിലെ നൃത്തത്തറകളിലും അമ്പലപരിസരങ്ങളിലും റെസ്റ്റോറൻറുകളിലും അനേകം തീയറ്ററുകളിലും പാട്ടും നൃത്തവും ആരംഭിക്കും. രാത്രിയായാൽ ഇവർക്ക് പ്രിയപ്പെട്ട ഗ്യാമലിൻ എന്ന വാദ്യത്തിന്റെ മുഴക്കമാണ് ബാലിയുടേത്. നൃത്തവേദികളും പരിസരങ്ങളും കുരുത്തോലകൾകൊണ്ട് വിശേഷമായി അലങ്കരിച്ചിരിക്കും. സമയവും വേദിയുമനുസരിച്ച് ലെഗോങ്, ജോഗേ, ബറോങ് തുടങ്ങിയ നിരവധി നൃത്തരൂപങ്ങളിൽ ചിലത് അവതരിപ്പിക്കും. കുരുത്തോലകൾ കൊണ്ടും ദീപങ്ങൾകൊണ്ടും മനോഹരമായി അലങ്കരിക്കപ്പെട്ട ഒരു നാട്ടു തീയറ്ററിൽ ഞാൻ വിശദമായി കണ്ടത് ഒരു കിയാക് നൃത്തമാണ്. ഇതൊരു നൃത്തനാടകമായാണ് എനിക്ക് അനുഭവപ്പെട്ടത്. നാല്പതിലേറെ പുരുഷന്മാരും അഞ്ചാറ് സ്ത്രീകളുമാണ് ഈ നൃത്തത്തിലുള്ളത്. രാമായണമാണ് കഥാവസ്തു. തെയ്യത്തിന്റെയും പടയണിയുടെയും പല സങ്കേതങ്ങളും ഈ നാടോടി നാടകത്തിനുണ്ട്. ആൺനർത്തകരിൽ കുട്ടികളും പ്രായം ചെന്നവരും ഉൾപ്പെടുന്നു. ഞാൻ കണ്ട കിയാക് നൃത്തത്തിൽ എഴുപത് വയസ്സിന്



മുകളിലുള്ള നർത്തകർ പോലു മുണ്ടായിരുന്നു. സ്ഥകൂട്ടത്സയിൽ ഞങ്ങൾ താമസിച്ച റിസോർട്ടിന്റെ ഡൈനിംഗ് ഹാളിന് സമീപം ഡിന്നർ സമയം മുഴുവൻ ലെഗോങ് നൃത്തം അവതരിപ്പിച്ചുകൊണ്ടിരി ക്കും. ഞങ്ങളുടെ റിസോർട്ടിൽനിന്ന് നൂറുമീറ്റർ മാറിയുള്ള ഒരു ഓൺ എയർ തീയറ്ററിലും രാത്രി വൈകു ന്നതു വരെ നൃത്താവതരണങ്ങൾ നടക്കും. ബാലിയിലുണ്ടായിരുന്ന ദിവസങ്ങൾ മുഴുവൻ ഗ്യാമലിന്റെ മുഴക്കം കേട്ടുകൊണ്ടാണ് ഞാൻ ഉറ ക്കത്തിലേക്ക് വഴുതിയത്.

ചിത്രകാരന്മാർക്കും ശില്പികൾക്കും വളരെ ഇഷ്ടപ്രദേശമാണ് ബാലി. ഇവിടെ സഞ്ചാരികളായെത്തിയ ശില്പികളും ചിത്രകാരാരും മറ്റും ഇവിടെ സ്ഥിരതാമസമാക്കുകയാ ണ് ഉണ്ടായത്. കലകൾക്ക് അത്ര പ്രാധാന്യം ഇവിട്ടുണ്ട്. ബാലിയുടെ സാംസ്കാരിക തലസ്ഥാനമായി അറിയപ്പെടുന്ന ഉബൂദിൽ നിറയെ ആർട്ട് മ്യൂസിയങ്ങളും മ്യൂസിയങ്ങളെ അതിശയിക്കുന്ന ആർട്ട് കടക ളുമാണ്. ബാലിയിലെ ഇത്തരം കടങ്ങൾ മറ്റുള്ളിടത്ത് ഉള്ളതുപോ ലല്ല. മനോഹരമായ ഉദ്യാനവും ഫൗണ്ടനുകളും ഒക്കെ അവിടെ കാണും. ഉദ്യാനത്തിലും ചെറിയ ചെറിയ മേൽക്കൂരകൾക്ക് കീഴിലും ശില്പങ്ങൾ നിരത്തി വെച്ചിരിക്കും. കല്ല്, തടി, വേര്, പൂവ്, കായ്, എല്ല് എന്നുവേണ്ട കയ്യിൽ കിട്ടുന്ന എന്തി ലും അവർ ശില്പങ്ങൾ ഒരുക്കുന്നു. കല്ലിൽ കൊത്തുന്ന ശില്പങ്ങൾ മിക്കവാറും വലുതും റിയലിസ്റ്റിക് സ്വഭാവം ഉള്ളവയുമായിരിക്കും. ഒരു പക്ഷേ ദൃഢത കുറഞ്ഞ ലാവാക ല്ലിൽ സൂക്ഷ്മശില്പവേല ദുഷ്കരമായ തിനാലും പലർക്കൂടി കൊത്തിയെ ടുക്കുന്നതുകൊണ്ടുമാകും ഇങ്ങനെ വന്നത്. രാമായണത്തിലെയും മഹാ ഭാരതത്തിലെയും കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും ഒക്കെയാണ് മിക്കവാറും കൽശില്പങ്ങളുടെ പ്രമേ യം. ഭീമസേനനോടും പാർത്ഥസാ രഥിയോടുമാണ് ശില്പികൾക്ക് ഏറ്റ വും ഇഷ്ടമെന്ന് തോന്നുന്നു. ചെറിയ ശില്പങ്ങൾക്ക് റിയലിസ്റ്റിക് സ്വഭാ വം കുറവും കലാമേന്മ കൂടുതലുമുള്ള തായി തോന്നി. ശില്പങ്ങളേക്കാൾ കൂടുതൽ മികച്ചതായി എനിക്ക് തോ ന്നിയത് അവരുടെ മേശ, ബഞ്ച്, കസേര തുടങ്ങിയ നിർമ്മിതിക ളാണ്. നല്ല ശില്പങ്ങളാണ് അവ. ഒരു ഡൈനിംഗ് ഹാളിലെ രണ്ട് കസേരകളും മേശകളും ഒരിക്കലും ഒരുപോലെയാവില്ല. നിശ്ചിതരൂപ ങ്ങളിൽ നിന്ന് അകലം പാലിക്കാ നുള്ള ബോധപൂർവ്വമായ ശ്രമം പി ന്നിലുണ്ടോ എന്ന് തോന്നിപ്പോകും. കലാകാരന്മാർ പ്രവർത്തിക്കുന്ന വർക്ക്ഷോപ്പും അതേ കട തന്നെ യാണ്. നൂറിലേറെ ആർട്ടിസ്റ്റുകൾ വരെ ജോലി ചെയ്യുന്ന കടകൾ കുറ ച്ചൊന്നുമല്ല ബാലിയിലുള്ളത്.

ബാലി വീടുകളും സഞ്ചാരികളുടെ ഇഷ്ടകേന്ദ്രങ്ങളാണ്. അമ്പലങ്ങളു ടെ വാസ്തുശില്പരീതി തന്നെയാണ് വീടുകളുടേതും. വീടുകളും കൊച്ചുകൊ ച്ചുപുരകളുടെ ഒരു സമുച്ചയമാണ്. കിടക്കാനുള്ള മുറികൾ, അടുക്കള, വിശ്രമമുറികൾ എല്ലാം വെവ്വേറെ പുരകളാണ്. ഇതിൽ ഒരു പുര അമ്പലമായിരിക്കും. ഈ അമ്പലം മിക്കവാറും പിതൃക്കൾക്ക് വസി ക്കാനുള്ളതാവും. കേരളീയരുടെ മതിൽഭ്രമം ഇവർക്കുമുണ്ട്. വീട് ഒരു മതിൽക്കെട്ടിനുള്ളിലാണ്. പൊക്കം കുറഞ്ഞ്, മിക്കവാറും കൊത്തുപണി ചെയ്ത കല്ലുകൾ ചേർത്തു വെച്ചുണ്ടാ ക്കിയതായിരിക്കും ഇത്. നമ്മുടെ മതിൽകെട്ടുകൾ കള്ളന്മാരെ പേടിച്ചാണെങ്കിൽ ഇവരുടേത് പി ശാചുക്കളെ പേടിച്ച്. പിശാചുക്കൾ എത്ര പൊക്കം കുറഞ്ഞ മതിലും ചാടി അകത്തെത്തില്ല എന്നാണ് അവരുടെ വിശ്വാസം. മതിലിന്റെ ഭംഗിയുടെ കാര്യത്തിൽ മാത്രം അവർ ഒരു വിട്ടുവീഴ്ച്ചയ്ക്കും തയ്യാറല്ലെ ന്ന് തോന്നുന്നു.

മതിൽക്കെട്ടിനു പുറത്തും മതിൽ ക്കെട്ടിനകത്തും ചെമ്പകമരങ്ങൾ തീർച്ചയായും ഉണ്ടാകും. ബാലി ക്കാർക്ക് ചെമ്പകം, ജംബകമാണ്. അവരുടെ ദേശീയ പുഷ്പമാണിത്. ബാലിപെണ്ണുങ്ങൾ ചെമ്പകപൂ വാണ് ചെവിയിൽ ചൂടുന്നത്. (ചെവിയിൽ പൂവു ചൂടുന്നത് ഒരു പഴയശീലമാണ്, അതിന്നും ബാ ലിക്കാർ തുടരുന്നു) ചെമ്പരത്തിയും ചെത്തിയും മഞ്ഞക്കോളാമ്പിയും മുറ്റങ്ങളിൽ കാണും. വലിയ പുരയി ടമാണെങ്കിൽ പുരകളും മരങ്ങളും ചെടികളും കൂടുതലുണ്ടായിരിക്കും.

ദരിദ്രന്റെയും സമ്പന്നന്റെയും രാജാ വിന്റെയും വീടുകളുടെ വാസ്തുശില്പ രീതി ഒന്നുതന്നെ. ഇപ്പോൾ മിക്ക വാറും മതിൽക്കെട്ടുകൾക്കുള്ളിലെ ഒരു പുര ഹോംസ്റ്റേയായിരിക്കും. ബാലിയിലെത്തുന്ന ടൂറിസ്റ്റുകൾ പല പ്പോഴും തുടർച്ചയായി വരുന്നവരായി രിക്കും. ആദ്യമവർ റിസോർട്ടുകളെ തിരഞ്ഞെടുക്കുമെങ്കിൽ പിന്നെപ്പി ന്നെ താമസം ഹോംസ്റ്റേകളിലും കളപ്പുരകളിലുമാക്കും. ബാലിയിൽ സർവ്വസാധാരണമായ സുനാമി ഭൂകമ്പ ഭീഷണികൾ പൊതുവെ കുടിലുകളിൽ കുറവാണല്ലോ. എന്നു മാത്രമല്ല ബാലിയുടെ ആത്മാവിനെ തൊട്ടറിയണമെങ്കിൽ ഇത്തരം കുടി ലുകളിൽ തന്നെ കഴിയണം.

ബാലിയിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്ന മറ്റൊന്നാണ് അവിടുത്തെ ഭക്ഷണം. ലോകത്തെ വിടെ നിന്നെത്തുന്ന സഞ്ചാരികളേ യും ഒരുപോലെ തൃപ്തിപ്പെടുത്തുന്ന ആഹാരരീതിയാണ് ബാലിക്കാരു ടേത്. ഇന്ത്യൻ യൂറോപ്യൻമംഗോ ളിയൻ ആഹാരരീതികളുടെ ഒരു മേളനമാണിവിടെ കാണുന്നത്. ഇന്ത്യയിൽ നിന്നെത്തുന്ന സസ്യാ ഹാരികൾക്ക് പോലും ഇവിടെ നിരാശെടേണ്ടി വരുന്നില്ല. Brem എന്ന റൈസ് വൈനിലാണ് തന തായ ബാലി ഭക്ഷണം ആരംഭി ക്കാറുള്ളത്. ചോറും കറികളുമാണ് ഏതു നേരത്തെയും ആഹാരം. ചോ റിനോടൊം അരികൊണ്ടുണ്ടാക്കിയ ചില അപ്പത്തരങ്ങളും ഉണ്ടാവും. കറികൾക്ക് പലതിനും നമ്മുടെ കറികളുമായി നേരിയ രൂപ, രുചി സാമ്യമുണ്ട്. പച്ചക്കറികൾ, പന്നിയി റച്ചി, കോഴി, എന്തെങ്കിലും കടൽ ഇറച്ചി ഇവ കൊണ്ടുള്ള കറികൾ മിക്കവാറും എല്ലാ നേരത്തുമുണ്ടാ കും. മേശപ്പുറത്ത് എപ്പോഴും basa rajang എന്നൊരു മുളക് ചമ്മന്തിയും കാണും. (വെളുത്തുള്ളി, ഇഞ്ചി, ഉണ ക്കമുളക്, ജാതിക്ക, മഞ്ഞൾ ഇതെ ല്ലാം ചേർന്ന ഒരു കുഴമ്പാണിത്) വറുങ് എന്ന തട്ടുകടകളിൽ ബാബി ഗ്ഗുളിംഗ് എന്ന പന്നിക്കുഞ്ഞ് ഫ്രൈ യാണ് പ്രധാന വിഭവം. അഞ്ചോ ആറോ കിലോ മാത്രം തൂക്കമുള്ള പന്നിക്കുഞ്ഞിനെ മസാല പുരട്ടി, വയറ്റിൽ മസാല നിറച്ച്, കമ്പിൽ കോർത്ത് തീയിൽ ചുട്ടെടുക്കുന്ന

താണ് ഈ വിഭവം. പഴങ്ങളുടെ സംസ്ഥാനസമ്മേളന വേദിയായിരിക്കും മിക്കവാറും ഡൈനിംഗ് ടേബിൾ. റമ്പൂട്ടാൻ, മാങ്ങഴം, മാങ്കോസ്റ്റിൻ, വാഴപ്പഴം, ചക്കഴം, പാഷൻഫ്രൂട്ട്, പൈനാപ്പിൾ, പായ, ഓറഞ്ച്, ആപ്പിൾ ഇവകൂടാതെ പേരറിയാത്ത നിരവധി പഴങ്ങളും നിരത്തിവെച്ചിരിക്കും. നമ്മുടെ ചക്കഴത്തോട് സാമ്യമുള്ള ദുരിയാനാണ് ഇവിടുത്തെ രാജകീയ പഴം. അല്പം ചീയുമ്പോഴുള്ള ഇതിന്റെ ഭീകരമായ നാറ്റം കൊണ്ടാവും റസ്റ്റോറൻറുകൾ ഇവയെ അടുപ്പിക്കാറില്ല. ഡകോപി ലിത്സ എന്ന ബാലിനീസ് കോഫിയിൽ ഏതു നേരത്തെ ഭക്ഷണവും അവസാനിക്കാറാണ് പതിവ്. മലയാളികൾക്ക് വേണമെങ്കിൽ തെപനാസ് (tehpanas) എന്ന ചൂട്പാൽ ചായയിൽ അവസാനിപ്പിക്കാം.

ഭൂമിശാസ്ത്രപരമായി കേരളവുമായി ബാലിക്കുള്ള ഏറ്റവും പ്രധാന വ്യത്യാസം അവിടുത്തെ അഗ്നിപർവ്വതങ്ങളാണ്. സജീവമായ രണ്ട് ഭീമൻ അഗ്നിപർവ്വതങ്ങൾ ഇവിടുണ്ട്. മുമ്പനായ മൗണ്ട് ആഗുംഗിന് 9944 അടിയാണ് ഉയരം. മൗണ്ട് ബാത്തുറിന് 5633 അടി ഉയരവും. ഈ അഗ്നിപർവ്വതം 2000ൽ പൊട്ടിത്തെറിച്ചപ്പോൾ നിരവധി ജീവനുകൾ നഷ്ടമായി. 2017 ൽ മൗണ്ട് ബാത്തുർ പുകഞ്ഞുകൊണ്ട് പൊട്ടിത്തെറിയുടെ വക്കുവരെ എത്തിയെങ്കിലും എന്തോഭാഗ്യം കൊണ്ട് ഉണ്ടായില്ല. ബാത്തുർ അഗ്നിപർവ്വതത്തിന്റെ ഒരു മുഖം (Caldara) വലിയൊരു തടാകമായി മാറിയിരിക്കുന്നു. 15.9 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ തടാകത്തിന്റെ കൂടിയ ആഴം 298 അടിയാണ്. വിനാശകാരികളായ ഈ അഗ്നിപർവ്വതങ്ങളേയും ബാലിക്കാർ ടൂറിസത്തിനായി ഉപയോഗിക്കുന്നു എന്നതാണ് രസകരം. മൗണ്ട് ബാത്തുറിന്റെ തൊട്ടടുത്തുവരെ നമുക്ക് വാഹനങ്ങളിലെത്താം. സാഹസികർക്കുവേണ്ടി അഗ്നിപർവ്വതട്രെക്കിംഗ് രണ്ടിടത്തുമുണ്ട്. ഈ അഗ്നിപർവ്വത ചെരിവുകൾ ബാലിയിലെ മികച്ച കൃഷിയിടങ്ങളാണ്. പ്രകൃതിയുടെ ക്രൗര്യത്തെ ഇവർ വളരെ ഗുണപരമായി ഉപയോഗിച്ചിരിക്കുന്നു.



ഒരു ദ്വീപ് പ്രദേശത്ത് ഉണ്ടാകാവുന്ന (ഉണ്ടാക്കാവുന്ന) മറ്റെല്ലാ ആകർഷണീയതകളും സഞ്ചാരികൾക്കായി ബാലി ഒരുക്കിയിരിക്കുന്നു. കേരളത്തിൽ നിന്നു ചെല്ലുന്ന നമുക്ക് അത്ര മനോഹരങ്ങളായി തോന്നിയില്ലെങ്കിലും ബാലിയിലെ ബീച്ചുകൾ സഞ്ചാരികൾക്ക് ഹരമാണ്. പലതരം ബീച്ചുകൾ ബാലിയിലുണ്ട്. ഈ ബീച്ചുകളിൽ എന്നെ ഏറ്റവും ആകർഷിച്ചത് അവയുടെ ശുചിത്വമാണ്. നമ്മുടെ ബീച്ചുകളിലുള്ള ആൾത്തിരക്കോ വൃത്തികേടുകളോ ഇവിടില്ല. യൂറോപ്പിലെയും അമേരിക്കയിലെയും ബീച്ചുകളേക്കാൾ ഭംഗിയും ശുചിത്വവും ഇവിടെയുണ്ട്. ബീച്ചുകളിൽ സാധാരണ ഒരുക്കുന്ന എല്ലാ വിനോദങ്ങളും ഇവിടെയുണ്ട്. സീ വോക്കിംഗ് എന്ന കടലിനടിയിലെ നടത്തമാണ് എടുത്തു പറയേണ്ട ഒരിനം. അല്പം സാഹസികത ഇഷ്ടപ്പെടുന്നവർക്ക് നല്ലതാണിത്. ബാലിയിലൊരിടത്തും മോഷണമില്ല എന്നാണ് അവർ പറയുന്നത്. ഏത് ബീച്ചിൽ നിങ്ങളുടെ വിലപിടിപ്പുള്ള എന്ത് സാധനം വച്ചു മറന്നാലും അതവിടെ ഇരിക്കും എന്നത് ബാലി ബീച്ചുകളുടെ ഒരു പരസ്യവാചകമാണ്. മലയാളിയുടെ സഹജമായ ശങ്ക നിമിത്തം ഇക്കാര്യം പരീക്ഷിച്ചു നോക്കാൻ ഞാൻ തുനിഞ്ഞില്ല.

ഉഷ്ണമേഖലാ കടൽതീരങ്ങളിൽ സർവ്വസാധാരണമായ മസാജിംഗ് ബാലിയിലും സജീവമാണ്. പരമ്പരാഗത ബാലി തിരുമ്മൽ ബോർഡ് വെച്ച കേന്ദ്രങ്ങൾ പലയിടത്തും കാണാം. സഞ്ചാരികളെ വളഞ്ഞിട്ട് പിടിക്കാനുള്ള ഒരു ശ്രമവും ഇത്തരം കേന്ദ്രങ്ങളിലില്ല എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു. ബാലിയിലെ പ്രത്യേക ആഘോഷദിവസങ്ങൾ അല്ലാതിരുന്നിട്ടും എല്ലാ വഴികളും വീടുകളും കുരുത്തോല അലങ്കാരങ്ങൾ കൊണ്ട് മനോഹരമാക്കിയിട്ടുണ്ട്. തമിഴർ വീടിനുമുന്നിൽ കളംവരയ്ക്കുന്നതുപോലെ എല്ലാദിവസവും വീടിനുമുന്നിൽ ഇത്തരം കുരുത്തോല അലങ്കാരങ്ങൾ അവർ ഒരുക്കുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. നഗരവീഥികളിൽ ഇത്തരം അലങ്കാരങ്ങൾ ഒരു



ശക്തമായ ഹിന്ദുസംസ്കാരം അവിടുണ്ടായിരുന്നതായി പറയുന്നുണ്ട്. വളരെ വർഷങ്ങളോളം ഡച്ചുകാരും നാട്ടുരാജാക്കാരും സൗഹാർദ്ദത്തിൽ തന്നെയാണ് കഴിഞ്ഞു വന്നത്. ബാലിയെ സ്വന്തമാക്കണമെന്ന ആഗ്രഹം ഡച്ചുകാർക്കുണ്ടാകുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ്. ഓരോരോ കാരണം പറഞ്ഞ് അവർ ഓരോരോ പ്രദേശങ്ങൾ പിടിച്ചെടുക്കാൻ തുടങ്ങി. അതുവരെ കളിയും ചിരിയുമായി നടന്ന ബാലിക്കാർ അപ്പോൾ നടത്തിയത് ഒരൊന്നൊന്നര ചെറുത്തുനില്പായിരുന്നു. ആയുധമെടുത്ത നൂറുകണക്കിന് ചെറുക്കാർ (ബാലിയിലെ രാജാക്കന്മാർക്ക് അക്കാലത്ത് സൈന്യം കാര്യമായി ഉണ്ടായിരുന്നില്ല) ഡച്ചുകാരാൽ കൊല്ലപ്പെട്ടു. അവസാനം ഒരു കൂട്ട ആത്മഹത്യയിലാണ് ചെറുത്തു നില്പ് അവസാനിക്കുന്നത്. പരസ്യമായി രാജാവും കുടുംബാംഗങ്ങളും സൈനികരും പൊതുജനങ്ങളും എല്ലാം പരസ്പരം കുത്തിയും വെട്ടിയും മരിക്കുന്ന കൂട്ട ആത്മഹത്യ. പൂപ്പുത്താൻ എന്നാണ് ഇതറിയപ്പെടുന്നത്. 1906ൽ ഡെൻപെസാറിൽ നടന്ന പൂപ്പുത്താനിൽ നൂറുകണക്കിന് പേരാണ് മരിച്ചത്. ജ്ലാൻ പുത്താൻ എന്ന് ഡെൻപെസാറിലെ ആ തെരുവ് ഇപ്പോഴും അറിയപ്പെടുന്നു. ഇന്ത്യൻ സത്യാഗ്രഹവുമായി ഒരു വിദൂരബന്ധം പൂപ്പുത്താന് ഉണ്ടെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. എന്തായാലും പൂപ്പുത്താനൊന്നും ഡച്ചുകാരുടെ മനസ്സ് മാറ്റിയിട്ടില്ല. ആ പറുദീസയെ അവർ സ്വന്തമാക്കി. അതിനെ ഒരു അമൂല്യനിധിപോലെ അവർ സൂക്ഷിച്ചു വെച്ചു. ലോകത്തെമ്പാടുമുള്ള സഞ്ചാരികളെ അക്കാലത്തുതന്നെ അവർ അങ്ങോട്ടു ആകർഷിച്ചു. അധിനിവേശകർ ബാലിയുടെ സൗന്ദര്യമാണ് കൊള്ളയടിച്ചത്; എത്രകൊണ്ടുപോയിട്ടും അതുമാത്രം തീർന്നു പോയുമില്ല. ഡച്ച് കാലത്ത് തുടങ്ങിയ സഞ്ചാരികളുടെ ഒഴുക്ക് ഇന്നും അഭംഗുരം തുടർന്നുകൊണ്ടിരിക്കുന്നു. വരുന്നവരെല്ലാം മനസ്സ് നിറച്ച് മടങ്ങിപ്പോവുന്നു. അണിഞ്ഞൊരുങ്ങി അവൾ എന്നും സഞ്ചാരികൾക്കായി കാത്തിരിക്കുന്നു.

ക്കാൻ ജീവനക്കാർ പോലുമുണ്ടത്രേ. ഡെൻപെസാർ എയർ പോർട്ടിനുള്ളിൽ വരെ ഇത്തരം അലങ്കാരങ്ങൾ കാണാം.

പാശ്ചാത്യരാജ്യങ്ങൾ പൊതുവെ ഇന്ത്യക്കാരായ സഞ്ചാരികളോട് താല്പര്യം കാണിക്കാറില്ല. വെള്ളക്കാർ അധികമെത്തുന്ന ആഫ്രിക്കൻ, ഏഷ്യൻ വിനോദ സഞ്ചാരകേന്ദ്രങ്ങളിലും സ്ഥിതി വ്യത്യസ്തമല്ലെന്നാണ് പലപ്പോഴും തോന്നിയിട്ടുള്ളത്. സായിപ്പിന് പ്രത്യേക പരിഗണനയാണ് ദരിദ്ര രാജ്യങ്ങളിൽ പോലും കിട്ടുന്നത്. എന്നാൽ ബാലിയിൽ സ്ഥിതി അല്പം വ്യത്യസ്തമായാണ് അനുഭവപ്പെട്ടത്. ഇവിടെ എത്തുന്നവരിൽ കൂടുതലും വെള്ളക്കാരാണെങ്കിലും ഇന്ത്യക്കാരോട് ഒരു പരിഗണന ക്കുറവ് ഉള്ളതായി തോന്നിയില്ല. എന്ന് മാത്രമല്ല പലരിൽ നിന്നും "നമ്മുടെ ആള്" എന്ന് കരുതിയുള്ള ഒരു ചേർത്തു നിർത്തൽ അനുഭവപ്പെടുകയുമുണ്ടായി. ബാലിക്കാർ അവരുടെ പിതൃഭൂമിയായി ഇന്ത്യയെ കരുതുന്നുണ്ടെന്ന് തോന്നുന്നു. നമ്മുടെ നാട്ടിൽ നിന്ന് വളരെയകലെ വേറൊരു നാട്ടിൽ നമ്മളോട് ഇത്തരം ഒരു സമീപനമുണ്ടാകുമ്പോൾ, ഇത്തരം പല അനുഭവങ്ങളും നേരിടേണ്ടി വന്നിട്ടുള്ള എനിക്ക് ബാലി തരളിതമായ ഒരോർമ്മയായിത്തീരുന്നു.

ബാലിയിൽ എങ്ങനെ ഇത്തരമൊരു സമൂഹമുണ്ടായി എന്ന കാര്യത്തിൽ തൃപ്തികരമായ വിശദീകരണം നൽകാൻ ചരിത്രകാരാർക്കായില്ല. മൂവായിരത്തിലേറെ കൊല്ലം മുമ്പത്തെ ജനവാസത്തിന്റെ അടയാളങ്ങൾ ഇവിടെ നിന്ന് കിട്ടിയിട്ടുണ്ട്. എന്നാണ് ഇവിടേക്ക് ഹിന്ദുസംസ്കാരം കടന്നുവന്നതെന്നറിയില്ല. തൊട്ടടുത്ത ജാവയിൽ നിന്നാണ് വന്നതെന്ന് കരുതുന്നവരുണ്ട്. എന്തായാലും 1597 ൽ സായിപ്പ് ആദ്യമായി അവിടെയെത്തുമ്പോൾ

# LEARN, UNLEARN AND RELEARN

## PERSPECTIVES ON EDUCATION IN THE AGE OF THE NEW NORMAL

**Joji Panicker**
CMS College, Kottayam



Acclaimed futurist and philosopher Alvin Toffler wrote, “The illiterate of the 21st century will not be those who cannot read and write, but those who cannot learn, unlearn, and relearn.” This is true about the present world undergoing a major transformation. The World is now going through a critical and unprecedented situation caused by the pandemic Covid-19 which was rather unanticipated. All sectors globally, including education, have been devastated by the impacts of the pandemic. The normalcy and the existing rhythm of our regular routines have been disrupted. Human race have already started looking towards happier and more positive futures, and to overcome the terrible toll that the COVID-19 pandemic is having on people’s lives throughout the globe. This has compelled us to determine and embrace a changed living scenario which is termed as the New Normal.

New Normal is a state to which an economy, society, etc. settles following a catastrophe, which differs from the situation that existed prior to the start of the crisis. This phrase initially emerged in relation to the financial crisis of 2007-2008, the aftermath of the 2008–2012 global recessions. It was used to caution the confidence of economists that industrial economies would bounce back to normalcy after the recession. Ian Davis, Managing Partner at McKinsey, in his article ‘The New Normal’, summarizes this: “For some organizations, near-term survival is the only agenda item. Others are peering through the fog of uncertainty, thinking about how to position them once the crisis has passed and things return to normal. The question is, ‘What will normal look like?’ While no one can say how long the crisis will last, what we find on the other side will not look like the normal of recent years.” Written during the



global financial crisis, these words could easily encapsulate the present pandemic scenario.

It was Slavoj Žižek, the Slovanian philosopher who exhorted to think about New Normal because the world will by no means go back to the old situation. The thinking generation of the present times has seriously considered this exhortation by Zizek. He opens up a knowledge system which re-interprets religion, politics, morality, humanity, aesthetic vision of humanity and the like. There are several thinkers who nurture this knowledge system with their novel ideas. Zizek represents a thought process known as Post continental Philosophy which includes philosophers like Gilles Deleuze, Alain Badiou, Michael Hardt, Antonio Negri, Catherine Malabou, Giorgio Agamben and Rosi Braidotti. New Normal is just one thought in this knowledge base. It is difficult to understand New Normal without understanding this philosophy. Zizek expounds New Normal as a counter culture to take place in the context of a financial anarchy created by the unrestrained encroachments of corporate capitalism. New Normal has been used in different contexts to mean that something which was previously not typical has become typical, and the Post Covid age also features it.

Human race have faced many challenges and overcome them, however the other side of each of these challenges has looked very different. A new normal state of life is not completely new in the history of human community. It has been occurring, though not frequently, in world history due to several other factors. But significantly for the present generation, the new normal situation appears to be strange and unforeseen. We discern it as very unexpected and uncanny since it happened in the form of a global pandemic disease directly affecting each and every human irrespective of any identity markers. Undeniably, on the one side, the after effect of the pandemic will have multiple consequences, but on the other side, the new normal situation created by the New Economic policies of the corporate will have unpleasant effects on the society and the living conditions of common people. We have already started experiencing this in our daily lives adversely and differently.

We have learnt lessons from the crisis and started evolving and adapting to the new normal; not just learning but unlearning age old practices and relearning things that have lost in the long way of advancement. The relearning of forgotten practices by embracing modernity in its most advanced form is the new normal. Prolonged closures and preventive measures have created severe uncertainty in all sectors. The biggest crisis was in the education sector. Educational institutions that used to be the place of formal education are now closed due to fear of disease. The post-pandemic period new normal opens an opportunity for rethinking and relearning the objectives of education. As we approach the new normal in the post-pandemic period, every aspect and arena of life has become digitalized.

Digital literacy turns out to be one of the primary skills to survive with its own disputes and prospects. There is sudden need and urgency

to learn new things, unlearn certain old ways and pattern, and relearn particular features and characteristics for the sake survival and new normal. There is a need to re-consider education in the light of emerging opportunities and challenges. With the sudden introduction of online platforms of learning, we could observe a significant growth in the digital literacy among teachers and students.

The academic community never thought that they would be exposed to the digital world. The pandemic situation forced teachers realize the necessity for integrating technology into teaching. As a result of this realization, many educational institutions shifted their base to online platforms of teaching and learning, and teachers were asked to upskill themselves. Most teachers were not prepared, as they did not have basic training in online education. But they accepted the challenge and adapted themselves to the new normal. Teachers have become learners in order to become better teachers. In the Kerala context we experienced the initiatives like 'E-Teaching with AKPCTA' and 'Learn in Lockdown' which initiated the online teaching learning process in the higher education scenario. That is indeed a paradigm shift.

Digital literacy includes technical ability to understand online systems, ability to see what information is out there and ability to generate such information. This digital age has shaped a new social order in education as in all other fields. Even if life returns to normal free from the fear of disease, we can no longer completely withdraw from the online learning system.

Online-face-to-face mixed learning methods will continue to emerge. However, the limitation of such classes is the lack of opportunities for process-based learning or the possibility of team work. The government has made it clear that online classes are not a substitute for face-to-face classes. Until the educational institutions reopen it should be seen only as a temporary system. Although Kerala is at the forefront of digital literacy, the general situation in the country is different. 65 crore people have no role in the virtual world. But the situation in Kerala is different. The number of people without a mobile connection here is very small. Now the Smartphone has become the main tool for learning. This change should also be conducive to maximizing the facilities in the educational institutions.

The digital revolution in education has been blamed for a number of crimes. The key is to automate the learning process. The reality is that change is needed in the curriculum and the underlying attitudes. One of the aims to make the curriculum relevant, appropriate, and responsive is the development of preparedness in times of crisis, catastrophes, diseases, and emergencies. There are existing curriculum goals that touch on a set of preparedness competencies in the diverse fields of study.

There is need to facilitate the learning, unlearning and relearning, considering the new normal period, there should be a more focused goal on preparedness in terms of global disease outbreaks. The new normal has socio-cultural and economic effects by changing our thinking pattern, behavioral styles, interactions, lifestyle and the like. The way we perceive everything as normal has changed. Educational field has the added responsibility of facilitating and scaffolding a generation to these changes in all spheres of society. The new learning outcomes have to focus on assistance and reinforcement, accordingly to the changing times and the resultant new normal.

A self introspection will facilitate to know whether we are really interested in unlearning what we have learnt. Unlearning makes us literate, educated, and wise. Unfortunately, the topic "unlearning" has not been much discussed in academia and the need for it is not emphasized in our educational institutions. If we are not open to new ideas and are unwilling to undergo a paradigm shift we will never be able to sustain in a world that has moved to the new normal due to the drastic changes brought by the pandemic. We should not allow ourselves to be controlled by our preconceived and misconceived notions, governed by myths, conditioned by false assumptions and misguided by wrong opinions we have formed about people. We will never flourish if we fall short in allowing our minds to let go of "mis-and-dis-beliefs" we have held and learnt over a period of time.

The perspectives of education in new normal period are also novel and revolutionary. More flexibility will be a key feature of the new era, which pervades every aspect of society thus education as well. This flexibility also brings about questions and solutions. Flexibility in life and societal aspects may raise questions about our long held reality in which we lived in pre Covid era. It also indicates that our understanding of normal must not be taken for granted because the reality that we used to reckon as normal will not be absolute but only relational and even temporal. We should start reinventing our mode of functioning to best utilize the new normal.

The academic community should be aware about the pitfalls of the new normal that we have to get used to and cautioned not to fall into the trap of legitimizing the corporate and business model of the new normal, rather evolve a novel model of education which is more inclusive, leading to social transformation and development. This is our chance to reinvent and create a better world where we can all study, work and live in the new normal era.

# ഓട്ടോക്രാറ്റ്

## ഗൂഗിൾ ഷീറ്റിൽ നിന്നും സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാൻ ഒരു സൗജന്യ ടൂൾ

**രമേശൻ സി.കെ.വി.**
ശ്രീനാരായണ കോളേജ്, കണ്ണൂർ



സാധാരണയിൽ ഉപരി ഒരുപാട് വെബിനാറുകൾ നടന്നുകൊണ്ടിരിക്കുന്ന ഒരു സമയമാണ് ഈ കൊറോണക്കാലം. ഇതിന് നമ്മെ സഹായിച്ചത് പലതരം ഓൺലൈൻ ആപ്ലിക്കേഷനുകൾ, പ്രത്യേകിച്ചും ഗൂഗിൾ ആപ്പുകൾ ആണെന്നതിൽ ആർക്കും തർക്കമുണ്ടാവില്ല. ഒരു സെമിനാറിൽ പങ്കെടുക്കുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം അതിൽ നിന്നും കിട്ടുന്ന അറിവിനോളം പ്രധാനമാണ് ഒരു സർട്ടിഫിക്കറ്റ്. പങ്കെടുത്തവർക്ക് വളരെ എളുപ്പത്തിൽ സർട്ടിഫിക്കറ്റ് എങ്ങനെ നൽകാം എന്നതിനെക്കുറിച്ച് ചിലർക്ക് അറിവുണ്ടാകുമെങ്കിലും പലർക്കും ഇത് അറിയണമെന്നില്ല.

ഓട്ടോക്രാറ്റ് എന്ന ആപ്പിനെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഇതിന്റെ പ്രത്യേകത ഇത് ഒരു സർട്ടിഫിക്കറ്റ് നൽകാൻ വേണ്ടി മാത്രമല്ല, നമ്മുടെ ഓഫിസ്, വ്യക്തിപരമായ ആവശ്യങ്ങൾക്കും ഉപയോഗിക്കാം എന്നുള്ളതാണ്.  ഇത് ഒരു ഫ്രീ ആഡ് ഓൺ മെർജ്ജ് ടൂൾ ആണ്.  നമ്മുടെ ഗൂഗിൾ ഷീറ്റിലെ ഏതൊരു വിവരവും ഡോക്യുമെന്റ് / പിഡിഎഫ് രൂപത്തിലാക്കി സ്റ്റോർ ചെയ്യാനും ഷെയർ ചെയ്യാനും ഈ ആപ്ലിക്കേഷൻ വഴി സാധിക്കുന്നതാണ്.

നമ്മുടെ ഗൂഗിൾ അക്കൗണ്ട് വഴി ഗൂഗിൾ ഷീറ്റിലേക്ക് ലോഗിൻ ചെയ്യുക. അതിൽ കാണുന്ന ആഡ് ഓൺ വഴി ഇത് വളരെ എളുപ്പത്തിൽ അതിൽ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ കഴിയും. ഓട്ടോക്രാറ്റ് ഉപയോഗിച്ച് ഗൂഗിൾ ഷീറ്റിലെ വിവരങ്ങൾ എങ്ങനെ സർട്ടിഫിക്കറ്റിലേക്ക് മാറ്റാമെന്ന് നമുക്ക് പരിചയപ്പെടാം. ക്യൂ. ആർ.കോഡ് സ്കാൻ ചെയ്ത് ഈ വീഡിയോ കണ്ടുനോക്കൂ.

# HURDLES TO JUSTICE

*The princess of the house,*
*Loved by all,*
*Engaged in daily chores*
*Fated for a big fall.*
*The elite of the village,*
*Powerful and rich.*
*Relished on the innocent prey*
*And took her tongue away.*
*Silence, Silence, Silence!*
*Bureaucrats remain hushed.*
*Obedience, Obedience, Obedience!*
*Khaki flashed lathis.*
*Hurdles to justice*
*Who can overcome?*
*Indian princesses in tears*
*Who can wipe?*

കേൾക്കുന്നതിന്
ക്യൂആർ കോഡ്
സ്കാൻ ചെയ്യുക.



**Dr. Surabhi Muth S**
Sree Narayana Arts and Science
College Kumarakom

ശാസ്ത്രവിചാരം



# അലൻ റ്റ്യൂറിങ്ങ്

**ഡോ. ഇന്ദുലാൽ ജി.**
സെന്റ് അലോഷ്യസ് കോളേജ്, എടത്വാ



ഗണിതലോകത്ത് പ്രശസ്തിയുടെ കൊടുമുടിയില് നില്ക്കുമ്പോഴും ഉള്ളിൽ കദനഭാരവുംപേറി ജീവിച്ച ചില ഗണിതജ്ഞരെ ഞാൻ നിങ്ങൾക്ക് മുൻപ് പരിചയപ്പെടുത്തുകയുണ്ടായി. ഇന്ന് ആധുനിക കണക്കുകൂട്ടലുകൾക്ക് അടിത്തറ പാകിയ കമ്പ്യൂട്ടർ സയൻസിന്റെ പിതാവ് അലൻ റ്റ്യൂറിങ്ങിനെ പരിചയപ്പെടുത്താം.

ബ്രിട്ടനിലെ ഒരു വിഖ്യാതകുടുംബത്തിൽ ജനിച്ച അലൻ റ്റ്യൂറിങ്ങിന്റെ പിതാവ് അക്കാലത്ത് ഇന്ത്യയിലെ സിവിൽ സർവീസ് ഉദ്യോഗസ്ഥനായിരുന്നു. വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടങ്ങളിൽത്തന്നെ അനിതരസാധാരണമായ ബുദ്ധിവൈഭവം അലനുണ്ടായിരുന്നു. ഗണിതശാസ്ത്രത്തിൽ റ്റ്യൂറിങ്ങിനുണ്ടായിരുന്ന താൽപര്യം അദ്ദേഹത്തിന് അദ്ധ്യാപകരുടെ ഇടയിൽപ്പോലും ശത്രുക്കളെ നേടിക്കൊടുത്തു. പഠനമെന്നാൽ സാഹിത്യകൃതികൾ മാത്രം പഠിക്കലാണെന്ന് സ്കൂൾ അധികൃതരുടെ വാശിക്കുമുന്നിൽ അടിയറവു പറയാതെ അദ്ദേഹം തന്റെ ഗണിതപഠനവുമായി മുന്നോട്ടു പോയി.

1927-ൽ തന്റെ പതിനഞ്ചാമത്തെ വയസ്സിൽ അക്കാലത്തെ ഗഹന വിഷയമായിരുന്ന കാൽക്കുലസിലെ ഏറെ പ്രയാസമേറിയ ചില

ഗണിതപ്രശ്നങ്ങൾക്ക് അലൻ പരിഹാരങ്ങൾ കണ്ടെത്തി. ആൽബർട്ട് ഐൻസ്റ്റീന്റെ ആപേക്ഷികതാസിദ്ധാന്തത്തിന്റെ സഹായത്തോടെ ന്യൂട്ടന്റെ ചലനനിയമങ്ങൾ വിശദീകരിക്കുമ്പോൾ അലന് പതിനാറാം പിറന്നാൾ ആഘോഷിച്ചിട്ട് 11 ദിവസമായിരുന്നു.

കണക്കുകൂട്ടലുകളുടെ ലോകത്ത് സായൂജ്യം കണ്ടെത്തിയ അലൻ, ഡേവിഡ് ഹിൽബർട്ടിന്റെയും കർട്ട് ഗോഡലിന്റെയും കണ്ടെത്തലുകൾക്ക് പുതിയ രൂപവും ഭാവവും നല്കി. ആധുനിക കമ്പ്യൂട്ടർ സയൻസിന്റെ പിറവിക്കു കാരണമായ 'ട്യൂറിങ്ങ് മെഷീനുകൾ' എന്ന സൈദ്ധാന്തികഗണിതരൂപത്തിന് അദ്ദേഹം 1931 ൽ ജന്മം നല്കി. ശാസ്ത്രീയമായ ഗണിതവഴിയുടെ ആധുനികരൂപമായ 'അൽഗരിതം' അലന്റെ സംഭാവനയാണ്. രഹസ്യ കോഡുകൾ ഉണ്ടാക്കുകയും അത് ആഴത്തിൽ മനസ്സിലാക്കുകയും ചെയ്യുന്ന ക്രിപ്റ്റോഗ്രഫി എന്ന ശാഖയിൽ പ്രാവീണ്യം നേടിയ അലൻ രണ്ടാം ലോകമഹായുദ്ധകാലത്ത് ഏറ്റവും താരമൂല്യമുള്ള ഗണിതജ്ഞനായിരുന്നു. യുദ്ധകാലത്ത് രാജ്യങ്ങൾ തമ്മിൽ കൈമാറിയിരുന്ന ഗൂഢാർത്ഥവാക്യങ്ങൾ പൊളിച്ചെടുക്കാൻ അലന്റെ സഹായം അനുപേക്ഷണീയമായിരുന്നു. ജർമ്മൻ സൈന്യത്തിന്റെ രഹസ്യകോഡുകൾ വായിച്ചു മനസ്സിലാക്കുവാനും അവരുടെ വിമാനങ്ങളെ ദിശതെറ്റിപ്പിച്ച് അപകടത്തിൽ പെടുത്തുവാനും റിങ്ങ് ബ്രിട്ടീഷ് സൈന്യത്തെ സഹായിച്ചു.

1945ൽ നാഷണൽ ഫിസിക്കൽ ലബോറട്ടറിയിൽ ആധുനിക കമ്പ്യൂട്ടറിന്റെ മാതൃക ഉൾക്കൊള്ളുന്ന ഒരു പ്രബന്ധം അദ്ദേഹം അവതരിപ്പിച്ചു. കമ്പ്യൂട്ടർ ഉപയോഗിക്കുന്നത് മനുഷ്യൻ തന്നെയാണോ എന്നറിയാൻ ആധുനികലോകം ഉപയോഗിക്കുന്ന CAPTCHA = Completely Automated Public Turing test to tell Computers and Humans Apart എന്ന സമ്പ്രദായത്തിന്റെ ഉപജ്ഞാതാവ് അലൻ ട്യൂറിങ്ങാണ്. രഹസ്യഭാഷ വിശകലനം ചെയ്യുന്ന ഉന്നതസൈനികസ്ഥാപനത്തിൽ അലൻ ആ വിഭാഗത്തിന്റെ തലവനായി 1947 വരെ സേവനമനുഷ്ഠിച്ചു. 1951 ൽ അലൻ ഗണിതജൈവശാസ്ത്രത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ജീവികളുടെ ശാരീരികാവയവങ്ങളുടെ വളർച്ചയ്ക്കു പിന്നിലെ രസതന്ത്രത്തെപ്പറ്റി പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ചെടികളുടെ ഘടനയിൽ ഫിബോനാസി സംഖ്യാശ്രേണികളുടെ സാന്നിദ്ധ്യത്തെപറ്റി പഠിച്ച അലൻ ജൈവഗണിതത്തിനു നൂതനമാനങ്ങൾ നല്കി. ജീവികളുടെ ശാരീരികപ്രത്യേകതകളെപ്പറ്റി ആഴത്തിൽ ഗവേഷണങ്ങൾ നടത്തിയ അലൻ ഡി എൻ എ യുടെ കണ്ടുപിടിത്തത്തിനു മുൻപുതന്നെ, പിന്നീട് ആധുനികലോകം ശരിവച്ച ധാരാളം നിരീക്ഷണങ്ങൾ നടത്തുകയും അവയൊക്കെ നവീന ജൈവഗണിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളായി മാറുകയും ചെയ്തു. ഇന്നത്തെ ശാസ്ത്രലോകത്തിന് അടിസ്ഥാനശില പാകിയ ധാരാളം കണ്ടുപിടിത്തങ്ങൾ നടത്തിയ അലൻ തന്റെ ജീവിതത്തിന്റെ സിംഹഭാഗവും കണക്കുകൂട്ടലുകളും അതിസങ്കീർണ്ണ ഗണിതപ്രശ്നങ്ങൾക്ക് എളുപ്പത്തിലുള്ള പരിഹാരപ്രക്രിയകളുമായി കഴിച്ചുകൂട്ടി.

രഹസ്യഭാഷയിലും ലിപിയിലും അതിന്റെ ക്രമരഹിതങ്ങളിലും മുഴുകിയ അലന്റെ ജീവിതാവസാനവും ഒരു പ്രഹേളികപോലെ, സമസ്യപോലെ ആയിരുന്നു. പ്രശസ്തിയുടെ കൊടുമുടിയിൽ നില്ക്കവേ, സ്വവർഗ്ഗാനുരാഗം ക്രിമിനൽ കുറ്റമായ ബ്രിട്ടനിൽ 19 വയസ്സുകാരനായ ആർനോൾഡ് മ്യൂറെയുമായി അരുതാത്ത ബന്ധം പുലർത്തിയതിന്റെ പേരിൽ 39 മത്തെ വയസ്സിൽ അലൻ ന്യൂറിങ്ങ് പോലീസ് കസ്റ്റഡിയിലായി. അമിതമായി ഈസ്ട്രജൻ ഹോർമോൺ കുത്തിവച്ച് ലൈംഗികശേഷി നശിപ്പിക്കുന്ന വിധിക്കു വിധേയനായ അലൻ ഈയൊരു കുറ്റത്തിന്റെ പേരിൽ താൻ അലങ്കരിച്ച എല്ലാ ഉന്നതപദവികളിൽനിന്നും പുറത്താക്കപ്പെട്ടു, ലോകമഹായുദ്ധകാലത്ത് ചുവന്ന പരവതാനി വിരിച്ച് അലനെ സ്വീകരിച്ച അമേരിക്ക അലനു പിന്നീട് അമേരിക്കയിൽ പ്രവേശനാനുമതി നിഷേധിച്ചു.

ഇതിനെത്തുടർന്ന് മാനസികമായി ഏറെ തളർന്ന അലൻ 1954 ജൂൺ എട്ടാം തീയതി സയനൈഡ് കലർന്ന ആപ്പിൾ കഴിച്ച് ആത്മഹത്യ ചെയ്തു. ഗണിതലോകം ദർശിച്ച മഹാപ്രതിഭയും ആധുനിക കമ്പ്യൂട്ടറിന്റെ പിതാവുമായ അലൻ ട്യൂറിങ്ങിനോടു കാണിച്ച മനുഷ്യത്വഹീനമായ, ക്രൂരമായ ശിക്ഷാവിധി തെറ്റായിപ്പോയെന്ന് 2009 ൽ അന്നത്തെ ബ്രിട്ടൻ പ്രധാനമന്ത്രി ഗോർഡൻ ബ്രൗൺ സമ്മതിച്ചു. അലൻ ട്യൂറിങ്ങിനെ കുറ്റവിമുക്തനാക്കുന്ന പ്രമേയം പാസ്സാക്കുവാൻ പിന്നീട് ബ്രിട്ടനിലെ പ്രഭുസഭയിൽ ആവശ്യമുയരുകയും വിഖ്യാതശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിങ് ഉൾപ്പടെ ഈ ആവശ്യവുമായി രംഗത്തുവരികയും ചെയ്തു. രണ്ടാം ലോകമഹായുദ്ധകാലത്ത് ബ്രിട്ടനു ചെയ്ത സേവനങ്ങളെ മുൻനിറുത്തി അലനു മേലുണ്ടായിരുന്ന കുറ്റത്തിനു മാപ്പു നല്കാനും സ്വവർഗാനുരാഗികളെ പാർശ്വവല്ക്കരിക്കാതിരിക്കാനുമുള്ള പ്രമേയത്തിനു 2012 ജൂലായ് 26 -ാം തീയതി പ്രഭുസഭ അംഗീകാരം നല്കുകയും 2013 ഡിസംബർ 24 എലിസബത്ത് രാജ്ഞി ഒപ്പുവച്ച് ആ പ്രമേയം പ്രാബല്യത്തിലാകുകയും ചെയ്തു.

മരണശേഷം ചലച്ചിത്രങ്ങളിലും പുസ്തകങ്ങളിലും ജീവിച്ച, ജീവിക്കുന്ന, അലനെ സ്വാഭാവിക പ്രകൃതിതാളത്തിൽനിന്ന് ഭിന്നമായ ജീവിതം നയിച്ച ആളെന്നതിലുപരി, പഠിക്കുകയും പുതിയ പുതിയ ഗണിതസങ്കേതങ്ങൾ കണ്ടെത്തുകയും, സാധാരണ ഗണിതജ്ഞർക്ക് അപ്രാപ്യമായിരുന്ന ഗോപ്യഭാഷയുടെ വളർച്ചയ്ക്കും ആധുനികലോകത്തിന്റെ ജീവസ്പന്ദനമായ കമ്പ്യൂട്ടറിന്റെ പിറവിക്കും കാരണക്കാരനായ ഗണിതപ്രതിഭയായിത്തന്നെ ലോകം വാഴ്ത്തുന്നു.

References

1. Steven G. Krantz, An Episodic History of Mathematics,2006

2. Harry Henderson , Alan Turing: Computing Genius and Wartime Code Breaker, Chelsea House, 2011



# മുറിവ്

കേൾക്കുന്നതിന്
ക്യൂആർ കോഡ്
സ്കാൻ ചെയ്യുക.

**കല സജീവൻ**
ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ



പുഴയിൽ നിന്ന് കരയിലേക്ക്
ചൂണ്ടകയറിപ്പോകുന്ന മീനാണ് പ്രണയപ്പെട്ട ഒരുവൾ.
പ്രാണൻ പിടഞ്ഞു ചാകുമെന്ന മുന്നറിയിപ്പുണ്ട്.
അടിത്തട്ടിൽ മുടിക്കുത്തുപിടിച്ച ചുഴറ്റിയെറിയുന്ന കയങ്ങൾ.
ഒളിച്ചേകണ്ടേ കളിക്കാൻ പാകത്തിന് കരിമ്പായൽച്ചുരുൾ മറകൾ -
ജലത്തിന്റെ നേർത്ത ചില്ലുപാളികൾ
അരികത്ത് ഉരസ്സിയാൽ മുറിയുന്നത്.
ഓരോ ചൂണ്ടക്കൊളുത്തും വരും വിളിക്കും
അവൾ കണ്ടില്ലെന്നു നടിക്കും, നീന്തും.
പതിവുപോലെയൊന്നുമാവില്ലെന്നുറപ്പുള്ള
ഒരു രാത്രിയുടെ തുടക്കത്തിലതു സംഭവിക്കും.
കിനാവള്ളി പോലതു നിലാവത്തു തിളങ്ങും
അമർത്തിച്ചുംബിക്കും
ഒറ്റ വലിയ്ക്ക് ആകാശം തൊടും.
കുളം കര ആകാശം
വെവ്വേറെ പ്രണയകാവ്യങ്ങളെഴുതും
ഒടുവിൽ കര,
പിടച്ചിൽ സത്യം.
പുഴയിൽ നിന്ന് കരയിലേക്ക് ചൂണ്ടകയറിപ്പോയ
പ്രണയപ്പെട്ട ഒരുവൾ മീനാകുന്നതങ്ങനെയാണ്.

# മലയാളി മനസ്സിന്റെ അപകേരളീകരണം

ഇ.പി. രാജഗോപാലൻ



അപകോളനീകരണം എന്ന വാക്ക് വായനക്കാർക്ക് സുപരിചിതമാണ്. ഇംഗ്ലീഷിൽ decolonization. വിദേശികൾ ഉണ്ടാക്കിവച്ചിട്ടുള്ള പ്രപഞ്ചബോധവും കാലബോധവുമുണ്ട്. ചരിത്രസങ്കല്പങ്ങളുണ്ട്. അതിൽനിന്നെല്ലാം മുക്തമായി നമുക്ക് നമ്മുടേതായ സങ്കൽപ്പങ്ങൾ ഉണ്ടാക്കാൻ കഴിയും. അതിന്റെ ഓർമ്മയിലുണ്ടായ വാക്കാണ് അപകേരളീകരണം.

നിരൂപണകൃതികൾ പ്രസക്തമായിത്തീരുന്നത് പറഞ്ഞ കാര്യങ്ങൾ തന്നെ പറയുമ്പോഴല്ല. കാളിദാസന്റെ 'മേഘസന്ദേശ'ത്തിലെ മേഘം ഒറ്റപ്പെട്ടുപോയ യക്ഷന്റെ ലൈംഗികതാൽപ്പര്യമാണെന്ന് ഒരാൾ നിരീക്ഷിച്ചപ്പോൾ അത് നിരൂപണത്തിൽ വലിയ പൊട്ടിത്തെറിയായി വായനക്കാർ വിലയിരുത്തുകയുണ്ടായി. മലയാളനിരൂപണത്തിന്റെ 150 വർഷത്തെ ചരിത്രത്തിൽ വളരെ കുറച്ച് കൃതികളാണ് തികച്ചും വ്യത്യസ്തമായ നോട്ടങ്ങളായി വന്നിട്ടുള്ളത്. അതിൻറെ ഊർജ്ജം ദീർഘകാലം നിലനിൽക്കുകയും ചെയ്യും. ആ നിലയ്ക്ക് ശ്രദ്ധിക്കപ്പെടാവുന്ന കൃതിയാണ് എ.സി. ശ്രീഹരിയുടെ 'അപകേരളീകരണം'.

കേന്ദ്രഭരണകൂടത്തിന് പ്രത്യേകിച്ച് ഭൂമിയില്ല, സംസ്ഥാനങ്ങളെയുള്ളൂ എന്നൊരു തത്വം നിലനിൽക്കുന്നുണ്ട്. അതുപോലെ കേരളം എന്ന പേരിൽ പ്രദേശമില്ല. അനേകം പ്രദേശങ്ങൾ കൂടിയതാണത്. കേരളമെന്നത് ചരിത്രപരമായി

ഉണ്ടായിവന്നിട്ടുള്ള അല്ലെങ്കിൽ അടിച്ചേൽപ്പിക്കപ്പെട്ട ഒരു സങ്കല്പമാണ്. കേരളത്തെ കേരളമായി തോന്നിപ്പിക്കുന്നത് മലയാളഭാഷയാണ്. ഭാഷയുടെ അടിസ്ഥാനത്തിലാണ് കേരളം ഉണ്ടായത്. അതുകൊണ്ടുതന്നെ കേരളം എന്നത് ഒരു പ്രദേശത്തിന്റെ പേരല്ല. കേരളത്തിനുള്ളിൽ കേരളം അല്ല ഉള്ളത്. പല പ്രദേശങ്ങളും പ്രകൃതങ്ങളും സംസ്കാരങ്ങളുമാണ്. അത് പൊതുവേ അമർന്നുപോകുന്നൊരു അവസ്ഥ ഉണ്ടെന്നതാണ് ഈ കൃതിയുടെ അടിസ്ഥാന നിഗമനം. അതുകൊണ്ട് ഒരു ബദൽ ചരിത്രവും സാഹിത്യസമീപനവും ആവശ്യമായി വരുന്നെന്ന് ശ്രീഹരി എഴുതിവെക്കുന്നു.

കേരളത്തെ പരിഗണിക്കുന്നതിലും പ്രധാനം പ്രദേശത്തെ പരിഗണിക്കുക എന്നതാണ്. 'അപകേരളീകരണ'ത്തിൻറെ ആമുഖപ്രസ്താവനയിൽ ഇത് പ്രകടമാണ്. കേരളീയത എന്നത് അഖണ്ഡത എന്ന ആശയവുമായി ബന്ധപ്പെട്ടതാണ്. വാസ്തവത്തിൽ അഖണ്ഡത ഒരു നിർമ്മിത അനുഭവമാണ്. ലോകത്തിന്റെ ഭംഗി പലമയിലാണ്. കേരളം ഭാഷാഭേദങ്ങളെ നിലനിർത്തും. പക്ഷേ അത് നിർബന്ധിതമായി അടിച്ചേൽപ്പിക്കപ്പെട്ട സ്ഥലമാണ്. മാനകഭാഷ എന്നത് നിർബന്ധബുദ്ധിയോടുകൂടി ഭരണസൗകര്യത്തിനുവേണ്ടി കൃത്രിമമായി ഉണ്ടാക്കിയതാണ്. ഈ നിരീക്ഷണമാണ് വളരെ സാഹസികമായി നവീനതയോടെ ശ്രീഹരി അവതരിപ്പിച്ചിട്ടുള്ളത്.

കേരളത്തിലെ വൈവിധ്യം വളരെ പ്രധാനമാണ്. ഈ വൈവിധ്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ജനാധിപത്യ-ഭരണകാര്യങ്ങളിൽ ഒരു പ്രദേശത്ത് ഒരുമ ഉണ്ടാക്കാവുന്നതാണ്. കേരളത്തെക്കുറിച്ച് ബാല്യകാലത്തുതന്നെ നമ്മളിലുണ്ടാകുന്ന പ്രതീതിക്കപ്പുറത്താണ് യാഥാർത്ഥ്യം എന്നാണ് ശ്രീഹരിയുടെ നിഗമനം. ആഗോളീകരണത്തിന്റെ ഭാഗമായി പ്രാദേശികസംസ്കൃതികൾ നശിച്ചുപോകുന്ന സമയത്ത് പ്രതിരോധമൂല്യത്തോടുകൂടി പ്രാദേശികകാര്യങ്ങളെക്കുറിച്ച് പറയുകയെന്നത് ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിൽ നടക്കുന്ന കാര്യമാണ്. അതുകൊണ്ടുതന്നെയാണ് കവികൂടിയായിട്ടുള്ള ശ്രീഹരി അപകേരളീകരണം എന്ന ആശയത്തെ അവതരിപ്പിക്കുന്നത്.




'കവിതയുടെ അപകേരളീകരണം' എന്ന ലേഖനത്തിൽ, 1928 ൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പയ്യന്നൂർ സമ്മേളനത്തിൽ ഐക്യകേരളപ്രമേയം പാസാക്കിയത് പരാമർശിച്ചിരിക്കുന്നു. അതോടുകൂടി കവിത അതിന്റെ പ്രാദേശികമായ സ്വത്വംവിട്ട് ഉപദേശീയവും ദേശീയവും സാർവദേശീയവുമായ മാനങ്ങളെ സ്വീകരിക്കാൻ തുടങ്ങി. കവിതയെന്ന് ഇന്ന് പറയുന്ന വ്യവഹാരം ഉണ്ടാകുന്നതിനുമുമ്പ് ഓരോ പ്രദേശത്തിനും ധാരാളം പാട്ടുകളുണ്ടായിട്ടുണ്ട്. നാടൻപാട്ടിലൊക്കെത്തന്നെ പ്രാദേശികമായ കാര്യങ്ങളടങ്ങിയിട്ടുണ്ട്. സാഹിത്യത്തിന്റെ അടിസ്ഥാനം പ്രാദേശികമായ സംസ്കൃതികൾ, സ്വപ്നങ്ങൾ, പ്രതിരോധസംരംഭങ്ങൾ എന്നിവയാണ്. ഇതുപയോഗിച്ച് ഇപ്പോൾ കവിതയിൽ നടക്കുന്ന വ്യത്യസ്തമായ ചില നീക്കങ്ങളെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ടി. എസ്. തിരുമുമ്പ്, വിദ്വാൻ പി. കേളുനായർ, കെ.എം. കുഞ്ഞിക്കണ്ണൻ എന്നിവരുടെ ആത്മകഥകളെക്കുറിച്ചും ശ്രീഹരി വിവരിച്ചിരിക്കുന്നു.



സാർവലൗകികസാഹിത്യമെന്ന് പറയാറുണ്ട്. അത് പാതിവെന്ത ഒരു യാഥാർത്ഥ്യമാണ്. സാഹിത്യത്തിന് ദേശീയമായ വേരുകൾ തന്നെയാണുള്ളത്. സാഹിത്യത്തിന് ലോകനിലവാരമെന്നൊരു നിലയില്ല. ഇംഗ്ലീഷ് സാഹിത്യത്തെ ഒരു മാനകമായി അവതരിപ്പിക്കാനുള്ള താൽപര്യത്തിൽ നിന്നാണ് ഒന്നാംലോകസാഹിത്യം, വിശ്വസാഹിത്യം എന്നിവപോലുള്ള സാഹിത്യം ഉണ്ടാകുന്നതെന്ന തത്വമാണ് പ്രധാനം. കേരളം വാക്കുമാത്രമായി ചുരുങ്ങാത്തത് പ്രദേശങ്ങളുള്ളതുകൊണ്ടാണ്. പ്രദേശങ്ങളില്ലാതെ കേരളമില്ല. എന്നാൽ കേരളമില്ലെങ്കിലും പ്രദേശങ്ങളുണ്ട്. ഈ തിരിച്ചറിവിന്റെ നിർവഹണമാണ് ഈ പുസ്തകത്തിലുള്ളത്. ഇത് വേറെത്തന്നെ ഒരു നോട്ടമാണ്. അപകേരളീകരണം എന്ന ആശയത്തിൽ അപകോളനീകരണം എന്ന ആശയം കൂടിയുണ്ട്. ബ്രിട്ടീഷുകാർ അവരുടെ റവന്യൂ ആവശ്യങ്ങൾക്കു വേണ്ടിയാണ് പ്രദേശങ്ങളെ താലൂക്കുകളായി തിരിക്കുന്നത്. അതിന്റെ തുടർച്ചയായാണ് ഭാഷാസംസ്ഥാനങ്ങൾ രൂപപ്പെടുന്നത്.

അപകേരളീകരണമെന്നത്



ടി.എസ്. തിരുമുമ്പ്, വിദ്വാൻ പി. കേളുനായർ

എ.സി. ശ്രീഹരിയുടെ നിലപാട് മാത്രമല്ല. മറിച്ച് തന്റെ അന്വേഷണങ്ങൾക്ക് വേണ്ടി കൃതികളെ തിരഞ്ഞെടുക്കുന്നതിനുള്ള ശ്രദ്ധയുടെ കൂടി പേരാണ് അപകേരളീകരണം. ഇത് സാഹിത്യത്തിലുപരി സിനിമയുടെ കൂടി വിഷയമാണ്. സിനിമയിലെ ആൺപ്രതികരണം കേരളം എന്ന ആശയവുമായി അടിച്ചേൽപ്പിക്കപ്പെട്ട ഒന്നാണെന്ന് ശ്രീഹരി വാദിക്കുന്നു. 'പുരുഷവിലാപങ്ങൾ' എന്ന ലേഖനം അടൂരിന്റെ 'എലിപ്പത്തായ'ത്തിന്റെ വിമർശനമെന്ന നിലയ്ക്ക് എഴുതുന്നു. പുരുഷന്മാരുടെ വീക്ഷണത്തിലാണ് സിനിമയിൽ സമരത്തെയും പ്രതിരോധത്തെയുംവരെ  അവതരിപ്പിക്കപ്പെടുന്നതെന്ന് 'ആൺസിനിമയുടെ 90 വർഷങ്ങൾ' എന്ന ലേഖനം തുറന്നുകാട്ടുന്നു. 'അമ്മത്തെയ്യങ്ങളും ആൺ സിനിമകളും' എന്ന ലേഖനത്തിൽ ജയരാജിന്റെ  'കളിയാട്ടം', പ്രിയനന്ദനന്റെ 'പുലിജന്മം' എന്നീ സിനിമകളെ കുറിച്ച് പറയുന്നു. കണ്ണപ്പെരുവണ്ണാനെക്കുറിച്ച് സുധീഷ് ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത 'ദേവനർത്തകൻ', എം.എ. റഹ്മാന്റെ 'ഗോത്രസ്മൃതി' എന്നീ ഡോക്യുമെന്ററി സിനിമകളെക്കുറിച്ചുള്ള വിവരണങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സിനിമ പ്രാഥമികമായും ആൺ നിർമ്മിതിയാണ്. സ്ത്രീകളെടുത്ത കുറച്ച് സിനിമകളെക്കുറിച്ചുള്ള പരാമർശങ്ങൾ അടങ്ങിയിരിക്കുന്ന ലേഖനമാണ് 'സിനിമയുടെ താവഴികൾ'. തായ് വഴികളാണ് താവഴികൾ. 'തന്തവഴി' എന്ന വാക്കിൻറെ എതിർലിംഗപദമായി പറയാൻ പറ്റുന്നതാണ് തായ് വഴി. ഇങ്ങനെയുള്ള നിരീക്ഷണങ്ങൾ പൊതുവേ മലയാളത്തിൽ കുറവാണ്.  'ചെറുസിനിമകളുടെ പുതുനൂറ്റാണ്ട് ' എന്ന ലേഖനം, പ്രദേശങ്ങൾ വലിയൊരു ലോകമല്ലെന്നും അതുകൊണ്ട് വലിയ സിനിമകൾക്ക് പകരം ചെറിയ സിനിമകളാണ് കേരളത്തിൽ നിർമ്മിക്കപ്പെടുന്നതെന്നുമുള്ള ആശയത്തിൽ ഊന്നിനിൽക്കുന്നു. ക്ലാസ് മുറികളിൽ സിനിമ വരുമ്പോൾ കുട്ടികളിലുണ്ടാകുന്ന മാറ്റങ്ങളെ ചിത്രീകരിക്കുന്നതാണ് 'ക്ലാസ്സിലേക്ക് കയറി വന്ന സിനിമ', 'സിലബസിലെ സിനിമ' എന്നീ ലേഖനങ്ങൾ.

സംസ്കാരപഠനമെന്ന് കൃത്യമായി പറയാൻ കഴിയുന്ന ഒരു പുസ്തകമാണ് 'അപകേരളീകരണം'. പുതിയവാക്കും പുതിയ ആശയവും ഉൾക്കൊള്ളുന്നത് കൊണ്ടുതന്നെ വിപുലമായ ശ്രദ്ധയ്ക്കും ചർച്ചയ്ക്കും ഇത് വിധേയമാകേണ്ടിയിരിക്കുന്നു.







# Re/presentation of women in the folklores of Gujarat

**Dr. Muralikrishnan T.R.**
MES Asmabi College Kodungallur



**Introduction: Gujarat and the tradition of folklore**

Folklore is often definedas "art and literature orally transmitted". William Bascom (1953) says, Folklore, is "a part of culture but not the whole of culture. It includes myths, legends, tales, proverbs, riddles, the texts of ballads and other songs, and other forms of lesser importance.... All folklore is orally transmitted, but not all that is orally transmitted is folklore". Folk literature is now treated as an integral part of cultural studies, humanities, history, languages, theology and many other disciplines of knowledge.Folklore in our national context performs a socializing function. It produces a sense of group identity considering our multilingual and multicultural quagmire and the ensuing complexities appended.The artistic expressions are shared as an understanding of life and the world and these provide space for artistic new interpretations.

It has been reported by literary historians from the colonial past that Oral tradition of Gujarati folklore dates back to the 12th



century. The use of the term “folk-lore” is attributed to William John Thoms 1846 which simply meant “the lore of the people”. Similarly in Guajarati, Ranjitram Vavabhai Maheta coined the term “lok” (lok) and doyens in the field of cultural domain like Zaverchand Meghani sees the possibility of the root of the term “lok” in the term “folk”. In Maghani’s view, the oral tradition was neglected. Lalita Handoo also takes the view that “folk” conceived as the unscientific, informal, and rural based and primitive. Folk literature is a tool which was used by indigenous people who were deprived of formal education and such narratives form the core of popular medium among rural people which is used as an expression of amusement while toiling. Folk literature functions as a mirror of time and place which capture the essence of life without any bias or prejudice. Rajesh Dabhi talks of six Indian seasons as six beauties, i.e. varshā, sharad, hemant, shishir, vasant, and grishma. Jawaharlal Handoo (13) and Hasu Yajnik (16-17) hypothesize that folk poetry or oral poetry is connected extremely with ritual and rites, i.e. the sixteen saṁskāras, commonly found in almost all parts of India.Poetry was the chief medium of expression in the rural narratives. This was easy to express, transmit, memorize and sing, even along with accompaniments.Here we have instances of many varieties such as Ballads, Akyan Kavyas (story in poems), Barmasi (poems round the twelve months), Fagu (description of glories of spring), seasonal songs, Bhajans (devotional songs),Garabo and others.‘Bhajans’,Chhappa, Rafis’ were devotionalin nature and ‘Akhyans’ were recited by the Mana Bhattis, in the open places of the village or in the lanes of towns.

Poets like Shamal, Narsingh, Mira, Wayaramare some of the poets who get included into the corpus of folk literature. Though religious themes are focussed upon, poets like Shamal tried to give a realistic projection of the social conditions. Further there aretribes who sing in praise of mother Goddess - Amba. They are also popular in the literary form called ‘Garbo’

Further, excepting in the folk art, and the folk stories told by the Bhats and Charans, there is very little projection of heroism in the poetry of this period. The word ‘Garabo’ came to be applied to the singing party itself, where men, but oftener women, move round and round in a circle, and sing to the accompaniment of a rhythmical clap of hands and feet. The dancers in motion, as well as the songs composed for this occasion are known by the common name ‘Garabo ’.

Charani Deval, like all other minor and major Charan goddesses, can be linked to Hinglaj, the Mahashakti and “spiritual foremother” of a long line of medieval and contemporary Charani Sagatis, deified women who became recognized as living goddesses during their lives. The devotional practices as reported by the narrative are different from the comtemporary hegemonic monolithic cult of Mother Goddess produced by the brahminical cult. There are numerous pre-brahminical cult forms of worship in the rural areas and they have their own rooted interpretations which go contradictory to the present system of worship. *Kamphorst*, *J*. (2008) dwells at length about Charan identities: “The most important spiritual foremothers of Deval are considered to be the goddesses Avar and Karni, pūrṇ avatārīs (full reincarnations) of the “original” goddess Hinglaj. Charani Sagatis of later medievaltimes and present-day living goddesses are classified as nimitt avatārī or part (as opposed to full) incarnations of Hinglaj”. Samaur (1999) links Charani Deval with Hinglaj, who is believed to have been an eighth-century Charani, daughter of Charan Haridas of the Gaviya (or Gauravia) lineage of Nagar Tatha in present-day Pakistan. For theTumbel Charan clans of Sindh and Gujarat, she is a historical Charani who appeared amongst their midst as Kohani-Rani in the Hala (Kohana) Mountains of Sindh when the Tumbel were leaving the mountains for the plains (Westphal-Hellbusch 1976:173). Kohani-Rani is remembered as literate Charani, chaste and an accomplished Yogini. Third in line after Hinglaj is Karni Mata; she is worshipped as a part incarnation of Hinglaj and a full incarnation and disciple of Avar in several temples in Deshnok near Bikaner. The unmarried status of deified women may also be due to sociological reasons: a woman possessed with divine power is thought to scare off prospective husbands. Karni apparently did find a man who was not scared easily, a feat which need not surprise us since Depal is believed to have been a



partial incarnation of Shiva. It is unclear whether or not one should see Karni and Depal's alliance as a real, in the sense of worldly marriage since it is believed that their marriage was never consummated and that Karni remained a virgin all her life. (*Kamphorst*. 2008)

The term "Shakti" is employed to refer to individual goddesses (Hanglaj, Devi, Chaumunda) as personifications of *śakti*, the female creative principle in Shakti traditions or the divine energy as embodied by a deity's wife in Shaiva and Vaishnava traditions. "Sagati" is the name used for regional incarnations of Shakti personified by Charan women.

Charanis are frequently projected as sooth-sayers, fortune tellers or interpreters of the omens who, meeting wandering warriors in the desert, presaged their rise to eminence or ultimate ruin (which reminds us of *Macbeth*).Some Charanis are held to have provided warriors with tangible military support to consolidate their new territories. In western India, warring Charani Kuldevi were also represented as female warriors who battle alongside male warriors or at the head of armies, inspiring warriors to fight (Samaur 1999 &N. Sharma 1999 cited in Kamphorst, Janet. 2008)

Samaur (1999) projects the self-sacrifice of Charan and compares these with the Rajputs. Charan women are believed to have given up their lives (or threatened to do so) to prevent cattle-thefts or to reclaim stolen cattle. Samur (1999) puts great emphasis on the perceived heroic nature of Charani self-sacrifices by favourably contrasting their heroism with the battle death of Rajput warriors, arguing that a Charan's or Charani's self-sacrifice surpasses a warrior's death because more courage is required to inflict death upon oneself than to "merely" have oneself slain by an enemy.

**Folklore and its compilation**

As per Gujarati tradition, there are numerous folk tales. They include stories inspired from *Hansavali, Bhoja-Velu, Pithat-Vejal, Rano-kumvar, Lodan-khimaro, Siddharja ane Babro, Kapro Chor, Dhola maru, Chandan-malayagari, Analde-devaro*. Looking at the Middle Age Gujarati literature, we find that the period was, as is the case with other Indian literature, dominated by poetry. In Gujarati, we have Narsinh Mehta Mirabai, Akho, Premanand, Shamal, Dayaram, Bhalan, Nakar,Bhim, Raje, Pritam, Dhiro, Bhojo and many others. The tradition of the general literature is chiefly found to be in the written form but the literature that was composed in the ancient and the medieval periods was meant not to be read, but to be listened to, to be sung. However, the compositions of the folk tradition do not assume a specific author. It is reshaped and reinvented by the later generations.

James Forbes, who loved Gujarat literature, spent 15-16 yearsof his youth in Gujarat. His observations and experiences have beenpublished from London in a book titled Oriental Memories running intofour volumes. It is in the third volume that we find his critical approach tovarious tales and ancedotes - bedtime tales, or tales of valour and heroism,in addition to his commentary on the folk arts. James Forbes was the first and foremost scholar to giveserious thought to the importance of Indian folklore.

Alexander Kinlock Forbes had preparedtwo parts of Rμsmμlμ after strenuous and devoted work. The publicationof these volumes in 1856 carries its own significance.

In 1860, Kavi Dalpatram had published a few folk tales based on oraltradition, in Buddhi-Prakash. A few worthy insights have been provided in connection with the cultural habits andpeculiarities of the Gujarati population. Both these



tales and those notesare quite remarkable, and apparently, this endeavour on the part of KaviDalpatram holds certain historical significance as well.

Kavi Narmad, in 1870, compiled verses probably sung by Nagar women titled Nagar Streeoman Gavatan Geet. It contains about 50 compositions that bear thename-stamp of 13-14 medieval poets. However, Kavi Narmad has provided apreface that throws light on the rites andrituals associated with wedding ceremonies, besides talking about toneand modulation. It may be noted Faramji Behmanji's *Tatha Kathiawad Deshni Vartao* (1870),

Rustom Khurshed Irani's *Lok-Katha* (1885), Harjivan Purshottam Shukla's *Bhadlivakya* (1882), Jivram Ajramar Gor's *Pratham Darshan* (1892), Gijubhai Badheka's *Vartanun Shastra* (1923) Hargovind Premshanker Trivedi's *Kathiawadni Juni Vartao* (1922) are some of the noted anthologies.

**Themes and recurrent patterns**

Among the tales of the folk tradition in the oral variety, there is a crude mixture of the real and the imaginary.  Generally these are narrated by professional tellers but sometimes it moves into group house hold dwellers and they create a new indigenous version. There are even cases of reworking of old legends and puranas. In the folk version Ramayana, the incident of Sita's kidnap by Ravana happens soon after the marriage with Rama occurs. Further, Kaikeyi asks Sita to draw the picture of Ravana eventually leading to the anger of Rama and Sita's expulsion. Similar 'distortions' from the 'original' version happens in Mahabharata also. In one case, Uttara was summoned at the time of Mahabaratha war and then she got united with Abhimanyu. This peculiar story is narrated Raykas among the Rabaris. Similarly, as it is common in the southern Dravidian myths, Lord Shiva get infatuated with Bhildi, and this localisation happens in the traditional narratives of Bhil tribals (Yagnik: 104-5)

As we move on to the localised versions in terms of deities and rituals, the most prominent of myths surrounding the Hindu goddess Bahuchara Mata gets significance. She belonged to the Charan caste, members of the Brahman class in Gujarat associated with divinity. One day Bahuchara Mata and her sisters were travelling when a looter named Bapiya attacked their caravan. This was considered a heinous sin. Bahuchara Mata cursed Bapiya with impotency and according to legend, self-immolated and cut off her own breasts (which is typical pattern in many Indian folktales). She vowed that the onlyway for the curse to be lifted was if Bapiya "worshiped Bahuchara Mata by dressing and acting like a woman." There are distinct implications of this myth for how the image of the Goddess is constructed. The aspect of caste is particularly significant. The Charans—to which Bahuchara Mata belongs—are esteemed within the caste hierarchy. Charan women are oftenthought of as "divine" goddesses; apart from Bahuchara Mata, a range of other localized Charan Mother Goddess figures exist including Hinglaj Mata, Aavad Mata and Karni Mata (*Kamphorst*. 2008). Charan means one who preserves the fame and glory. Theirs is an ancient community. They are mentioned in Vedas, the Ramayana, the Mahabharata and Shrimad Bhagwat and Puranas. According to Shyamaldas they have existed right from the ancient times. They spread into the areas like Kacchh, Kathiyawad, Rajasthn and Malva from the area called Telang. Their largest presence is inMarwad in Rajasthan. Apart from this, there are other 23 branches of Charans. Their energetic speech could change the coward person into a brave one and filled the heart of an utterly disappointed person.

There are times when the voices of dissent get accommodated into the scheme of things. They remain more at the sub-textual level. The themes generally focus on devotion to the deity (which belong to Vaishnav, Swaminarayan, Dashami, Nathpanthi, Margi, Pranami, Daspanthi traditions) love story, tales of bravery, heroism, ghosts, fables of beasts, monks and sometimes riddles to be sung during ceremonies and festivities. Protest can be understood as both the desire to question the authority of social, religious and political structures and the expression of this desire whether spontaneously or through organized display. It can be overt and covert. Openly voiced dissent or gestures of protest are part of the system but it lacks the infinite hues of the overt. Covert protest can exist in various styles and manifestations. Lamentation, subversive laughter and ridicule can be some expressions of covert protest. Women folk attempt to defy the marginality at least in the subtextual level. Folk forms spring from the heart of the folk or common people and reach out to the folk. Folk forms go on acquiring new strands of thoughts, ideas and issues which sometimes may burst into gestures of protest. In one of such traditions, we have songs sung by girls in memory of Dedaa, who sacrificed his life to save the cows. The girls beat their breasts

and sing in memory. It is perceived as stress-buster for girls who are denied proper education and this functions as a reliever to many. (Yagnik: 117)

In other folk traditons asserts such category are found. A few cited below. For instance, Kabigân in Bengal was used effectively to stir popular protest against the British colonial oppression in Bengal. Mukundadas, an eminent singer, costumed as a traditional folksinger or Câran, swept the countryside with his patriotic songs sung in the Kabigân style. This style was replete with the simple language-idioms and melodies of folksong. Women folk poets or 'Kavials' often lament the bleak lot of the women toilingunrewarded on farms and in households. A woman 'kavial' (folk poet)sings thus,

'*Pushye rtu nitya nutan*

*maiyar rtu nai sangsare*

*Khoda ei dunya jabe kon dine'*

*[For the men life brings such variety with every reason!*

*For women it is but one monotonous endless droll.*

*O God, will this system ever change*!]

The concluding prayer to 'Basundhara brata' or ritual fastwhich is held by women to ensure rain ends in sober note:

*'Basundhara devi mago tomay kori namaskar,*

*ei prthibite janmo jeno ar na hoi amar.'*

*[I pray to you O godess Basundhara, that I may not be born again on this earth]*

Such traces of a deep desolation and despondency underlie the women's ritualsongs.It may be noted that such the narratives inculcate and 'naturalize' the stereotyped image of house wife and mother. Interestingly a Punjabi folklore song emphasize the young lover's protest against social taboos and censors. For instance, a Bihu song says, 'God created the earth first And then created life, If this God could fall in love Why should we not?" (Birha and Dehotattva songs Trans; Hemango Biswas, 1967)

**The angst of women expressed in folklore**

Like all pre-modem societies, in Gujarat also the birth of a girl-child was considered as a curse. This is reflected in various songs. A girl was looked upon as a burden like a snake (*sap no bharo*) and many epithets were given to her at the time of birth such as a stone has been given birth or the parents are considered impotent even if there are daughters and no son. No sweets were distributed if a girl child was born. On the contrary the custom among certain castes like Jadeja Rajputs and Kulin Kanabis whose marriage customs involved very heavy expenditure led to the inhuman practice of female infanticide popularly known, as *Dudha piti*.

After a girl child was born no special attention was paid for rearing her up. It was not considered essential for her to get any schooling or education. Very few girls knew the three Rs. On the contrary it was believed that if she is educated she will be a widow, and such other things. It was further believed that whatever training was necessary, she will get in the family. So there was no need for her to go to village school for getting trained. There may be some stray incidents of learned women, who composed poetry like Mirabai, Diwalibai, or there may be instances of some Nagar women who knew Persian or Sanskrit,but these instances were few and far between. The main aim of the life of a girl was to get married and be the mother of sons. The girls were married between the age of 3 and 11 years and 13 was the maximum limit to which she was kept unmarried. There are instances often embedded within the narrative that woman assert her feminine identity to resist the patriarchal control. Vallabha Bhatt, the Gujarati poet, (Samvat 1696-1796) has expressed that wretchedness in a beautiful ballad-song, which has had some influence in abating this social evil. From it the following lines are quoted, addressed

to the Goddess Mother —

*"Goddess mother, old is the husband, thou hast given me.*

*Mother, accursed is this coming to life of mine, alas, what more*

*can I say ?*

*Goddess mother, a little child am I, and he a great lumbering,*

*aged man.*

*My youth is life, a blossom, and my husband is a shrivelled mummy.*

*Mother, mine are just sixteen years and he has seen his eighty.*

*Goddess mother, of a winter's night, there is many a taste one feels.*

*But doltish is old age, and my husband is deaf and dumb,*

*Goddess mother, sportive am I, would like to play and I make my*

*eyes twinkle.*

*But, mother, he says, "I'll beat you" and lifts his stick in his hand.*

*Old is my husband, mother, what good can come out of age ?*

*Goddess mother, on the festival all the girls are gaily dressed and*

*merry,*

*But my husband is tired and weak and ugly, and 1 bend my head*

*in shame !*

*Mother, my hair is black and his head is all white or grey.*

*My youth is at its blooming, and already my life is wrecked.*

*Goddess mother, why was not I strangled at birth, why was not I*

*poisoned ?*

*Yet, if my husband die, it is my part to be true to death.*

*May, Goddess mother, with joined hands I pray at thy feet.*

*When I am born again, give me a husband that is ypung and*

*strong. ''* (Translated by Otto Rothdeld in *Women of India*, pages 56-57)

Here we may also point out that there was another form of ill-assorted marriage viz., the girl was senior in age to the boy by a few years. The anxiety of the girl in bloom is recorded in some folk songs. One of them says, "I have passed twelve spring, and he is only a child of fifteen months, How shall I pull on?"

There are such occasions when the girls often counter the cultural confinement to the image of sexual and social passivity by subjecting herself to the image of charming body, bearing babies and caring her family.

The Aanum song can also be included here. The yearning for union with her lover is often projected. May be the –laws will be coming with all precious things, but she should be ready to go bare-footed with her man of choice. In the folk-song 'Umcho maalo ne niche baajri', the newly married wife is unwilling to go with her father-in-law, mother-in-law or brother-in-law. She is ready only when her man comes. In certain tragic narratives, her expected husband never comes, but his body reaches her. There are lyrics which express her death wish. *"Daabli bhari-ne amal moklo to*

*jhat enaa dhumtdaa bhari jalam-no chhutako karum"*

(Please send a small box full of opium, so that I would quickly drink its mouthfuls and free myself from life)

It is interesting to note that the creator of those narrative has not fully endorsed himself to follow the male perspective or the patriarchal norms.

Another folk song conveys her heart's yearnings in rather an



enigmatic way: she requests the passers-by to give one swing to the cradle wherein was sleeping a child. Some thought it was her son,others thought it was her infant brother. She cleared their doubt by giving out the bitter truth that it was her husband!

The custom of polygamy is also referred to. Almost all castes permitted the husband to take a second wife in the life time of the first. The grounds for second marriage were various; one of the most important being childlessness or having only female children. The undesirable lot of co-wives was a common theme for folksongs and for poets describing the Kali Age. To have the status of a co-wife for a woman was explained by mentioning certain misdeeds of the previous birth, e.g., one must have committed the sin of killing a Brahmin or one must have tortured the mother-in-law or sister-in-law; or one must have robbed somebody of his wealth, or might have poisoned some body; then only such misfortune befalls on a lady.

The concept of woman's role in pre-modern society has been well described by Sjoberg, in his work on 'Pre-Industrial City.' He says, "Women are apt to fear men, and men view women in a startlingly ambivalent manner. On the one hand, women are the fount of all that is pure and good: the long suffering mother may take on a "goodess-like" quality. But paradoxically, women in general, even a young wife, are considered inherently "evil" and even capable of undermining a man's virility if given the chance... Practically everywhere in traditional urban milieux... women are adjudged by men to be deficient in Intellectual qualifications to be flighty, insincere, irresponsible, treacherous, to be physically weak, and what is more, to lack the will to resist the temptation - all deemed sufficient reasons for denying them a significant role in community and societal affairs. (Gideon Sjoberg: 1962). All these attributes were associated more or less with women as reflected in the poems of Shamal, Krishnaram and others.

## Conclusion

As it has demonstrated in this brief study, the traditional folk songs of Gujarat belonging to the various communities such as Mer, Kathi, Rabari, Charan and others do have something very intense to say from the subtextual level regarding their women folk. When the traditonal narratives are scrutinised, one can perceive the depiction of women at the social level and its deeply rooted pangs associated with life. The native oral tradition is conceived and created to suit the ceremonial festivities and the agricultural modes of living. It is quite evident that there is an attempt on the part of the chronicles to inculcate and 'naturalize' the stereotyped image of house wife and mother. There are occurences where the women folk defy the marginality at least in the subtextual level in certain cases to express their angst. There are illustrations where the woman get the chance to assert her feminine identity to resist the patriarchal control. Rather than just being an image of sexual and social passivity, the folklore narrative at various points challenge and disrupt the partriachal tradition more covertly than overtly. Further studies on the narrative position taken by the *auteur* in each extract of Gujarati folklore will be more enlightening.

## References

A. K. Ramanujan, "Who Needs Folklore? The Relevance of Oral Traditions to South Asian Studies," South Asia Occasional Papers (University of Hawaii) 1990.

Bhagwat, Durga. *Gujrathchya Lokkatha* Part 2. Pune: VaradaPublication, 1977.

Biswas, Hemanga. *A Glorious Heritage in Folkmusic and Folklore: An Anthology. Vol.1* (ed.) Hemanga Biswas, et al. Folkmusic and Folklore Research Institute: Calcutta. 1967.

Clauss, Peter J. and D.P. Pattanayaka. *Indian Folklore. Vol. 1*. Mysore: CentralInstitute of Indian Languages.

D.Rajesh & Dr.P.Kusuma Harinath, 'A Study of Banjaras, Lambada's,Sugali's (Tribal) Oral Literature in India', BODHI, International Journal of Research in Humanities, Arts and Science, 2018.

Gideon Sjoberg. *The Preindustrial City: Past and Present*. Pp. xii, 352. Glencoe, Ill.: Free Press, 1960. $6.75 - S.N. Eisenstadt, 1962.

Jani, Balvant.'Contribution of Gujarat to the field of folklore'.*Indian Folklore Research Journal* : Vol: 1: No: 2: May 2002. National Folklore Support Centre.

Kamphorst, Janet. 2008. 'Charan Identities', *In Praise of Death*. PhD diss., Leiden University

M. R. Majmudar. *Cultural History of Gujarat: From Early Times to Pre-British Period*. New York: Humanities Press, 1966.

Munshi,K.M. *Gujarat And Its Literature : From Early Times to 1852*. 2nd ed. Bombay : Bharatiya Vidya Bhavan, 1954.

Neera Desai.1964. *Gujarati Society in Nineteenth Century. An Analysis of Social Change*. PhD diss., M.S. University Of Baroda https://shodhganga.inflibnet.ac.in/bitstream/10603/58547/4/04_chapter%202.pdf

Pooja Prafulbhai Vithani, 'Gujarati Folk Literature: A Melodious Facet of Philosophy and Spirituality', The Global Journal of English Studies Vol. II, Issue III September 2016

Rothfield, Otto. *Women in India*, The Project Gutenberg EBook, Release Date: October 30, 2015. http://www.gutenberg.org/files/50346/50346-h/50346-h.htm.

Shamal, Suda Bahoteri. 'Brihad Kavya Dohan', cited in Neera Desai. Gujarati Society in Nineteenth Century. An Analysis of Social Change. 1964.

Yagnik, Hasu. *Folklore of Gujarat* (trans. N.M. Kansara) National Book Trust of India, New Delhi, 2002.

# വേലയിൽ വ(ി)ളയുന്ന വിദ്യാഭ്യാസം

**ഡോ. റീന എ.എം.**
ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ



ചർച്ചകളൊന്നുമില്ലാതെ പാസ്സാക്കാൻ കഴിയുന്ന തരത്തിൽ ഉയർന്നിരിക്കുകയാണ് നമ്മുടെ രാജ്യത്തിന്റെ നയങ്ങൾ. അല്ലെങ്കിലും നയങ്ങൾ പഠിച്ച് പാസ്സാവുന്നതിനേക്കാൾ എളുമാണ് നയങ്ങൾ പാസ്സാക്കുവാൻ. വീട്ടിനകത്ത് (House of people) ചർച്ചകളൊന്നുമില്ലാതാകുമ്പോൾ ചർച്ചകളില്ലാത്തതിനെക്കുറിച്ച് നാട്ടിലെല്ലായിടത്തും ചർച്ചകളുണ്ടാകും. അത്തരം ചർച്ചകൾ നിറഞ്ഞ ഒരു കാലത്താണ് നാം ജീവിക്കുന്നത്. പഠിക്കുന്നതിനെക്കുറിച്ചും പരീക്ഷകൾ പാസ്സാവുന്നതിനെക്കുറിച്ചും തന്നെയാണ് നാം ആലോചിക്കുന്നത്. നിരന്തരം പരീക്ഷകൾ നടത്തിക്കൊണ്ടിരുന്നാൽ ഒരു ജനതയെ നിയന്ത്രിച്ചു നിർത്താനാവും എന്നു പറഞ്ഞത് ബർണാഡ് ഷായാണ്. പരീക്ഷകൾ കുറഞ്ഞതുകൊണ്ടാണ് നാം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചത്. ഓരോ പരീക്ഷ കഴിയുമ്പോഴും കുറേപ്പേരെ നമുക്ക് മാറ്റിനിർത്താനാവും. അഞ്ചാം ക്ലാസ്സിലേക്കും എട്ടാം ക്ലാസ്സിലേക്കും കൂടി പൊതുപരീക്ഷ കൊണ്ടുവരുന്നത് ഇതിനാണ്.

ദൂരതപരിവർജ്ജയേത് - വിദ്യാഭ്യാസത്തിൽ നിന്നും എത്രത്തോളം അകറ്റിനിർത്താനാവും എന്നു തന്നെയാണ് എല്ലാകാലത്തും നാം ചിന്തിച്ചിട്ടുള്ളത്. അല്ലെങ്കിലും അധ്യാപകർ ഏറ്റവും കൂടുതൽ പറഞ്ഞ ശകാരം നിനക്കൊക്കെ വേറെ വല്ല പണിക്കും പൊയ്ക്കൂടേ എന്നായിരിക്കും. വേറെ ഒരുപാട് പണികളറിയുന്നവർക്ക് പറ്റിയ പണിയല്ല പഠനം, നിങ്ങൾ കുറേ ആളുകൾ അറിയാവുന്ന പണികൾ ചെയ്താൽ മതി. ഒരുപണിയും അറി



യാത്തവർക്ക് പറ്റിയ പണിയാണ് പഠനമെന്ന് ശകാരത്തെ ശ്ലേഷിച്ച് കുട്ടികൾ ചിരിക്കുന്നുണ്ടാകും. ആറാംക്ലാസ്സ് മുതൽ തൊഴിൽ പഠിപ്പിക്കുന്നത് ഒരു കരുതലാണ്. ഒരു പ്രതീക്ഷയുമാണ്. എട്ടാം ക്ലാസിലെ പൊതുപരീക്ഷയിൽ ഇവൻ/ഇവൾ തോറ്റാൽ തൊഴിലിലേയ്ക്ക് തിരിച്ചുവിടാം. രാഷ്ട്രത്തിനുവേണ്ടി ജോലി ചെയ്യിക്കാം. പഠനം എല്ലാവർക്കും നടത്താൻ പറ്റിയ ഒരു പ്രവർത്തനമാണെന്ന് വ്യാമോഹിക്കരുത്. എട്ടുംപൊട്ടും തിരിയാത്തവരെ നമുക്ക് എട്ടിൽ പിടിച്ച് ചാപ്പ കുത്താം. ഭാഗ്യം കൊണ്ട് ആരെങ്കിലും 8 കടന്നുപോയാൽ നമുക്ക് 12ൽ കൃത്യമായി ഒഴിവാക്കാം.

എല്ലാവരും പഠിച്ചാൽ നാട്ടിലെ ജോലികളൊക്കെ ആരുചെയ്യും എന്നത് ഇന്ത്യാക്കാരുടെ ചോദ്യമാണ്. ഇതൊരു കൊളോണിയൽ ചോദ്യവുമാണ്. പഠിക്കുന്നത് വലിയ ജോലികൾ ചെയ്യാനാണ്. അത്തരം ജോലികൾ ചെയ്യുന്നതിന് ചിലരെ മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്നു. നീയൊന്നും അതിന് മുതിരാതെ ഇപ്പോൾത്തന്നെ മറ്റു പണികൾക്ക് പോയാൽ മതിയെന്ന് പുതിയ വിദ്യാഭ്യാസ നയം 8ാം ക്ലാസുകാരോട് പറയുന്നു. നൈപുണീവിദ്യാഭ്യാസം ഒരു ഗ്ലോബൽ അജണ്ടയാണ്. ആവശ്യമുള്ളത് സപ്ലൈ ചെയ്യുക. ഇത് എല്ലാ കാലത്തെയും ഒരു മുതലാളിത്തയുക്തിയാണ്. ഈസ്റ്റ് ഇന്ത്യാകമ്പനി, ലാഭത്തിൽ ഒരുലക്ഷം രൂപ മിച്ചം വെച്ചപ്പോഴാണ് കമ്പനിക്കുതന്നെ പ്രയോജനകരമാകുന്ന രൂപത്തിൽ ഇന്ത്യാക്കാർക്കുവേണ്ടി ഒരു പദ്ധതി തയ്യാറാക്കുക എന്ന ചിന്ത വന്നത്. അതിനുവേണ്ടി അവർ കണ്ടെത്തിയത് വിദ്യാഭ്യാസ പണ്ഡിതനും കൂടിയായ മെക്കാളെയെ ആയിരുന്നു. ആകൃതികൊണ്ട് ഇന്ത്യാക്കാരനും ചിന്തകൊണ്ട് വിദേശിയുമായ കുറേ ആളുകളെ നിർമ്മിച്ചെടുക്കുക. അതിനുവേണ്ടിയായിരുന്നു ആദ്യത്തെ വിദ്യാഭ്യാസ പദ്ധതിമെക്കാളെ മിനുട്സ് രൂപപ്പെടുത്തിയത്. ആർക്കുവേണ്ടിയുള്ള വിദ്യാഭ്യാസമായിരുന്നു ഇത്? അന്നത്തെ മുതലാളിത്തത്തിന്റെ ആവശ്യം സേവനമേഖലയിൽ പ്രവർത്തിക്കുവാനുള്ള കുറേ തൊഴിലാളികളെ ആയിരുന്നു. അപ്പോൾ മുതലാണ് കോളറിന് വെളുപ്പുനിറം വെക്കാൻ തുടങ്ങിയത്.

ഇന്ന് കാര്യങ്ങളാകെ മാറിയിരിക്കുന്നു. സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസംപൊതുവിദ്യാഭ്യാസം നടപ്പിലാക്കിയ പ്രദേശങ്ങളിലൊക്കെ പഴയ ചില ആഗ്രഹം പോലെ കുറച്ചല്ല കുറച്ചധികം ബി.എക്കാരേയും എം.എക്കാരേയും സൃഷ്ടിച്ചെടുത്തിരിക്കുന്നു. പാടത്ത് പണിയെടുക്കുന്നവൻ ബി എക്കാരനായിരിക്കുന്നു. നമ്മുടെ നാട്ടിൽ

നിന്നുപോകുന്ന സാധാരണ തൊഴിലാളിക്കുപോലും പ്രാഥമികമായ വിദ്യാഭ്യാസം (SSLC, +2) ഉണ്ട്. ഓരോ ദിവസവും അവൻ ചെയ്യുന്ന ജോലി (Labour) യിലെ കൃത്യത, ആത്മാർത്ഥത, കണിശത തുടങ്ങിയവയ്ക്ക് അവൻ/അവൾ ഇരുന്ന ക്ലാസ് മുറികളോട് കടപ്പെട്ടിരിക്കുന്നു. തൊഴിൽ പരിശീലിപ്പിക്കാനാണെങ്കിൽ എന്തിനാണ് സ്കൂളിൽ പറഞ്ഞയക്കുന്നത്. ജോലി നേടുക എന്നത് അടിസ്ഥാനപരമായി ജ്ഞാനനിർമ്മിതിയുടെ ഒരു ലക്ഷ്യമേ ആയിരുന്നില്ല. വേലയിൽ വിളയുന്ന വിദ്യാഭ്യാസത്തെക്കുറിച്ചാണ് ഗാന്ധിജി പറഞ്ഞത്. അത് ഒരിയ്ക്കലും വിദഗ്ധ, അവിദഗ്ധ തൊഴിലാളികളെ സൃഷ്ടിക്കുന്ന ഒരു വിദ്യാഭ്യാസ പ്രക്രിയ ആയിരുന്നില്ല. എന്തെങ്കിലും തൊഴിലെടുത്തുകൊണ്ട് പഠിക്കുന്നത് കുട്ടിയുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് സഹായിക്കുന്നു എന്ന നിലയ്ക്കാണ് അത്തരമൊരു ആശയം മുന്നോട്ടുവെച്ചത്. സർവ്വോദയം എന്നത് കോർപറേറ്റ് പണിശാലകളെ സൃഷ്ടിക്കാനുള്ള സങ്കൽം ആയിരുന്നില്ല. അത് ഒരു സമൂഹത്തിന്റെ ഭൗതികവും ബൗദ്ധകവും സാംസ്കാരികവുമായ വളർച്ചയെ ലക്ഷ്യമി ട്ടുകൊണ്ടുള്ള ഉന്നതമായ സങ്കല്പമായിരുന്നു. അനാവശ്യമായി അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ പിൻബലത്തിൽ മൂലധനശക്തികൾക്ക് അടിമപ്പണി ചെയ്യാൻ ഭൂരിപക്ഷം വരുന്ന ഇന്ത്യാക്കാരെ പാകപ്പെടുത്താൻ ശ്രമിക്കരുത്. IQ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ എല്ലാവരെക്കൊണ്ടും തൊഴിലിന്റെ മാന്യത ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിവർത്തനോൻമുഖമായ രാഷ്ട്രീയ പ്രക്രിയയായിരുന്നു ഗാന്ധിജിയുടെ അടിസ്ഥാന വിദ്യാഭ്യാസം. വേല ചെയ്തുകൊണ്ട് നേടുന്ന അറിവ് വ്യക്തിയിൽ ആത്മബോധത്തെ വളർത്തുവാൻ സഹായിക്കുന്നു. സൗജന്യമായി നേടുന്ന അറിവ് പിന്നീട് വ്യക്തിയിൽ അപകർഷതാബോധമാണ് ഉണ്ടാക്കുന്നത്. അതുകൊണ്ടാണ് ഗാന്ധിജി സ്വാശ്രയത്തെക്കുറിച്ച് പറഞ്ഞത്. മറ്റാരെയും വീട്ടുകാരെ ആശ്രയിക്കാതെ, സർക്കാരിന്റെ സഹായമില്ലാതെ താൻ ചെയ്യുന്ന ജോലിയിൽ നിന്നും തന്റെ വിദ്യാഭ്യാസത്തിനുള്ള വക കണ്ടെത്തുവാനുതകുന്ന രീതിയിൽ പരിവർത്തിപ്പിക്കട്ടെ സങ്കൽമായിരുന്നു വേലയിൽ വിളയുന്ന വിദ്യാഭ്യാസം. വേലക്കുവേണ്ടിയുള്ള വിദ്യാഭ്യാസം ഫ്യൂഡൽ സങ്കല്പമാണ്. ഈ സങ്കല്പത്തെയാണ് കമ്പോള യുക്തിയുടെ കാലത്ത് നവമുതലാളിത്തവും സ്വീകരിക്കുന്നത്.

സർട്ടിഫിക്കറ്റുകളൊക്കെ സാ





ക്ഷ്യേടുത്തുന്നത് എന്തു പഠിച്ചു എന്നു മാത്രമല്ല എന്തും പഠിക്കാൻ കഴിവുള്ളവരാണ് എന്നുകൂടിയാണ്. പഠിപ്പുതീർന്നാൽ പള്ളിക്കൂടം വിട്ടുകഴിഞ്ഞെന്നാൽ പറയുക പറയുക പിന്നീടെന്തൊരു പണിക്കു പോകും (എൻ.വി.കൃഷ്ണവാരിയർ) എന്നതായിരുന്നു നമ്മുടെ പഴയ ഒരു ചോദ്യം. പഠിപ്പെല്ലാം കഴിഞ്ഞാൽ ഞാൻ നല്ലൊരു പണിക്കു പോകും. നല്ലൊരു തൊഴിലാളിയാകും, നല്ലൊരു പട്ടാളക്കാരനാകും... എന്നിങ്ങനെ ഒരു നല്ലതലമുറ ഉണ്ടായിവരുന്നതിനാണ് നാം വിദ്യാഭ്യാസം ചെയ്യുന്നത്. 5ാം ക്ലാസ്സിലും 8ാം ക്ലാസ്സിലും 12ാം ക്ലാസ്സിലും തോറ്റവർക്ക് വിദഗ്ധ തൊഴിലാളിയാകാം. അവിടെയൊന്നും നാം മുമ്പുസൂചിപ്പിച്ച നല്ലൊരു എന്ന പ്രയോഗം സാദ്ധ്യമാകുമോ?

സയൻസും ടെക്നോളജിയും മാനേജ്മെൻറും തന്നെയാണ് ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രധാന വിഷയങ്ങൾ. വലിയ കമ്പനികൾക്ക് ആളുകളെ നൽകുന്ന സ്ഥാപനങ്ങളായി സർവ്വകലാശാലകളെ മാറ്റണം. പഴയ നളന്ദയും തക്ഷശിലയും പോലെ തലയെടുപ്പുള്ള വലിയ സ്ഥാപനങ്ങളാണ് ലക്ഷ്യമിടുന്നത്. എന്നാൽ പഴയപോലെ ബൗദ്ധികമായി, ചിന്താപരമായി ഉയർച്ചയിലും വളർച്ചയിലും നിൽക്കുന്ന ഒരു തലമുറയല്ല ഇവിടങ്ങളിൽ വളരേണ്ടത്. കോമ്പിറ്റൻസിക്ക് പ്രാധാന്യം നൽകുന്ന വൈദഗ്ധ്യം നിർമ്മാണശാലകളായി നമ്മുടെ സർവ്വകലാശാലകളെ മാറ്റുകയാണ് പുതിയ ദേശീയ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം. Human Resourse നെ തന്നെയാണ് നോട്ടമിട്ടിരിക്കുന്നത്. Humantiy Resourse നെയല്ല. തൊഴിലിനുവേണ്ടിയുള്ള വിദഗ്ധസേനയെ സ്കൂളിൽ നിർമ്മിച്ചെടുത്തിട്ടുണ്ട്. അപ്പോൾ എന്തുപഠിക്കണം എന്നത് കുട്ടിയുടെ ഇച്ഛയുമായി ബന്ധപ്പെട്ട ഒരു വിഷയമല്ലാതായി മാറുന്നു. എന്തു ഗവേഷണമാണ് പഠിതാവ് നടത്തേണ്ടതെന്ന് കോർപറേറ്റുകൾ തീരുമാനിക്കും. അതുകൊണ്ട് ഇനി മാനവികതയെക്കുറിച്ച് വല്ലാതെ വ്യാകുലപ്പെടേണ്ട. മാനവികത എന്നാൽ അപരത്വത്തെ തിരിച്ചറിയലാണ്. അംഗീകരിക്കലാണ്. ആത്മത്തെക്കുറിച്ചുള്ള അറിവുകൾക്ക് മുകളിലാണ് അപരത്വം നിലയുറപ്പിച്ചിരിക്കുന്നത്. അപരനെ ശത്രുപക്ഷത്ത് നിർത്തിയാൽ നമുക്ക് പിന്നെ മാനവികതയെക്കുറിച്ച് ചിന്തിക്കാതിരിക്കാം. ഫാസിസത്തിന് രണ്ടുതലങ്ങളുണ്ട്. സൗമ്യവും രൗദ്രവും. സൗമ്യതലത്തിൽ നമ്മെ ഒരു ഫാസിസ്റ്റ് മാനവികാവസ്ഥയിൽ എത്തിച്ചാൽ എപ്പോൾ വേണമെങ്കിലും അതിനെ രൗദ്രത്തിലേക്ക് Convert ചെയ്യാം. ഇതിലേക്കുള്ള മാർഗ നിർദ്ദേശങ്ങളാണ് പുതിയ ദേശീയ വിദ്യാഭ്യാസ പദ്ധതി (NEP 2020) നമുക്ക് വാഗ്ദാനം ചെയ്യുന്നത്.

ഒരു സോഷ്യലിസ്റ്റ് സമൂഹനിർമ്മിതിയാണ് നമ്മുടെ ലക്ഷ്യം എന്ന് കോത്താരി കമ്മീഷൻ ലക്ഷ്യമിട്ടിരുന്നു. അവിടേക്ക് എത്തിച്ചേരാൻ നമുക്ക് സാധിച്ചില്ലെങ്കിലും ഒരു നല്ല സങ്കല്പം മുന്നോട്ടുവെക്കാൻ അന്ന് നമുക്ക് സാധിച്ചിരുന്നു. ഇന്ന് കുറേപേർക്ക് മുമ്പിൽ തുറക്കാത്ത ഒരു വാതിലാണ് പുതിയ പദ്ധതി തുറന്നുവെക്കുന്നത്. കുറേ Meriot Xratic കുട്ടികളെ നിർമ്മിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ രൂപപ്പെടുത്തിയതാണിത്. വിദ്യാഭ്യാസത്തിന്റെ വരേണ്യവൽക്കരണം തന്നെയാണ് സംഭവിക്കാൻ പോകുന്നത്.

# ലോക്ക് ഡൗണും ജോലി ക്രമീകരണവും ഓഫീസ് ഹാജരും

**കൊവിഡ് 19 പശ്ചാത്തലത്തിൽ 2020 മാർച്ച് മാസം ലോക് ഡൗൺ പ്രഖ്യാപിച്ച തു മുതൽ ഇതുവരെ സംസ്ഥാന സർക്കാർ ജീവനക്കാർ ഓഫീസിലെത്തുന്നതുമായി ബന്ധപ്പെട്ട് നിരവധി സർക്കാർ ഉത്തരവുകൾ നിലവിൽ വന്നിട്ടുണ്ട്. ചിലർക്കെങ്കിലും ഈ ഉത്തരവുകളെക്കുറിച്ചും ജോലി ക്രമീകരണങ്ങളെക്കുറിച്ചും ഇപ്പോഴും സംശയങ്ങൾ ഉണ്ടാവാമെന്നതിനാൽ അത് വ്യക്തമാകുന്നതിനായി, ഇതുവരെ വന്ന ഉത്തരവുകളി ലേക്ക് ഒന്നെത്തിനോക്കാം..**

**1. GO (MS) 49/2020/GAD, 23.03.2020:**

സെക്രട്ടേറിയറ്റ്, വിവിധ ഡയരക്ടറേറ്റുകൾ, റവന്യൂ ഓഫീസുകൾ, ആരോഗ്യം, പോലീസ്, സിവിൽ സപ്ലൈസ്, ഫയർ തുടങ്ങിയ അവശ്യ സേവനവകുപ്പുക ളൊഴികെയുള്ള സർക്കാർ ഓഫീസുകൾ അടഞ്ഞുകിട ന്നു. 17.04.2020 വരെ ഈ നില തുടർന്നു.

**2. G.O (Ms) No.78/2020/GAD Dated, 17.04.2020 –**

18.04.2020 മുതൽ class 1,2 ജീവനക്കാർ ആഴ്ചയിൽ 5 ദിവസം (ശനിയാഴ്ച അവധി ) എന്ന പ്രകാരവും, class 3, 4 ജീവനക്കാർ 33% എന്ന പ്രകാരവും ഓഫീസിൽ ഹാജരാകണം. ഇത് 22.04.2020 വരെ തുടർന്നു.

**3. നമ്പർ.എസ്.എസ്.1/91/2020/പൊ.ഭ.വ. തിയ്യതി 22.04.2020**

റെഡ് സോൺ ജില്ലകളിലെയും ഹോട്ട് സ്പോട്ട് പ്രദേ ശങ്ങളിലെയും ഓഫീസുകൾ ഏറ്റവും കുറവ് ജീവന ക്കാരും സെക്രട്ടറിയറ്റ്, ഡയരക്ടറേറ്റുകൾ എന്നിവിട ങ്ങളിൽ 33% ജീവനക്കാരും റെഡ് സോൺ / ഹോട്ട് സ്പോട്ട് ഒഴികെയുള്ള മറ്റ് ഓഫീസുകളിൽ എ, ബി കാറ്റഗറിയിൽപ്പെട്ടവർ 50%, ബി, സി കാറ്റഗറിയിൽ പ്പെട്ടവർ 33% പ്രകാരവും ഓഫീസിൽ ഹാജരാകണം ഭിന്നശേഷി ക്കാർ, ഗുരുതര രോഗ ബാധയുള്ളവർ, ഗർ ഭിണികൾ, 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ രക്ഷാ കർത്താക്കളായ ഉദ്യോഗസ്ഥർ എന്നിവരെ പരമാവധി ഒഴിവാക്കണം. (ഇത് 23.04.2020 മുതൽ 18.05.2020 വരെ)

**4. GO(MS) 99/2020/GAD Dated 18.05.2020**

എല്ലാ വിഭാഗവും 50% ഹാജരാകണം. ലോക് ഡൗൺ പ്രഖ്യാപിച്ചതിനു ശേഷം അന്യജില്ലകളിലെ ഓഫീ സിൽ ഹാജരാകാനാവത്തവർക്ക് അതത് ജില്ലാ കല ക്ടർ മുമ്പാകെ ഹാജരാകാം. (19.05.20 മുതൽ)

**5. സ.ഉ (കൈ) 112/2020 Dt.7.6.2020–**

കണ്ടെയ്ൻമെൻറ് സോണിലെ ഓഫീസുകളിൽ ഏറ്റവും കുറച്ച് ജീവനക്കാർ മാത്രം. അല്ലാത്ത സ്ഥല ത്തളിൽ എല്ലാ ജീവനക്കാരും ഹാജരാകണം. ഭിന്ന ശേഷിക്കാർ, ഗുരുതര രോഗ ബാധിതർ, ഓട്ടിസം/ സെറിബ്രൽ പാൾസി തുടങ്ങിയ അസുഖബാധിതരായ കുട്ടികളുള്ള രക്ഷിതാക്കൾ, ഒരു വയസ്സിൽ താഴെ പ്രാ യമുള്ള കുട്ടികളുടെ അമ്മമാർ, 7 മാസം പൂർത്തിയായ ഗർഭിണികൾ, തുടങ്ങിയവരെ ഒഴിവാക്കാം. കൺടെ യ്ൻമെൻറ് സോണിൽ താമസിക്കുന്ന ജീവനക്കാർക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയു ടെ സാക്ഷ്യപത്രത്തോടെ special casual leave. (07.06.2020 മുതൽ)

**6. GO(MS)117/2020 dt 18.06.2020 – 112 ന്റെ തുടർച്ച**

ഗ്രൂപ്പ് എ, ബി ജീവനക്കാർ എല്ലാ ദിവസവും ഹാജരാ കണം. മറ്റുള്ളവരെ സാമൂഹിക അകലം ഉറപ്പുവരുത്തി പരമാവധി പരിമിതപ്പെടുത്തണം. മറ്റ് ജില്ലകളിൽ എത്താനാവാത്തവർക്ക് മാതൃവകുപ്പിന്റെ അനുമതി യോടെ കലക്ടറേറ്റ്/ പഞ്ചായത്ത് എന്നിവിടങ്ങളിൽ ഹാജരാകാം. (19.06.2020 മുതൽ)

**7. GO(MS) 128/2020 dt.02.07.2020 – 01.07.2020 മുതൽ പ്രാബല്യം – 112 നും 117 നും തുടർച്ച**

സാമൂഹ്യ അകലം പാലിച്ച് ജോലി ചെയ്യാനാകാത്ത ഓഫീസുകളിൽ അതാത് ഓഫീസ് മേധാവിക്ക് യുക്ത മെന്നു തോന്നുന്ന പക്ഷം ഗ്രൂപ്പ് സി, ഡി ജീവനക്കാർ ഒന്നിടവിട്ട ദിവസങ്ങളിലോ ഒരാഴ്ച ഇടവിട്ടോ ജോലി ക്ക് ഹാജരായാൽ മതി എന്ന തീരുമാനമെടുക്കാം. ക്വാറന്റൈൻ നിർദ്ദേശിക്കപ്പെട്ട ജീവനക്കാർക്ക്, സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റി ന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവ് special casual leave അനുവദിച്ച് wfh നൽകാം. ഗർഭിണികൾ ഹാജരാകേണ്ട, പകരം work from home അടിസ്ഥാ നത്തിൽ ജോലി ക്രമീകരണം നടത്തണം.. ഇപ്പോഴും ഈ ഉത്തരവ് തുടരുന്നു....

ഹാജർ പുസ്തകത്തിൽ 2020 മാർച്ച് 23 മുതൽ അതാത് കാലയളവിൽ കോവിഡ് നിയന്ത്രണത്തിന്റെ ഭാഗ മായി നിലവിൽ വന്ന ബന്ധപ്പെട്ട ഉത്തരവ് നമ്പർ ചേർത്ത് മാർക്ക് ചെയ്യുന്നതിന് ഇക്കാര്യങ്ങൾ സഹാ യകരമാകും.

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.282

ISSN 2454-4795
Rs.11/- SEPTEMBER - 2020



Bellmount RESORTS

N.H. Road, Central Munnar, Idukki Dist, Kerala - 685 612, Tel: 04865 230417, 230087 Fax: 04865 230087
Mob: +91 94978 87700, +919495 541212, E-mail: bellmountresorts@gmail.com
www.thebellmountmunnar.com

With best compliments

BPC COLLEGE PIRAVAM

Printed and Published by Dr.C.Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
**Editor : Dr. A.S. Sumesh**